UNIVERSITY LIBRARY 8 MAY 1932 MADRAS

# ഗുരുനാഥൻ.

പുസ്തകം 11 } 1107 മകരം { ലക്കം 6

## രാജാ കേശവദാസ്.

### ഒരു സാമാന്യവിമർശം.

(ആർ. ഈശ്വരപിള്ള ബി. എ.)

തിരുവിതാംകൂർ ചരിത്രം ഏറിയകൂറും ഐതിഹ്യരൂപത്തിലാണ് ഇന്നും ഇരിക്കുന്നത്. നമ്മുടെ അടുത്തു പിന്നിൽ കിടക്കുന്ന സ്വല്പഭാഗത്തെ ഒഴിച്ചാൽ അതു മിക്കവാറും ഇരുട്ടടഞ്ഞുമാണു സ്ഥിതിചെയ്യുന്നത്. എന്നാൽ ഇവിടേയും ഇതസ്തതഃ അപൂർവ്വം ചില ജ്യോതിഷ്കണങ്ങളുടെ സാന്നിദ്ധ്യംകൊണ്ടു് സ്വല്പം പ്രകാശം ഇല്ലാതില്ല. അവയെ ആവരണം ചെയ്യുന്ന നിരന്തരമായ തിമിരം നിമിത്തം ഇവയെക്കുറിച്ചും നമുക്കു സൂക്ഷ്മജ്ഞാനം ലഭിക്കാൻ പ്രയാസമായിട്ടാണിരിക്കുന്നതു്. ഈ അജ്ഞാതപ്രദേശങ്ങളെ ഗവേഷണാദി പരിശ്രമംകൊണ്ടും മററും പ്രദീപ്തങ്ങളാക്കുന്ന ഭാരം തിരുവിതാംകൂറിന്റെ ഒരു സമഗ്രചരിത്രം എഴുതുവാൻ തുനിയുന്ന ആളിൽ നിക്ഷിപ്തമായിട്ടാണിരിക്കുന്നതു്. അതു് ആരെന്നിനിയും നിശ്ചയിക്കാറായിട്ടില്ല. എന്നാൽ അവിടവിടെ ഇപ്പോഴും മങ്ങിയെങ്കിലും കാണപ്പെടുന്ന ആസന്നനിർവ്വാണങ്ങളായ ജ്യോതിസ്സുകളെ തിരഞ്ഞുപിടിച്ചു തീരെ കെടാതെ സൂക്ഷിക്കുന്ന ചുമതല ദേശാഭിമാനികളായ നമുക്കെല്ലാവർക്കും ഉള്ളതാണ്. ഇങ്ങിനെയുള്ള ജ്യോതിസ്സുകളിൽ ഒന്നാണ് രാജാ കേശവദാസൻ. ഇദ്ദേഹത്തിന്റെ ജീവിതത്തിന്റെ ഭൂരിഭാഗവും ഇന്നും അന്ധകാരത്തിൽ മറഞ്ഞുകിടക്കുകയാണ്. ഇദ്ദേഹത്തിന്റെ ഒരു ജീവചരിത്രം എഴുതുവാൻ പല ശ്രമങ്ങളും ഉണ്ടായെങ്കിലും അവയൊക്കെയും വിശ്വാസനീയങ്ങളായ തെളിവുകളുടെ അഭാവം നിമിത്തം ഏറക്കുറെ വിഫലങ്ങളായി പരിണമിക്കയാണുണ്ടായതു്. ഈ ലേഖകനും ശ്രമം ചെയ്യാതിരുന്നില്ല. ഫലം മുൻപറഞ്ഞ വിധം തന്നെ. എന്നാൽ വീണ്ടും ഈ വിഷയത്തെ അവലംബിച്ചതെന്തിനാണെന്നു പക്ഷെ ഒരു ചോദ്യമുണ്ടാവാം. ലോകത്തിൽ ഭര

തികവസ്തുക്കൾക്കുള്ളതുപോലെ മാനസികമായ വീര്യം മഹത്വം മുതലായ ഗുണങ്ങൾക്കും മനുഷ്യരുടെ മേൽ അസാമാന്യ ആകർഷണശക്തിയുണ്ടെന്നുള്ളതിനു സംശയമില്ല. വിദൂരമായ ഭൂതകാലത്തിലാണെങ്കിലും തേജോമയനായി പ്രശോഭിക്കുന്ന ഇദ്ദേഹം നമ്മെ വല്ലവരേയും ആകർഷിക്കുന്നുണ്ടെങ്കിൽ അതിൽ അതിശയിപ്പാനൊന്നുമില്ല. യഥാർത്ഥമഹത്വത്തിന് അതിനുള്ള വശീകരണശക്തിയുണ്ട്. എന്നാൽ ജീവചരിത്രം എഴുതുവാൻ തുനിഞ്ഞ തൂലികയല്ല ഇന്ന് സ്ഥൂലരേഖ വരയ്ക്കുവാൻ ഭാവിയ്ക്കുന്നതെന്ന് ഓർമ്മപ്പെടുത്തിക്കൊള്ളുന്നു.

“മഹാന്മാർ തങ്ങളെ ശരിയായി വ്യാഖ്യാനിക്കട്ടെ എന്നുള്ള പ്രയാസമേറിയ ജോലിയാണു ലോകർക്കു വിധിക്കുന്നതു്” എന്ന് ഒരു മഹാൻതന്നെ പറഞ്ഞിരിക്കുന്നു. ഇതിൽനിന്നും നാം അനുമാനിക്കേണ്ടതു് ഒരു മഹാശയനെ ലോകർക്ക് ഒരിക്കലും പൂർണ്ണമായി മനസ്സിലാക്കാൻ കഴികയില്ലെന്നുള്ള വസ്തുതയാണ്. നാം “മഹാൻ” എന്നും “മഹാനുഭാവൻ” എന്നും ചിലരെ സംബോധനം ചെയ്തുവരുന്നുണ്ടെങ്കിലും അങ്ങിനെ ചെയ്യുന്നതു് അവരുടെ മഹത്വത്തിന്റെ ഏകദേശജ്ഞാനംപോലും ഇല്ലാതെയാണെന്നുവേണം പറവാൻ. അവരുടെ ആശയങ്ങളുടെ വിശാലതയേയൊ ആദർശങ്ങളുടെ ഔൽകൃഷ്ട്യത്തെയൊ ഉദ്ദേശങ്ങളുടെ ശുദ്ധിയേയൊ ബുദ്ധിയുടെ ആഴത്തെയൊ നാം ഗ്രഹിക്കയൊ ഗ്രഹിക്കാൻ ശ്രമിക്കയൊ ചെയ്യുന്നില്ല. അങ്ങിനെ ഗ്രഹിക്കയെന്നുള്ളതുതന്നെ ഏറക്കുറെ ദുസ്സാദ്ധ്യമായ കാര്യവുമാണ്. നാം അവരുടെ പ്രവൃത്തികളിൽനിന്നൊ വാക്കുകളിൽനിന്നൊ വല്ലതും ചിലതു് ഗ്രഹിച്ചുവെന്നു വരാം. എന്നാൽ അതു് എത്രയോ തുച്ഛമായിട്ടുള്ള ഒരു ഭാഗം മാത്രമെ ആയിരിക്കുന്നുള്ളു. ഇങ്ങിനെയുള്ള സ്വല്പജ്ഞാനത്തെ ആസ്പദമാക്കി മഹാന്മാരുടെ വില നിർണ്ണയിക്കുന്നതു് അധികവും ശരിയായിരിക്കാനല്ല, തെറ്റായിരിക്കാനാണിടയുള്ളതു്. അതുകൊണ്ടു തന്നെയാണു മഹാന്മാരെ വ്യാഖ്യാനിക്കുന്നതു് ഒരു കൃച്ഛ്റപ്രയത്നമാണെന്നു മുൻപു പ്രസ്താവിച്ചതു്. നമ്മുടെ സമകാലീനന്മാരെ സംബന്ധിച്ചു വാസ്തവം ഇങ്ങനെയിരിക്കെ നമുക്ക് എത്രയോ മുൻപു ജീവിച്ചിരുന്നവരുടെ കാര്യം പറയണമെന്നില്ലല്ലോ. രാജാ കേശവദാസൻ പരേതനായിട്ടുതന്നെ ഇപ്പോൾ 137 കൊല്ലത്തോളം കഴിഞ്ഞിരിയ്ക്കുന്നു. അദ്ദേഹത്തിന്റെ സമകാലീനന്മാരായി ആരുംതന്നെ ഉണ്ടായിരിക്കാൻ തരമില്ല. അക്കാലത്തു് അദ്ദേഹത്തിന്റെ ജീവിതത്തിലെ പ്രധാനസംഭവങ്ങളെ രേഖപ്പെടുത്തണമെന്നും ആരും വിചാരിച്ചിരുന്നില്ല. അന്ന് അങ്ങിനെ ചെയ്യുന്ന പതിവുമില്ലായിരുന്നു. രാജ്യത്തെയും ജനങ്ങളെയും സദാ അസ്വാസ്ഥ്യം ബാധിച്ചിരുന്നതിനാൽ ഇതിനു സമയമൊ സൗകര്യമൊ ഇല്ലാ

തെയുമിരുന്നു. സ്മാരകരൂപമായി വല്ലതും ഉണ്ടായിരുന്നാൽ അതിനെ നിശ്ശേഷം നശിപ്പിക്കയായിരുന്നു അക്കാലത്തു് വൈരിപക്ഷക്കാരുടെ പ്രധാനകൃത്യം. കേശവദാസൻ ഭാഗ്യവശാൽ ദിവാൻപദംകൂടി പ്രാപിച്ച ആളായിരുന്നതിനാൽ അനുഗാമികൾ അദ്ദേഹത്തിൻെറ ഗൃഹങ്ങളെ ഇടിച്ചു നിരത്തുകയും വസ്തുക്കൾ കണ്ടുകെട്ടുകയും രേഖകൾ ചുട്ടു നശിപ്പിക്കയും ശേഷക്കാരെ ഹിംസിക്കയും കൂടി ചെയ്യുകയുണ്ടായി. അദ്ദേഹത്തെ അനുസ്മരിപ്പിക്കുന്നതായ യാതൊരു ചിഹ്നവും അവശേഷിക്കരുതെന്നായിരിക്കാം അനുഗാമികളുടെ ഉദ്ദേശം. ദിവാൻപദത്തിൽ കണ്ണുവച്ചിരുന്നവർ അന്നും ഒട്ടും കുറവല്ലായിരുന്നു. കക്ഷികളും പ്രതികക്ഷികളും അധികാരലബ്ധിക്കായി ഒളിവായും വെളിവായും പലതും പ്രവൎത്തിച്ചുവന്നു. ഇവരുടെ കുസൃതികളുടെ ഫലം തിരുവിതാംകൂർചരിത്രത്തിൻെറ പല ഏടുകളും മലീമസമാക്കുക മാത്രമായിരുന്നു. എന്നിരുന്നിട്ടും കേശവദാസൻ ഇന്നും വിസ്മൃതനായിട്ടില്ല. അദ്ദേഹത്തിനോടു സംരംഭയോഗം കൊണ്ടു ബന്ധിച്ചിരുന്നതിനാൽ അദ്ദേഹത്തിൻെറ വൈരികളിൽ ചിലരും വിസ്മൃതരായിട്ടില്ലെന്നു വേണം പറവാൻ. എന്നാൽ ഇവർ രണ്ടുപേരും രണ്ടുവിധത്തിലാണു സ്മരിക്കപ്പെടുന്നതെന്നു് ഒരു വ്യത്യാസം ഉണ്ടു്. രാജാ കേശവദാസൻ നവീനതിരുവിതാംകൂറിൻെറദേഹളിയിൽ സ്ഥിതിചെയ്യുന്നു. മാൎത്താണ്ഡവൎമ്മമഹാരാജാവിനു മുൻപു് തിരുവിതാംകൂർരാജ്യം വളരെ പരിമിതമായ സീമയ്ക്കുള്ളിൽ അടങ്ങിയിരുന്നു. അദ്ദേഹം ചിലപ്പോൾ നയവും ചിലപ്പോൾ ബലവും പ്രയോഗിച്ചു ചുററുമുണ്ടായിരുന്ന അനേകം സാമന്തരാജ്യങ്ങളെ കീഴടക്കി രാജ്യം സാമാന്യം വിസ്തൃതമാക്കി. ഇടക്കിടയ്ക്കുണ്ടായ അഭ്യന്തരകലഹങ്ങളെയും സ്വഭുജോഷ്മാവുകൊണ്ടു് നിശ്ശേഷം നശിപ്പിച്ചു. എന്നാൽ രാജ്യത്തെ സുസംഘടിതമാക്കുന്നതിനും വ്യവസ്ഥാപിതഭരണം ഏൎപ്പെടുത്തുന്നതിനും മററും അദ്ദേഹത്തിനു സാധിച്ചില്ല. രാജ്യത്തിനു സുസ്ഥിരങ്ങളായ ആദായമാൎഗ്ഗങ്ങൾ വളരെ കുറവായിരുന്നു. അന്നത്തെ മൈസൂർരാജാക്കന്മാരുടെ ബുഭുക്ഷയ്ക്കും ജിഗീഷയ്ക്കും തിരുവിതാംകൂർ ലാക്കായുമിരുന്നു. ഇംഗ്ലീഷുകാർ, പോർട്ടുഗീസുകാർ, ലന്തക്കാർ മുതലായ വിദേശീയർ രാജ്യത്തിൽ പലയിടത്തും വാണിജ്യകേന്ദ്രങ്ങൾ സ്ഥാപിക്കുകയും സഖ്യത സമ്പാദിക്കയും ചെയ്യുന്ന വിഷയത്തിൽ ബദ്ധശ്രദ്ധന്മാരായി തിരുവിതാംകൂറിലും പ്രവേശിച്ചിരുന്നു. ഇതെല്ലാംകൊണ്ടും അനുഗാമിയായ കാൎത്തികതിരുനാൾ മഹാരാജാവു തിരുമനസ്സിലേയ്ക്കു് ഗൌരവമേറിയതും ശ്രമസാദ്ധ്യവുമായിരുന്ന ഒരു ചുമതലയുണ്ടായിരുന്നു. ഇതിലേയ്ക്കു സമൎത്ഥനായ ഒരു ധീസചിവനും അത്യാവശ്യമായിരുന്നു. അന്നു ദിവാനായി വിദേശിയനെ വരുത്തുക എന്നുള്ള നയമൊ അപനയമൊ നടപ്പില്ലാതെയുമിരുന്നു. കാലവും കാലത്തിനു യോജിച്ച കൎത്താവും ഉണ്ടായാൽ മാത്രമെ കാൎയ്യങ്ങൾ വിജയകരമാ

യി പരിണമിക്കയുള്ളു എന്നുള്ളതു് ഒരു ശാശ്വതമായ ലോകനിയമമാണു്. ലോകകാൎയ്യങ്ങളിലും രാജ്യകാൎയ്യങ്ങളിലും മററും കുഴപ്പങ്ങളും അപജയങ്ങളും നേരിടുന്നതു് ഇവരണ്ടും ഒത്തുവരാത്തതുകൊണ്ടു തന്നെയാണെന്നു് പല രാജ്യങ്ങളും സാക്ഷ്യം വഹിക്കുന്നുണ്ടു്.

ദക്ഷിണതിരുവിതാംകൂർ പുരാതനകാലം മുതല്ക്കേ അനേകം യോഗ്യന്മാരെ പ്രസവിച്ച വീരമാതാവായിരുന്നു. ദളവമാരായ ചെമ്പകരാമൻ അയ്യപ്പൻ, ചെമ്പകരാമൻ പത്മനാഭൻ, അയ്യപ്പൻ മാൎത്താണ്ഡപ്പിള്ള, വേലുത്തമ്പിദളവ, ഉമ്മിണിത്തമ്പിദിവാൻ, നാണുപിള്ള ദിവാൻ മുതലായവർ ദക്ഷിണതിരുവിതാംകൂറിന്റെ വീരസന്താനങ്ങളായിരുന്നു. അവിടത്തെ ഭൂമിയിലും, വായുവിലും, ജലത്തിലും പ്രകൃതിയുടെ അനുഗ്രഹത്താൽ വീൎയ്യാംശം കൂടിയിരിക്കാമെന്നുവേണം വിചാരിക്കാൻ. 904-ാമാണ്ടിനുമുമ്പു് രാജധാനിയും ദക്ഷിണതിരുവിതാംകൂറിൽ പത്മനാഭപുരത്തായിരുന്നു. അന്നത്തെ തിരുവിതാംകൂറിന്റെ സീമയും ഇന്നത്തെപോലെ സുവിസ്തൃതമായിരുന്നില്ല. രാഷ്ട്രീയകാൎയ്യപ്രസക്തിയും അന്നു് വല്ലതുമുണ്ടായിരുന്നുവെങ്കിൽ അതും അവിടെ മാത്രമെ ഉണ്ടായിരിക്കാൻ തരമുള്ളു. രാജ്യത്തിന്റെ ഉത്തരഭാഗങ്ങൾ കീഴടക്കപ്പെട്ടിട്ടധികകാലം കഴിഞ്ഞിട്ടില്ലാതിരുന്നതിനാൽ അവിടെനിന്നും മന്ത്രിമാരെ തിരഞ്ഞെടുക്കുന്നതിനു രാജാക്കന്മാൎക്കു് അല്പം സംശയവും ഉണ്ടായിരുന്നിരിക്കാം. ഈ സചിവസംഘത്തിൽവച്ചു് ഏററവും ബുദ്ധിമാനും മന്ത്രവിശാരദനും രാജഭക്തനും ആയിരുന്നു രാജാ കേശവദാസൻ. ദക്ഷിണതിരുവിതാംകൂറിന്റെ പൌരുഷാംശം ഇത്രയധികമായും സഫലമായും ഇതരന്മാരിൽ പ്രശോഭിച്ചിരുന്നില്ല.

വിളവംകോട്ടുതാലൂക്കിൽ കുന്നത്തൂർ പകുതിയിൽ മേൽമംഗലം എന്നു് അപ്രസിദ്ധമായ ഒരു ഗ്രാമം ഉണ്ടു്. അവിടെ ക്രാവിള്ളാകം എന്ന ഒരു ചെറിയ വീട്ടിലാണു് കേശവദാസൻ ഉദ്ദേശം 919-ാമാണ്ടിൽ ജനിച്ചതു്. പ്രകൃതിദേവി തന്റെ അതീതബുദ്ധികളായ അപൂൎവ്വസന്താനങ്ങളെ അപ്രസിദ്ധിയിലും ഒളിവിലുമാണു് സാധാരണ ജനിപ്പിക്കയും വളൎത്തുകയും ചെയ്യാറുള്ളതു്. കേശവദാസന്റെ മാതാവു് കാളിയമ്മപിള്ളയെന്നു പേരായ സൌഭാഗ്യവതിയായിരുന്നു. പിതാവു് പട്ടാളത്തിൽ ഉദ്യോഗം വഹിച്ചിരുന്നതും "വലിയയജമാനൻ" എന്നു വിളിച്ചുവന്നിരുന്നതുമായ ഒരു യോഗ്യപുരുഷനായിരുന്നു. ഇവർ ഇരുവരും തങ്ങളുടെ പ്രിയസന്താനത്തെ വാത്സല്യപൂൎവ്വം വളൎത്തിവന്നു. കേശവൻ ഭാവികാലത്തിൽ സുപ്രസിദ്ധനായിത്തീരുമെന്നു് അവൎക്കു യാതൊരൂഹംപോലും ഇല്ലായിരു

ന്നു. എങ്കിലും ഈ ശിശുവിൽനിന്നും അവർക്കു ശ്രേയസ്സുണ്ടാകാൻ ഇടയുണ്ടെന്നു് ഒരു അനാസ്പദമായ ആശ അവർക്കില്ലാതെയും ഇരുന്നില്ല. "കിശോരൻ പുരുഷനെ ദ്യോതിപ്പിക്കുന്നു" എന്നുള്ള പഴമൊഴി കേവലം നിരർത്ഥകമായിരിക്കാൻ തരമില്ല. മാതാപിതാക്കന്മാർക്കു പ്രഥമസന്താനമായ കേശവനിൽ വല്ല ആശയും ഉണ്ടായിരുന്നുവെങ്കിൽ അതു് അസ്ഥാനത്തിലാണെന്നു പറവാൻ തരമില്ല. ഏതെങ്കിലും കേശവനെ അന്നത്തെ നടപ്പനുസരിച്ചു് ഒരു ആശാന്റെ കീഴിൽ വിദ്യ അഭ്യസിപ്പിച്ചു. ഇന്നത്തെപോലുള്ള സർവ്വകലാശാലാവിദ്യാഭ്യാസവും മററും അന്നില്ലായിരുന്നതിനാൽ കേശവനു ലഭിച്ച വിദ്യാഭ്യാസം വളരെ അപൂർണ്ണമായിത്തന്നെയിരുന്നു. എന്നാൽ അസാധാരണബുദ്ധികൊണ്ടു പ്രകൃതിയാൽ അനുഗ്രഹിക്കപ്പെട്ടവർക്കു് ഇത്രയൊക്കെയും മതിയായിരുന്നു. പത്തു വയസ്സായതോടുകൂടി കേശവൻ ആശാനോടും കളരിയോടും യാത്രപറഞ്ഞു പിരിഞ്ഞു. ബുദ്ധിക്കു പുറത്തുനിന്നും സമ്മർദ്ദം എത്രമാത്രം കുറഞ്ഞിരിക്കുന്നുവോ അത്രയും എളുപ്പത്തിൽ അതിനു വികാസം സിദ്ധിക്കുന്നതാണല്ലൊ. പ്രകൃതിയുടെ ഉത്സംഗത്തിൽ എന്നപോലെ നാലഞ്ചുകൊല്ലം ആശാന്റെ കീഴിൽ കഴിച്ചുകൂട്ടി. അതിനുശേഷം ഏകദേശം 12 വയസ്സോടുകൂടി സുവിസ്തൃതമായ ലോകരംഗത്തിൽ പ്രവേശിക്കുന്നതിനു് ദാരിദ്ര്യം നിമിത്തം നിർബന്ധിതനായിത്തീർന്നു. ഇതുനിമിത്തം കേശവനിൽ സ്വാശ്രയശീലം ബാല്യത്തിൽതന്നെ അങ്കുരിക്കയും വികാസിക്കയും ചെയ്യുന്നതിനിടയായി. "ദുർഘടവിദ്യാലയമാണു് ഉത്തമവിദ്യാലയം" എന്നുള്ള ലോകോക്തി എത്രയോ വാസ്തവമായിട്ടുള്ളതാണു്. കേശവനു പിന്നീട്ടുണ്ടായിട്ടുള്ള സകലശ്രേയസ്സിനും ഇതായിരുന്നു പ്രധാനകാരണം. അദ്ധ്യാപകന്മാരുടെ അധീനത്തിൽ പത്തും പന്ത്രണ്ടും കൊല്ലം തന്റെ വ്യക്തിത്വത്തെയും പുരുഷത്വത്തെയും നശിപ്പിക്കുന്ന ഇന്നത്തെ ഏർപ്പാടു് എത്രമാത്രം ആശാസ്യമാണെന്നു് സംശയിക്കേണ്ടിയിരിക്കുന്നു. കേശവന്റെ ഭാഗ്യംകൊണ്ടു് ഇതിനിടയായില്ല. മനുഷ്യർ പലരും അവസരം വരട്ടെ എന്നുപറഞ്ഞു് ജീവിതകാലത്തെ വൃഥാ വ്യയംചെയ്യുക പതിവാണു്. എന്നാൽ ലോകത്തിൽ അനവസരങ്ങളേക്കാൾ അവസരങ്ങളാണധികമുള്ളതു്. അവയെ കൈക്കലാക്കി ഉപയോഗപ്പെടുത്താത്ത കുറവേയുള്ളു. ഏതായാലും കളരിവിട്ടതിനു ശേഷം കേശവൻ പുതുക്കട ഒരു ചെട്ടിയാരുടെ കണക്കെഴുത്തുവേല സ്വീകരിച്ചു. ആദായം സ്വല്പമായിരുന്നെങ്കിലും കേശവപിള്ള തന്റെ ജോലി കൃത്യബോധത്തോടുകൂടി ചെയ്തുവന്നു. ഇതുനിമിത്തം ചെട്ടിയാർക്കു് കേശവപിള്ളയോടു വളരെ തൃപ്തിയുണ്ടായിരുന്നു. ഇങ്ങനെ കുറച്ചുകാലം കഴിഞ്ഞു. ഈ ചെട്ടിയാരുതന്നെ പൊക്കമൂസ്സാപ്പിള്ളയെന്നു പേരുള്ള ഒരു ധനികനായ കച്ചവടക്കാരന്റെ കാര്യസ്ഥനായിരുന്നു. ഈ

മുതലാളിക്ക് കേശവപിള്ളയുടെ ഗൃഹത്തിനടുത്ത് ഏതാനും വസ്തുക്കളും കടകളുമുണ്ടായിരുന്നു. ചെട്ടിയാരുടെ ശുപാർശപ്രകാരം മുതലാളി കേശവപിള്ളയെ തന്റെ കണക്കെഴുത്തുകാരനായി നിയമിച്ചു. ഇങ്ങിനെ കേശവപിള്ളയ്ക്കു ഒരു കയററം കിട്ടി. കേശവപിള്ളയുടെ കൃത്യനിഷ്ഠയും സത്യസന്ധതയും ഇവിടെയാണ് ആദ്യമായി പ്രകാശിച്ചതു്.

## അദ്ധ്യക്ഷപ്രസംഗം.

(തുടർച്ച)

(എം. രാജരാജവർമ്മതമ്പുരാൻ എം. എ., ബി. എൽ.)

ഒരു കാലത്തു കഥകളിയെ നാട്ടുകടത്തിയ നാടകത്തിനോടിന്നു പകവീളാനെന്നു തോന്നുംവണ്ണം ആട്ടത്തിനൊരു പകിട്ടു പുത്തനായി പുറപ്പെട്ടിട്ടുണ്ട്. അതിന്റെ സൂക്ഷ്മമെന്തെന്നു ചിന്തിക്കാനുള്ളതാണ്. സ്വദേശിസംരംഭത്തിന്റെ ബഹിർമ്മുഖമായ ഗോഷ്ഠിയിലുൾപ്പെട്ട കൂത്താടുന്നതോ, അതല്ല, രൂഢമൂലമായിരുന്ന നാട്യകലാതരുവിന്റെ വേരു പിന്നെയും പൊട്ടിക്കിളുത്തുവരുന്നതോ എന്നു തിട്ടമായി പറയാറില്ല. ആംഗലപരിഷ്കൃതിയുടെ ജൈത്രയാത്രയിൽ ഉപരോധം നിമിത്തം പട്ടിണിയായി എല്ലുംതോലുമായി ശുഷ്കലാവണ്യയായി ഉപജീവിച്ചുവരുന്ന കേരളീയ നാട്യകലയോടു ശത്രുക്കൾക്കുതന്നെ അനുകമ്പയുണ്ടായി ആഹാരദാനം ചെയ്തുതുടങ്ങിയതുതന്നെയായിരിക്കുമോ, ആ മോഹിനിയുടെ പണ്ടത്തെ സേവകന്മാരെ പിന്നെയും അടുപ്പിച്ചിരിക്കുന്നതു്? ഏതായാലും ആ പഴയ വിദ്യയെ സംരക്ഷിക്ക മാത്രമല്ല, പുലർത്തേണ്ടുന്ന ചുമതല കേരളീയവിദ്വാന്മാർക്കുണ്ടെന്നു ഉൽബോധിപ്പിക്കുന്നതാണ് എന്റെ ഉദ്ദേശ്യം. പുത്തനായി ചില കഥകളികൾ നടന്നുവരുന്നുണ്ടെന്നുള്ള സംഗതി ഞാൻ വിസ്മരിക്കുന്നില്ല. ഒരു കാര്യം അതിലാക്കണമെന്നാണെന്റെ അഭിലാഷം. കഥകളിയിലുള്ള വേഷത്തിലും അരങ്ങിലും മേളത്തിലും നാട്യത്തിലും ഉണ്ടാക്കുന്ന പരിഷ്കാരങ്ങൾ അതിന്റെ അനിതരസാധാരണമായ കലാംശത്തെ മാഞ്ഞുപോകത്തക്കവണ്ണമായിരിക്കരുതെന്നു കരുതണം. ഓരോന്നിനും വ്യക്തിപരമായ ചില തനിഗ്ഗുണമുണ്ട്. അതു പോയാൽ ആ വിദ്യയുടെ

ജീവൻ പോയി. അതിനെ സംരക്ഷിക്കുന്നതാണ് പ്രധാനം. കഥകളിയിൽ പാട്ടിനും മേളത്തിനും തമ്മിൽ ശ്രുതിലയമില്ലാതെ വരുന്ന ന്യൂനത പരിഹരിക്കാൻ, ഒരിക്കൽ ഹാർമ്മോണിയത്തിന്റെ ശ്രുതിക്കൊപ്പിച്ചു നോക്കിയതിൽ ആനന്ദം കൂടുതൽ തോന്നി. ഇമ്മാതിരി പുതുപദ്ധതികൾ നിങ്ങൾക്ക് എന്നേക്കാൾ തോന്നാതിരിക്കയില്ല.

കുന്നോളമന്തം കുറച്ചുനാളായി നാടകത്തിനു പററീട്ടുണ്ട്. തമിഴ് ഡ്രാമാക്കാർ ചുങ്കംകൊടുക്കാതെ ഏററുമതി ചെയ്ത സീനുകളും പാട്ടുകളും പകർത്തി മലയാളത്തിൽ നടത്തിവരുന്ന സംഗീതനാടകങ്ങൾ. സത്യത്തിൽ സാഹിത്യത്തേയോ സംഗീതത്തേയോ പുലർത്തുന്നില്ല. ശരിയായി അഭ്യസിച്ച് സദസ്സിലിരുന്നു പാടാനുള്ള ശ്രമത്തെ കരുതി തുക്കിടിച്ചിന്തുകൾ പാടി ചില ഹാസ്യാംഗികങ്ങളും വേഷങ്ങളും കാട്ടി 'ബലേ' പറയിപ്പിച്ചു കൈകൊട്ടിക്കാനുള്ള സമ്പ്രദായമാണത്. അതുപോലെ സംസ്കൃതനാടകങ്ങളെ അനുകരിച്ച് ശാകുന്തളം മുതലായ മിക്ക തർജ്ജമകളും സ്വതന്ത്രകൃതികളും ആടിക്കാണുന്നതിനേക്കാൾ വായിച്ചു രസിക്കുന്നതാണു കൊള്ളാവുന്നത്. ലോകത്തിൽ നടക്കുന്ന സംഭാഷണങ്ങൾ ശ്ലോകത്തിലോ വിരുത്തത്തിലോ അല്ല. അഭിപ്രായങ്ങൾക്കുള്ള ഗഹനതയും പ്രൗഢിയും എത്രതന്നെയാകട്ടെ; പുറത്തു പുറപ്പെടുന്നതു വൃത്തത്തിലാകുന്നതു സാധാരണമാണ്. രംഗത്തിൽ ശ്ലോകങ്ങൾ രാഗത്തിൽ ചൊല്ലിക്കഴിയുമ്പോൾ തോന്നുന്ന രസാഭാസം ചില്ലറയല്ല. അതുകൊണ്ട് ആ വക നാടകങ്ങൾ കാവ്യങ്ങളുടെ വകഭേദമായി മാത്രം ഗണിക്കാവുന്നതാണ്. ദൃശ്യകാവ്യങ്ങളെന്നു അവയ്ക്കു പേർ കല്പിച്ചിരിയ്ക്കുന്നതിനേക്കാൾ ശ്രാവ്യകാവ്യങ്ങൾ അല്ലെങ്കിൽ പാഠ്യകാവ്യങ്ങൾ എന്നു പറയുന്നതാകും കുറേക്കൂടി ഉത്തമം.

ഈ ദുർഘടങ്ങളെ കടന്നു ലോകസംഭവങ്ങളെ വാസ്തവമായി നടന്നപോലെ ചിത്രീകരിക്കാൻ ശ്രീചിത്തിരതിരുനാൾ വായനശാലയോടു ചേർന്ന നാടകസംഘക്കാർ ഒരു പ്രസ്ഥാനം തുടങ്ങീട്ടുണ്ട്. അവർ കഥ ശ്ലോകത്തിൽ കഴിക്കാറില്ല; കഥകളിയെപ്പോലെ കൈക്രിയകളിലും നൃത്തത്തിലും അടക്കാറില്ല; പാട്ടുകൊണ്ടു കാര്യത്തെ മറയ്ക്കാറില്ല. പിന്നയോ? സംഭാഷണങ്ങളെക്കൊണ്ടും സന്ദർഭങ്ങളെക്കൊണ്ടും രസസ്ഫൂർത്തി വരുത്തുകയാണു ചെയ്യുന്നത്. വേഷപ്പകർച്ചയും സ്വരങ്ങളുടെ ർച്ചയും നോക്കാറുണ്ട്. സംഭാഷണങ്ങൾക്കു ചൊടിയും ഫലിതവും ഉണ്ട്. അതുനിമിത്തം കാണികൾക്കു കഥ മുമ്പിൽനടക്കുന്നതുപോലെ തോന്നുന്നു. ടാക്കിസിനിമയ്ക്കും അതിനും തമ്മിൽ വളരെ അന്തരമുണ്ട്. ഒന്നു നിർജ്ജീവവും മററതു സജീവവുമാണെന്നാണു വ്യത്യാസം. ഈ നാടകത്തിൽ കാവ്യതയുമുണ്ടോ എ

ന്നൊരു ചോദ്യത്തിനവകാശമുണ്ട്. രസാനുഗുണം പ്രൗഢവാക്കുകളെക്കൊണ്ട് സഹൃദയഹൃദയാഹ്ലാദം വരുത്തുന്നതു കാവ്യമാകുമെങ്കിൽ അതു പദ്യമായാലും ഗദ്യമായാലും കവിത തന്നെയാണെന്നു നാം സമ്മതിക്കണം. ഷേക്സ്പീയരുടെ പ്രസിദ്ധനാടകങ്ങളെ ശ്രീമാൻ അറവുകാൽ ഗോവിന്ദപ്പിള്ള ഗദ്യപദ്യരീതിയിൽ തർജ്ജമചെയ്തിട്ടുള്ള പദ്ധതി മലയാളത്തിൽ പരക്കെ സ്വീകാര്യമായി വന്നിട്ടില്ല. അതിനാൽ ഗദ്യത്തിൽതന്നെ വിവർത്തനം ചെയ്ത ഒരു നാടകം എന്റെ ഒരു സ്നേഹിതൻ അയച്ചുതന്നിട്ടുണ്ട്. ഒരു ഭാഷയിലുള്ളതു മറ്റൊന്നിലേയ്ക്കു പകരുമ്പോൾ, പകർച്ചക്കറിപോലെ തണുത്തു രുചി കുറയാതിരിക്കണമെങ്കിൽ, വാസനയാകുന്ന അടുപ്പിൽവച്ചു തിളപ്പിച്ച് ഒന്നുകൂടി കടുകുവറക്കണം.

പ്രഭുത്വം പ്രമാണമാകുന്ന കാലത്തെ സാഹിത്യമൊന്നു വേറെ; സാമാന്യജനപ്രാധാന്യമുള്ളപ്പോഴൊന്നു വേറെ. ഒന്നിൽ ജീവനത്തിന്നു പ്രയത്നമില്ലാത്തതിനാൽ സിദ്ധിക്കുന്ന വിശ്രമം നിമിത്തം, കലാഭ്യസനത്തിനും സാഹിത്യപോഷണത്തിനും ധാരാളമവസരമുണ്ടാകുന്നു; അതുഹേതുവായിട്ട് കലാവിദ്യകൾ പാരമ്പര്യക്രമത്തിനു അഭ്യസ്തങ്ങളാകയും അവയ്ക്കു ശ്രദ്ധയും പാകവും ഏറിവരികയും ചെയ്യുന്നു. ശാണഘർഷണംകൊണ്ടു രത്നങ്ങൾക്ക് ഒളിയുണ്ടാകുന്നപോലെ, തലമുറകളായി സംക്രമിക്കുന്ന വാസനയാലുരഞ്ഞു സാഹിത്യം നിഷ്കൃഷ്ടമാകുന്നു. അങ്ങനെയല്ല ജനപ്രാമാണ്യമുണ്ടാകുമ്പോൾ വാക്കുകളുടെ ഔചിത്യത്തിലും വാചകങ്ങളുടെ ശൈലിയിലും ആശയങ്ങളുടെ ഗഹനതയിലും നിർബന്ധം കുറയുന്നു; പുരാണേതിഹാസങ്ങളിലുള്ള വ്യുല്പത്തിയും പ്രതിപത്തിയും അല്പമാകുന്നു; അപ്പപ്പോൾ നടക്കുന്ന സംഗതികളെ പരാമർശിക്കുന്ന കാവ്യങ്ങൾക്ക് മേന്മയുണ്ടാകുന്നു; മഹാകാവ്യങ്ങൾ ചുരുങ്ങുന്നു; ഖണ്ഡകൃതികൾ അധികമുണ്ടാകുന്നു; ഒരിക്കൽ വായിച്ചാൽ രസിക്കുന്ന കവിതകൾക്ക് പ്രചാരമേറുന്നു; നാടകാന്തം കവിത്വമെന്നുള്ള പൂർവ്വന്മാരുടെ നിയമം നേരെ മറിഞ്ഞുവീഴുന്നു. കഥകളിയും സംസ്കൃതരീതിക്കുള്ള നാടകങ്ങളും ലുപ്തപ്രചാരങ്ങളാകാനുള്ള നിദാനമിതുതന്നെയല്ലെ? മുദ്രകളെക്കൊണ്ടും നടനംകൊണ്ടും അരങ്ങിലിരിക്കുന്ന സാമാന്യജനങ്ങളെ രസിപ്പിക്കാൻ സാധ്യമല്ല. അഭിജ്ഞന്മാർക്കു മാത്രമെ അതു രസിക്കൂ. മറ്റുള്ളവർ ഊമയാട്ടമെന്നു പരിഹസിക്കാനാണെളുപ്പം. തൽപരിഹാരമായി ചില വിക്ഷേപങ്ങൾകൂടി ഉണ്ടായിരുന്നെങ്കിൽ മാത്രമേ കഥകളിക്കു പ്രചുരപ്രചാരം സിദ്ധിക്കയുള്ളു. അല്ലെങ്കിൽ അതു് ഒരു കാവ്യഭേദമായി വായിച്ചു രസിക്കാൻ ഉതകാം.

കൂത്തിന്നു നേരിട്ടിരിക്കുന്ന അധഃപതനം സാമാന്യജനങ്ങൾക്ക് പ

ഴമയോടുള്ള പുഛത്തിൻെറ വകഭേദം തന്നെയാണ്. തൊഴാനാളില്ലാത്ത തേവരെപ്പോലെ ചാക്യാക്കു പട്ടിണിയും കൂത്തിനു കാട്ടം കയറിക്കിടക്കയോണ്. ഫലിതരസത്തിനു നിദാനമായിരുന്ന ഈ കഥാകഥനസംപ്രദായം സാമുദായികാവസ്ഥയ്ക്കു അനുസരണമായി പ്രയോഗിക്കാനുള്ള അനാസ്ഥ നിമിത്തമാണ് ആ വിദ്യയ്ക്കു ഉടവുതട്ടിയിരിക്കുന്നതു്. ഇന്നു നാം ചെയ്യുന്ന ഉപന്യാസങ്ങളും പ്രസംഗങ്ങളും ചാക്യാർക്കൂത്തിൻെറ അടുക്കലെങ്ങും അടുക്കാൻ കൊള്ളരുതു്. എങ്കിലും പ്രസംഗവേദികൾ അനവധിയുണ്ടു്. ശ്രോതാക്കളും അസംഖ്യം. എന്നിട്ടും ചാക്യാരെക്കണ്ടാൽ ഛർദ്ദിക്കുമെന്നു വരുന്നതു എന്തുകൊണ്ടാണ്,? പുരാണവസ്തുനിക്ഷേപംപോലെ ആ വിദ്യയെ സങ്കോചിപ്പിച്ചതുകൊണ്ടുള്ള അബദ്ധമാണ്. ആ അന്ധകൂപത്തിൽനിന്നു് അതിനെ കരകേററി വിടേണ്ടതു കേരളകലാപ്രോത്സാഹനത്തിൽ ഒട്ടും അപ്രധാനമായ വേലയല്ല. അതുകൊണ്ടു് ഭാഷയ്ക്കു പോഷണം വരുന്നതും ഫലിതപ്രസംഗത്തിനു വശത സിദ്ധിക്കുന്നതും ചില്ലറയല്ല.

ഇങ്ങനെ സാഹിത്യത്തെപററി പറയാൻ തുടങ്ങിയാൽ അവസാനിക്കയില്ല. ഗദ്യകൃതികളെപ്പററി രണ്ടു വാക്കെങ്കിലും പറയാതിരുന്നാൽ അയുക്തമാകും. പണ്ടത്തെ പ്രമാണങ്ങളിലുണ്ടായിരുന്ന ശൈലിയെ ഉപേക്ഷിച്ചു് ചമ്പുകാരന്മാർ ഏർപ്പെടുത്തിയ പ്രാസപ്രധാനമായ പെരുമ്പാമ്പുവാചകം വിട്ടു് കേരളോപജ്ഞമായ ഇന്നത്തെ ഗദ്യശൈലി വിസ്തൃതിയേയും വൈശദ്യത്തെയും പ്രാപിക്കുന്നുണ്ടെന്നുള്ളതിൽ പക്ഷാന്തരത്തിനവകാശമില്ല. എങ്കിലും ഗൌഡീരീതിയിലുള്ള പക്ഷപാതം ഇനിയും നിലനില്ക്കുന്നുണ്ടു്. ശാസ്ത്രീയവിഷയപ്രതിപാദനത്തിൽ അതു തീരെ ഉതകുന്നതല്ല. 'നാവൽ' പ്രസ്ഥാനത്തിൽ കേരളവർമ്മവലിയകോയിത്തമ്പുരാൻെറ 'അക്ബറി'ൽ ആരംഭിച്ച ശൈലിയെ സി. വി. രാമൻപിള്ള 'മാർത്താണ്ഡവർമ്മ'യിൽ ഏറെക്കുറെ അനുകരിച്ചു. എന്നാൽ ചന്തുമേനോൻെറ ഇന്ദുലേഖയുടെ ഭംഗി മറെറാന്നിനും വന്നിട്ടില്ല. നാട്ടുഭാഷയെ സശക്തിയോടെ പ്രയോഗിച്ചാൽ രസമേറുമെന്നു് ആ സരസകവി നമ്മെ കാണിച്ചുതന്നിരിക്കുന്നു. കനത്ത ആശയങ്ങളെ പച്ചമലയാളത്തിലാക്കിയാൽ അന്തസ്സു കുറഞ്ഞുപോയേക്കുമെന്നുള്ള ഭയം ഇന്നും തീരെ വിട്ടിട്ടില്ല. സംസ്കൃതവാക്കുകളോടും തമിഴ്പ്രയോഗങ്ങളോടും വെറുക്കാതെയും ആഡംബരത്തിനു മാത്രം കഠിനപദങ്ങളെ അങ്ങുമിങ്ങും കുത്തിച്ചെലുത്താതെയും ഉള്ളിലുള്ള ബോധത്തെ തുറന്നു തെളിവായി പറയാൻ സാധിക്കുന്ന വാചകരീതി ഏതവസരത്തിലും അയുക്തമാകാൻ തരമില്ല.

ശാസ്ത്രഗ്രന്ഥദുർഭിക്ഷത്തെപ്പററി ഉരുവിട്ടു തുടങ്ങീട്ടു നാളേറെയാ

യി. നീന്തു പഠിച്ചതിനു മേലല്ലാതെ വെള്ളത്തിലിറങ്ങുകയില്ലെന്നുള്ള നയം അനുവർത്തിക്കുന്നവർ അപൂർവമല്ല. സാങ്കേതികശബ്ദനിഘണ്ടുനിർമ്മാണത്തിനും പലരും തുനിഞ്ഞുവരുണ്ട്. ഇന്നും അതു സാധ്യകോടിയിൽ എത്തീട്ടില്ല. മോട്ടോർകാർ, ഏറോപ്ലെയ്ൻ, ടാക്കിസിനിമാ. ഏയർലെസ്, സബ്മറീൻ എന്നിങ്ങനെ അനവധി പുതിയ യന്ത്രസംവിധാനങ്ങളും സൌകര്യങ്ങളും നവീനപ്രകൃതിശാസ്ത്രന്യായപ്രയോഗങ്ങളെ കൊട്ടിഘോഷിക്കുന്ന അവസരത്തിൽ, സാധാരണജനങ്ങൾ അവയെ അത്ഭുതങ്ങളും ദൈവവിലാസങ്ങളുമായി ഗണിച്ചുവരുന്ന അവസ്ഥ നമ്മുടെ പരിഷ്കാരത്തെ എത്രമാത്രം പിന്നോക്കം തള്ളുന്നുണ്ടെന്നുള്ള സംഗതിയിൽ അല്പമെങ്കിലും കുറച്ചിൽ തോന്നാതെ വരുന്നതു ആശ്ചര്യമല്ലയോ? നമ്മുടെ പൂർവികൾക്കു തപഃഫലമായി സിദ്ധിച്ചിട്ടുള്ള അറിവുതന്നെ പുതിയ തരത്തിൽ ആവിർഭവിച്ചിരിക്കുന്നതാണെന്നുള്ള സാഭിമാനമായ സമാധാനത്തോടെ വാഴുന്നതുതന്നെയാണോ യുക്തം? അതോ, നവീനശാസ്ത്രങ്ങളെ ഗ്രഹിച്ച് നൂതനസംവിധാനങ്ങളെ യുക്തിപൂർവ്വം മനസ്സിലാക്കുന്നതോ.? സാങ്കേതികശബ്ദങ്ങൾ വാർത്തുവച്ചിട്ടില്ലെന്നുള്ള വ്യാജേന വിദ്വാന്മാർ മൌനം ദീക്ഷിക്കുന്നത് എത്രതന്നെ ശപിച്ചാലും മതിയാകുന്നതല്ല. ഏതു സംഗതിയേയും ശാസ്ത്രീയദൃഷ്ട്യാ വീക്ഷിക്കുന്നതിനുള്ള മനോഭാവം സമുദായത്തിൽ വളർത്തുന്നതു് സത്യബോധത്തിനും മാനസോല്ലാസത്തിനും നിദാനമാകുന്നു. അന്ധവിശ്വാസങ്ങളെ അകറ്റുന്നതിനും തന്മൂലം പല തെറ്റിദ്ധാരണകളെ തിരസ്കരിച്ച് മനസ്സിനു വിശാലതയും ന്യായബോധവുമുദിപ്പിക്കുന്നതിനും അതു് ഉതകുന്നു. തനിക്കു ബോധമുള്ള സംഗതി വാക്കില്ലാതെ പറയാൻ കുണ്ഠിക്കുന്ന അവസ്ഥ ഒരുവനുമുണ്ടാകുന്നതല്ലെന്നാണ് എന്റെ സ്ഥിരവിശ്വാസം. പക്ഷെ ഒരുവനു സ്ഫുരിക്കുന്ന വാക്കല്ലായിരിക്കാം മറ്റൊരുവന്റെ നാവിൽ നുഴയുന്നതു്. ആ വാക്കുകൾ മൂലബോധത്തിന്റെ സ്ഫോടം മുഴുക്കെ പ്രതിബിംബിപ്പിക്കാത്തതാവാം. എങ്കിലും ആദ്യമായി നടപ്പിൽവരുന്ന ശബ്ദത്തിനെ, തീരെ കൊള്ളരുതാത്തതെങ്കിൽ, മറ്റുള്ളവരും ദാക്ഷിണ്യപൂർവം ഉപയോഗിക്കുന്ന പക്ഷം, ആ ശബ്ദത്തിനു കാലക്രമത്തിനു അർത്ഥപൂർത്തി സിദ്ധിക്കുമെന്ന് ഭാഷാശാസ്ത്രം പഠിച്ചവർക്ക് അറിയാം. അല്ലാതെ ഓരോരുത്തരും അപ്പോഴപ്പോൾ തോന്നുന്നവണ്ണം ഭിന്നഭിന്നപദങ്ങളെ ഉപയോഗിക്കുന്നതായാൽ അവ്യവസ്ഥയിൽ പരിണമിക്കും. ആ വക ദോഷങ്ങൾ ഇപ്പോൾ ശാസ്ത്രഗ്രന്ഥങ്ങളിൽ പറ്റീട്ടുണ്ട്. അവയെ പരിഹരിച്ചു മേലോട്ടു ഗമിക്കാനുള്ള വഴികളെ ചൂണ്ടിക്കാണിക്കേണ്ടതു വിദഗ്ദ്ധന്മാരുടെ കൃത്യമാകുന്നു. നിഘണ്ടുനിർമ്മാണത്തിനുള്ള ഉപസംഹാരത്തിൽ ഈ വിഷയം വിചിന്തനം ചെയ്യപ്പെടുന്നതാണ്.

ഗഹനവിഷയങ്ങളെപ്പററി മലയാളത്തിൽ ഗ്രന്ഥങ്ങളില്ലെന്നുള്ള ഒരു ന്യൂനത പല വിജ്ഞന്മാരുടെ മുഖത്തുനിന്നു ഞാൻ കേട്ടിട്ടുണ്ട്. അതും പോര, അപ്രകാരമുള്ള വിഷയങ്ങളെ വിശദീകരിക്കാൻ ഭാഷയ്ക്കു കോപ്പും കെല്പുമില്ലെന്നും ചിലർ ശഠിക്കുന്നുണ്ട്. ഒരു കാലത്തു ഭാഷയുടെ നില അപ്രകാരമായിരുന്നിരിക്കാം. പക്ഷെ ആ ദുരവസ്ഥ ഇന്നു വിട്ടുപോയിട്ടുണ്ടെന്നു നിങ്ങൾ സമ്മതിക്കുമെന്നു എനിക്കു വിശ്വാസമുണ്ട്. ആഴമേറിയ ആശയങ്ങളേയും ഗഹനതമങ്ങളായ വിഷയങ്ങളേയും പ്രതിപാദിക്കത്തക്ക ഒരു വാക്സഞ്ചയം മലയാളത്തിനു സിദ്ധിച്ചിട്ടുണ്ട്. ഇതരഭാഷകളുടെ കലപ്പു കൊണ്ടാണ് അതു വന്നിട്ടുള്ളതെന്നു പറയുന്നതു ദൂഷ്യമായിട്ടല്ല ഞാൻ കരുതുന്നത്. മറുഭാഷകളിലെ പദങ്ങളെ സ്വാധീനമാക്കാൻ സിദ്ധിച്ചിരിക്കുന്ന വശത തന്നെ ഭാഷയുടെ ശക്തിയെ വ്യഞ്ജിപ്പിക്കുന്നു. ലോകത്തിലുള്ള ഒരു ഭാഷയും അന്യഭാഷകളുടെ സഹായംകൂടാതെ വളൎന്നിട്ടില്ല. ഇംഗ്ലീഷിൽ കാണുന്ന മിക്ക പദങ്ങളും ഗ്രീക്കിൽനിന്നോ ലത്തീനിൽനിന്നോ പകൎന്നതാകുന്നു. ഗൈൎവ്വാണിയിൽപോലും എത്ര അന്യഭാഷകൾ കടന്നുകൂടീട്ടുണ്ട്. ഭാഷാന്തരശബ്ദങ്ങളെ കൈക്കൊള്ളുന്നതിലല്ല കുററം; അവയെ സ്വായത്തമാക്കാനുള്ള ശക്തിക്കുറവിലാണ്. ഭാഷയ്ക്ക് ഇത്രയും ശക്തിയുണ്ടായിട്ടും അഭിജ്ഞന്മാർ ദുൎഗ്രഹങ്ങളും വിലപെറുന്നവയുമായ വിഷയങ്ങളെപ്പററി ഗ്രന്ഥങ്ങളെഴുതാൻ മടിക്കുന്നതു ഭാഷയോടുള്ള പ്രതിപത്തിയെ അല്ല, വിലയോടുള്ള ആശയെയാണു വെളിവാക്കുന്നതെന്നേ പറയാനുള്ളു.

ഉള്ള നല്ല ഗ്രന്ഥങ്ങളുടെ പ്രസിദ്ധീകരണത്തെപ്പററി അല്പം സങ്കടം പറയാതെ തരമില്ല. കുപ്പയിൽകിടന്നാലും രത്നം രത്നംതന്നെയാണ്. എങ്കിലും അതു മകുടമണിയായി വിലസുമ്പോഴുണ്ടാകുന്ന ശോഭയൊന്നു വേറെതന്നെ. മലയാളസാഹിത്യത്തിന്റെ പുരാതനസ്വത്തുകളെ നിലവറകളിലും മണ്ണിന്നടിയിലും പുതച്ചുവച്ചിരിക്കുന്ന നയം ഇന്നും കേരളീയർ വെടിഞ്ഞിട്ടില്ല. നമ്മുടെ വിശിഷ്ടഗ്രന്ഥങ്ങൾക്കുപോലും പാശ്ചാത്യരുടെ നാടോടിക്കവനങ്ങൾക്കൊപ്പം ഭംഗിയായ പതിപ്പുണ്ടായിട്ടില്ല. വേഷംകൊണ്ടുള്ള മോടി വേണ്ടെന്നു വയ്ക്കുന്നതു് യുക്തമല്ല. പുറംകണ്ടു ഭ്രമിക്കുന്നവരാണ് കൂടുതൽ. ശുദ്ധിപത്രങ്ങളില്ലാതേയും നല്ല കടലാസിൽ പാഠഭേദങ്ങളുണ്ടെങ്കിൽ അവയെല്ലാം ചേൎത്തും കാളമൂത്രംപോലെ അല്ലാതെ അച്ചടിച്ചും രാമായണം ഭാരതം മുതലായ മൂലകാവ്യങ്ങളെങ്കിലും കാണാനുള്ള മോഹം അല്പമല്ല. യോഗ്യരായ കവികളുടെ കൃതികൾ ഇംഗ്ലീഷിലെപോലെ ഒന്നിച്ചു് അച്ചടിച്ചു പുസ്തകപരമ്പരയാക്കേണ്ടതും അത്യാവശ്യമാണ്. ഏതായാലും പുസ്തകശാലകളിലുള്ള അലമാരികളിൽ മലയാളപുസ്തകങ്ങൾ

അടുക്കിവെച്ചു കണ്ടാൽ, ചവറുകടലാസ് ചേർത്തുവെച്ചിരിക്കുന്നതായി തോന്നുന്ന അശ്രീകരമായ കാഴ്ചയില്ലാതെയായാൽതന്നെ വലിയ കാര്യമായി. മംഗളോദയം മുതലായി അപൂർവം ചില പ്രസ്സുകാർ ഈ വിഷയത്തിൽ കുറെ പ്രയത്നിക്കുന്നുണ്ടെന്നു ഞാൻ അറിയുന്നുണ്ട്. അതുപോലെ മററുള്ള അച്ചുക്കൂടക്കാരും പരിശ്രമിച്ചാൽ കൊള്ളാം. എല്ലാ ഭാഷയിലും പ്രധാനകൃതികൾക്കു ഒന്നിലധികംവിധം പതിപ്പുകളുണ്ടല്ലോ. അതുപോലെ മലയാളത്തിലും വമ്പിച്ച പ്രസ്സുകാർ അവരവരുടെ പ്രത്യേകപതിപ്പുകൾ ഉണ്ടാക്കാമല്ലോ. പ്രസിദ്ധീകരണങ്ങളെ കോമളങ്ങളാക്കുന്ന മത്സരം ഗുണപ്രദമാണ്. ഏതായാലും പരിഷത്തിന്റെ ആഭിമുഖ്യത്തിൽ മലയാളമഹാകവികളുടെ പുരാണകൃതികൾക്ക് ഒരു നല്ല പതിപ്പുണ്ടാക്കുന്നതു യുക്തമായിരിക്കും.

പുറമേയുള്ള ചന്തം മാത്രമേ പ്രസാധകന്മാർക്കു നൽകാൻ സാധിക്കൂ. അകമേയുള്ള ലാവണ്യം സാഹിത്യത്തിനു നൽകുന്നതു് നായകന്മാരേക്കാൾ നായികകളാണെന്നു സമ്മതിക്കാതെ തരമില്ല. അവരുടെ കൃതികൾക്കു അകൃത്രിമമായ ഒരു സൗകുമാര്യം കാണാറുണ്ട്. വിദുഷികളായ സ്ത്രീരത്നങ്ങളുടെ കവനങ്ങളിൽ ഫലിതം തുളുമ്പിക്കാണാം. പണ്ടുണ്ടായിരുന്നവരുടെ കഥയല്ല; ഇന്നുള്ളവർക്കും ആ കല മാഞ്ഞുപോയിട്ടില്ല. നാരികളുടെ നിരീക്ഷണം പുരുഷരെ പിന്നാക്കമാക്കീടുവാനാണെന്നുമിന്നും. സാഹിത്യസംഗീതങ്ങളെന്നുള്ള സുന്ദരകലാകലാപങ്ങളെ വിട്ടു, ഈ പോരാട്ടം സർവകലാശാലകളിലേക്കും കടന്നുകൂടിയപ്പോൾ ഉണ്ടായിരിക്കുന്ന അവസ്ഥാന്തരം നമുക്കു അനുഭവസിദ്ധമാണ്. ജീവനസാഗരത്തിൽ കിടന്നു തിരതള്ളുന്ന മേളത്തിൽ ജന്മസിദ്ധമായ സൗന്ദര്യത്തിനു ഹാനി തട്ടാതെ സൂക്ഷിക്കണമെന്നെനിക്കൊരു പ്രാർത്ഥനയുണ്ട്. നമ്മുടെ സാഹിത്യകുസുമത്തിന്റെ മണം പഴായിപ്പോകാതെ മഹിളാമണികൾ ശിരോഭൂഷണമാക്കുന്നതായാൽ, അതിനുള്ള വാസന ഇരട്ടിക്കും. നൈസർഗ്ഗികമായുള്ള പക്ഷപാതത്തെ രൂപാന്തരീകരിച്ചു മത്സരത്തിൽ കലാശിപ്പിക്കാതിരുന്നാൽ ദേഹിയും ദേഹവുംപോലെ ഒന്നുചേർന്ന സാഹിത്യപ്രപഞ്ചം കൂത്താട്ടമെന്നുള്ളതിനു സംശയമില്ല. സമന്വയവും സൗഹാർദ്ദവും തമ്മിൽ വേട്ടിട്ടുണ്ടാകുന്ന സന്താനം സൗന്ദര്യസംപന്നമായിരിക്കുന്നതാണ്. സ്ത്രീസമ്മേളനത്തിൽ ഈ വേളിക്കുള്ള ചാർത്തു നിർണ്ണയിക്കപ്പെടുമെന്ന് ഞാൻ കരുതുന്നു.

നിങ്ങളുടെ ദാക്ഷിണ്യത്തെ ഞാൻ അത്യധികം വലിച്ചുനീട്ടിക്കഴിഞ്ഞിരിക്കുന്നു. ഇത്തവണത്തെ നമ്മുടെ സമ്മേളനം പ്രസംഗത്തിനല്ല പ്രവൃത്തിക്കാണു തുനിഞ്ഞിരിക്കുന്നതെന്ന് ശപഥം ചെയ്തു കഴിഞ്ഞിട്ടുണ്ട

ല്ലോ. അതിനുള്ള മുഖങ്ങളെ ഞാൻ ചൂണ്ടിക്കാണിക്ക മാത്രമെ ചെയ്തിട്ടുള്ളു. പറയാനെളുപ്പം കഴിയും, പ്രവൃത്തി വിഷമമാണെന്ന് എനിക്കറിയാം. എങ്കിലും പറഞ്ഞാൽ കേൾക്കാനുള്ള സ്ഥിതി വന്നാൽതന്നെ ഒരു പടി കടന്നു. കൊല്ലംതോറുമുള്ള നമ്മുടെ സമ്മേളനത്തിൽ ഒരു കാര്യം ചെയ്താൽ കൊള്ളാമെന്നു എനിക്കു താല്പര്യമുണ്ട്. പ്രാസംഗികന്മാരും പത്രപ്രബന്ധകൃത്തുക്കളും അപ്പോഴപ്പോൾ തോന്നുന്ന വിഷയങ്ങളെ പരാമർശിച്ചു സദസ്യരെ അനുമോദിപ്പിക്കുന്നതിനു പകരം അവരവർ സപ്രയത്നം കണ്ടുപിടിച്ചു പ്രവർത്തിക്കുന്നതോ, ഗവേഷണത്തിൽ കണ്ടുമുട്ടി രസിച്ചിരിക്കുന്നതോ ആയ സംഗതികളെപ്പറ്റി ഉപന്യസിക്കുന്നതും, പുതുപദ്ധതികളെ തുറന്നു കാട്ടുന്നതും കുറേക്കൂടി പ്രയോജനപ്പെട്ടേമെന്നെനിക്കു തോന്നുന്നു. ഇക്കാര്യത്തിൽ ബ്രിട്ടീഷ് അസോസിയേഷൻ മുതലായ പണ്ഡിതസംഘങ്ങളെ അനുകരിക്കണമെന്നാണ് എന്റെ പക്ഷം. നമ്മുടെ സദസ്സു വിദ്വാന്മാരാൽ അലംകൃതമായിരിക്കെ, സാമാന്യജനങ്ങളുടേയൊ ഛാത്രന്മാരുടേയൊ സംഘത്തിലെന്നപോലെ ജ്ഞാതവിഷയങ്ങളെ പുതുവാക്കുകൊണ്ടു പൊതിഞ്ഞു പ്രദർശിപ്പിക്കുന്നതു് കേവലമല്ലയോ എന്നാണെന്റെ ആശങ്ക. എന്നു മാത്രമല്ല, ഓരോ കൊല്ലത്തിലും പുതുതായി ചില പ്രയത്നങ്ങൾ ചെയ്യുന്നമെന്നൊരു ഉന്മേഷം വിദ്വാന്മാർക്കുണ്ടാകുന്നതിന് അതൊരു ദോഹദമാകയില്ലയോ? ചരിത്രം, ശാസ്ത്രം, ജീവിതാഖ്യാനം, വ്യവസായം മുതലായ അനവധി വിഷയങ്ങളിൽ മലയാളത്തിൽ നൂതനപ്രസ്ഥാനങ്ങൾക്കു വഴിയുണ്ട്. അതതിലേർപ്പെട്ടിരിക്കുന്നവർ തത്തദ്വിഷയങ്ങളെപ്പറ്റി ഒരു നിർവചനം ചെയ്യുന്നപക്ഷം അതിലുണ്ടാകുന്ന കൗതുകം ചില്ലറയല്ല. പുരാതനഗ്രന്ഥങ്ങളെ ആരാഞ്ഞു സമ്പാദിക്കുന്നവർ പലരുമുണ്ട്. നമ്മുടെ സ്നേഹിതൻ ഉള്ളൂരിന്റെ ശേഖരിപ്പിൽ പല നിധികളുമുണ്ട്. എനിക്കു കിട്ടിയ 'മർത്താണ്ഡമാഹാത്മ്യ'ത്തിന്റെ ശിഷ്ടഭാഗം കൂടി ലഭിച്ചിരുന്നെങ്കിൽ അതൊരു അമൂല്യമായ ചരിത്രകാവ്യമാകുമായിരുന്നു. നമ്മുടെ പൂർവികന്മാർ ഭാഷയ്ക്കുവേണ്ടി പ്രയത്നിച്ചിട്ടുള്ളതിൽ പത്തിലൊരു പങ്കു നാം ശ്രമിച്ചിട്ടില്ലെന്നു പഴയ ഗ്രന്ഥങ്ങൾ ആരായുന്നവർക്കു മാത്രമെ അറിയാവു. ഗീതാഗോവിന്ദത്തിനു് ഒരു പഴയ ഭാഷാവ്യാഖ്യാനം എനിക്കു കിട്ടീട്ടുണ്ട്. ഭഗവൽഗീതയ്ക്കു മലയാളത്തിൽ ഒരു വിവരണമെഴുതിയിരുന്നതിന്റെ ചില ഓലകൾ കാണ്മാനുണ്ട്. ഔഷധങ്ങളുടെ പട്ടികയെഴുതി ഓരോന്നിന്റേയും ഉപയോഗങ്ങളെക്കുറിച്ച് ഒരു നിഘണ്ടു പണ്ടുള്ള ഒരു വിദ്വാൻ എഴുതീട്ടുള്ളതിന്റെ ചില ഏടുകൾ കണ്ടുകിട്ടീട്ടുണ്ട്. സംഖ്യകളെപ്പറ്റിയും പെരുക്കങ്ങളെപ്പറ്റിയും അളവു് ഇവയെപ്പറ്റിയും നിർവചിക്കുന്ന ഒരു ഗ്രന്ഥം കണ്ടുമുട്ടീട്ടുണ്ട്. വേദാന്തവിഷയമായി പല തമിഴ് മലയാളത്തിലുള്ള ഗ്രന്ഥങ്ങളുമുണ്ട്. കൈകൊട്ടിപ്പാട്ട്, കിളി

പ്പാട്ട് എന്നിത്തരത്തിൽ പല അപ്രസിദ്ധകൃതികളുമുണ്ട്. മലയാളം ക്യൂറേറർ ആഫീസിൽനിന്നു ചിലതെല്ലാം പരസ്യപ്പെടുത്തുന്നുമുണ്ട്. കാത്തികതിരുനാൾ മഹാരാജാവു രചിച്ചിട്ടുള്ള ബാലരാമഭരതമെന്ന നാട്യശാസ്ത്രം അചിരേണ പ്രസിദ്ധമാകും. ഇങ്ങനെ പുരാതന കവനങ്ങളെ തേടിപ്പിടിച്ച്, അതതു കൊല്ലത്തിൽ കിട്ടുന്നവയെക്കുറിച്ച് ഒരു നിരൂപണം ചെയ്യുന്നതായാൽ എത്ര ഉപകാരവും ജ്ഞാനപ്രദവുമായിരിക്കും. ഇങ്ങനെ നമ്മുടെ നടപടികളിൽ ചില മാററങ്ങൾ ചെയ്യേണ്ടതല്ലയോ എന്നു വിദ്വാന്മാരായ നിങ്ങൾ ചിന്തിക്കേണ്ടതാണ്.

* * * *

# രണ്ടാം അഫ്ഗാൻ യുദ്ധം.

## കാരണങ്ങൾ.

(മേജർ ബി. ഡി. വാസു ഐ. എം. എസ്.)

വിക്ടോറിയാ മഹാരാജ്ഞിയുടെ വിളംബരവും വലിയ ശിപായിലഹളയുടെ പരിസമാപ്തിയും കണ്ടറിഞ്ഞപ്പോൾ ഇൻഡ്യയുടെ സീമയെ വിസ്തൃതമാക്കണമെന്നും അതിരിനുള്ളിലുള്ള സംസ്ഥാനങ്ങളെ അധീശക്കോയിമ്മയിൽ ലയിപ്പിക്കണമെന്നും ഇംഗ്ലണ്ടിനുണ്ടായിരുന്ന തൃഷ്ണ, ശാന്തമായെന്ന പോലെ തോന്നിയിരുന്നു. ആ സ്മരണീയമായ അവകാശദാനപ്രമാണത്തിൻ തിരുമേനി ഇങ്ങിനെ പ്രസ്താവിച്ചിരുന്നു. "പ്രാദേശികസംസ്ഥാനങ്ങളുടെ ആധുനികവിസ്തൃതിയെ വിപുലമാക്കുന്നതിനു നാം ഇച്ഛിക്കുന്നില്ല." വിളംബരത്തിൻെറ പരിപാവനതയ്ക്കു വേണ്ടി തിരുമേനി സർവ്വനിയന്താവിൻെറ ആനുകൂല്യത്തെ സപ്രശ്രയം ഇങ്ങനെ അഭ്യർത്ഥിച്ചു. "നമ്മുടെ പ്രജകളുടെ നന്മയ്ക്കുവേണ്ടി നമ്മുടെ ഇച്ഛകളെ നിർവ്വിഘ്നപരിസമാപ്തിയിലോളം എത്തിക്കുന്നതിനു നമുക്കും നമ്മുടെ കീഴിലുള്ള അധികാരിവർഗ്ഗത്തിനും ശക്തിയുണ്ടാകുവാൻ സർവ്വശക്തൻ അനുഗ്രഹിക്കമാറാകട്ടെ." എന്നാൽ മുകളിൽ പ്രസ്താവിച്ച വിളംബരപ്രസിദ്ധീകരണത്തിനു ശേഷം ഭൂമി സൂര്യനെ കഷ്ടിച്ചു പതിനെട്ടു പ്രാവശ്യം പരിവർത്തനം ചെയ്തപ്പോഴേയ്ക്കും ആ തിരുമേനിയുടെ പശ്ചിമോത്തരസ്ഥദേശങ്ങളിലെ പ്രാദേശികവിസ്തൃതിയെ ലാക്കാക്കി തിരുമേനിയുടെ കീഴിലുള്ള അധികാരിവർഗ്ഗം വേണ്ട പരിപാടിയെ നിർദ്ദേശിച്ചുകഴിഞ്ഞു.

അവരുടെ പരിപാടി അഥവാ ദുരാലോചനകൾ, മഹത്വത്തിലും അനുപാതത്തിലും ശിപായിലഹളയെ അതിക്രമിക്കുന്നില്ലെങ്കിൽ സമപ്രധാനമായ ഭയങ്കരദുരിതത്തിൽ പര്യവസാനിച്ചു. ആ ഭയങ്കരദുരന്തമാണു രണ്ടാം അഫ്ഗാൻയുദ്ധം.

ഒന്നാം അഫ്ഗാൻയുദ്ധത്തിൽനിന്നും ശിപായിലഹളയിൽ നിന്നും തിരുമേനിയുടെ മന്ത്രിസത്തമന്മാർക്കു സിദ്ധിച്ച പാഠങ്ങൾ വിസ്മൃതിയിൽ പെട്ടുപോയി എന്നു യുദ്ധകാരണങ്ങളെ അനുക്രമം ഗവേഷണം ചെയ്യുന്ന ഒരുവനു തോന്നിയേക്കാം. സ്വതന്ത്രനായ ഒരു രാജാവിനോടു ചെയ്ത സന്ധിനിബന്ധനകളെ അതിലംഘിക്കുന്നതിനും പാവനമായ വിളംബരവാക്യങ്ങളെ മൃതാക്ഷരങ്ങളും പ്രഹസനവുമാക്കുന്നതിനും തിരുമേനി നിർബന്ധിതയായി. ഈ കൃസ്ത്യൻമന്ത്രിമാരാൽ ലക്ഷിതമായ വസ്തു സംസ്ഥാനവിസ്തൃതിയായിരുന്നു അഥവാ, ഇംഗ്ലണ്ടിലെ സചിവസമിതിയുടെ നായകസ്ഥാനം വഹിച്ചിരുന്ന ആ ദേഹത്തിൻെറ അഭിപ്രായം, അങ്ങിനെതന്നെ പറയുന്നതായാൽ അവർ ഇൻഡ്യയ്ക്കു ഒരു 'സയൻറിഫിക്ഫ്രണ്ടിയർ' അന്വേഷിക്കുകയെന്നത്രെ.

1854-ൽ കീലററിലെ ഖാനെക്കൊണ്ടു ഡൽഹൗസിപ്രഭു ഒരു ഉടമ്പടിക്കു സമ്മതിപ്പിച്ചു. അതുനിമിത്തം ഇൻഡ്യൻഗവമ്മെണ്ടിൻെറ ഒരു സാമന്തനിലയിലേയ്ക്കു അദ്ദേഹത്തെ (ഖാനെ) പരിവത്തനം ചെയ്തു. കീലററിലുള്ള ഏതു പ്രദേശമാണോ ബ്രിട്ടീഷധിപന്മാർക്കു അഭിലഷണീയമെന്നു തോന്നുന്നു അവിടെ ഒരു ബ്രിട്ടീഷുസൈന്യത്തെ പാളയമടിച്ചുകൊള്ളുന്നതിനും ആദ്ദേഹം സമ്മതിച്ചു.

കീലററിലെ ഖാനുമായി ചെയ്ത ഉടമ്പടി മൂലം ഏതെല്ലാം സ്വാധീനശക്തികൾ ഡൽഹൗസിപ്രഭുവിനു കൈങ്കര്യം ഭവിച്ചുവോ ആ മാതിരിയുള്ള പല ആയുധങ്ങളേയും നിർമ്മിക്കുന്നതിനു വേണ്ട അസംഖ്യഖണ്ഡങ്ങൾ ആദ്ദേഹം ഉലയിൽതന്നെ ഇൻഡ്യാസാമ്രാജ്യത്തിലും സൂക്ഷിച്ചിരുന്നു. പക്ഷെ ഇരുപത്തിരണ്ടു സംവത്സരം കഴിഞ്ഞപ്പോൾ, അതായതു 1876-ൽ മഹാരാജ്ഞി തിരുമേനിയ്ക്കു സ്വായത്തസാമ്രാജ്യത്തെ വിപുലമാക്കുവാൻ കൗതുകമില്ലെന്നു ജനങ്ങൾ വിശ്വസിച്ചുകൊണ്ടിരുന്നപ്പോൾ ഖാനുമായി 1854-ൽ ഉണ്ടായ ഉടമ്പടിയനുസരിച്ച് ഒരു ബ്രിട്ടീഷുസൈന്യം ക്വററയിൽ പാളയം ഉറപ്പിച്ചു എന്ന കഥ ഇൻഡ്യക്കാരേയും അഫ്ഗാൻകാരേയും അത്ഭുതപരവശരാക്കി. ഈ സംരംഭം അഫ്ഗാൻകാരെ അത്യന്തം ഭയചകിതരുമാക്കി.

കരാറാധിവാസത്തെ സ്വീകരിക്കുന്നതിന്ന മുമ്പുള്ള ചില സംഭവങ്ങളെ ഈ അവസരത്തിൽ ഒന്ന പുനരാലോചിക്കേണ്ടത് അപേക്ഷിതമായിരിയ്ക്കുന്നു. ഇംഗ്ലണ്ടിലെ സചിവസമിതിയും, ഇൻഡ്യയിലെ ഇൻഡ്യൻഗവമ്മെൻറും തമ്മിൽ നടന്ന ചില എഴുത്തുകുത്തുകളെ ഈ ആവശ്യത്തിന്ന വിശദീകരിക്കണം. ഇതിലുണ്ടായിരുന്ന പലഭാഗങ്ങളും തിരസ്കൃതങ്ങളായിട്ടുണ്ടെങ്കിലും പ്രസിദ്ധീകൃതവിഭാഗങ്ങളെക്കൊണ്ട സാമാന്യബുദ്ധികൾക്ക വിഷയത്തിൻെറ പൂണ്ണബോധം ഉണ്ടാകാതിരിക്കയില്ല.

1855 വരെ ഇൻഡ്യാഗവമ്മെണ്ടും അഫ്ഗാനിസ്സ്ഥാനുമായി യാതൊരു ഉടമ്പടിയുമുണ്ടായിട്ടില്ല. 1840—41-ൽ ഇൻഡ്യയിലെ ക്രിസ്ത്യൻ ഗവമ്മെണ്ട അഫ്ഗാനിസ്ഥാനിൽ വാളും തോക്കുമായി നായാട്ടുമ്പോൾ അവിടത്തെ സിംഹാസനാവകാശിയായ ഡാസ്റ്റ് മഹമ്മദുഖാൻ ഇൻഡ്യയിൽ ഒരു രാജകീയതടവുകാരനായിരുന്നു. ബ്രിട്ടീഷുകാർ അഫ്ഗാനിസ്ഥാനെ ഉപേക്ഷിച്ചു പോന്നതിന്ന ശേഷം ഡാസ്റ്റ് മഹമ്മദ് സ്വസിംഹാസനം സ്വീകരിച്ചുകൊള്ളുവാൻ അനുജ്ഞാതനായി. പക്ഷെ അദ്ദേഹം തൻെറ ക്രൈസ്തവഗുണകാംക്ഷികളുമായി യാതൊരു ബന്ധത്തിലും ഏപ്പെട്ടിരുന്നില്ല. പേഷവാറിലെ കമീഷണരായിരുന്ന ഹർബർട്ട് എഡ്വർഡ്സ് 1855-ൽ കാബൂൾ അമീറുമായി സന്ധിവ്യവസ്ഥയിൽ ഏപ്പെടേണ്ടതാണെന്നുള്ള സ്വാഭീഷ്ടത്തെ ഡൽഹൗസിപ്രഭുവിനെ അറിയിച്ചു. പഞ്ചാബിലെ ചീഫ്കമീഷണർ ആയിരുന്ന സർ, ജാൺലാറൻസിനെ ഡാസ്റ്റ്മഹമ്മദുമായി സഖ്യം ചെയ്യാൻ ഡൽഹൗസി അധികാരപ്പെടുത്തി. ഉടമ്പടിയുടെ തീയതി 1855 മേ ഒന്നാംതീയതിയത്രെ. ഇതിനെ അനുബന്ധിച്ച 1857-ൽ മറെറാരു ഉടമ്പടിയുമുണ്ടായി. 1855-ലെ ആദ്യഉടമ്പടി അനുസരിച്ച് അമീറും ഇംഗ്ലീഷുകാരും തമ്മിൽ നിരന്തരസമാധാനത്തോടും മിത്രഭാവനയോടും വത്തിക്കണമെന്ന വ്യവസ്ഥ ചെയ്തിരുന്നു. അനുബന്ധസൃഷ്ടിയുടെ കാലത്തു ബ്രിട്ടീഷുഗവമ്മെൻറും പർഷ്യയുമായി സമരം നടന്നുകൊണ്ടിരുന്നു. സൈനികമായ ഉദ്ദേശത്തിന്മേൽ ബ്രിട്ടീഷുഗവമ്മെൻറ് ഒരു ലക്ഷം രൂപ ഡാസ്റ്റ്മഹമ്മദിന്ന മാസാപ്രതി കൊടുത്തുകൊള്ളാമെന്നും ഈ സഹായധനം ഉചിതരീതിയിൽ വ്യയം ചെയ്യുന്നുണ്ടോ എന്നും സ്ഥിതിഗതികളുടെ വിവരം അറിയിക്കുന്നതിന്നും ഒരു ബ്രിട്ടീഷുദ്യോഗസ്ഥൻ അഫ്ഗാനിസ്ഥാനിൽ താമസിക്കണമെന്നും അതിൽ വ്യവസ്ഥ ചെയ്തിരുന്നു. ആ ഉടമ്പടിയെ അങ്ങിനെതന്നെ ഉദ്ധരിക്കാം. "ബ്രിട്ടീഷുകാരും പർഷ്യയുമായി സമാധാന ഉടമ്പടി ഉണ്ടാകുന്നതുവരെയൊ, ഇൻഡ്യാഗവണ്ണർ ജനറാലിന്ന യുക്തമെന്ന തോന്നുന്ന ഏതവസരത്തിലൊ മാസംപ്രതി നൾകുന്ന ഈ സഹായധനം നിറുത്തൽചെയ്യാവുന്നതാണ്.

ഈ സംഹാരയധനം നിവൃത്തൽചെയ്താൽ ഉടനെ ബ്രിട്ടീഷുദ്യോഗസ്ഥനെ പിൻവലിക്കുന്നതായിരിക്കും. പക്ഷെ ബ്രിട്ടീഷുഗവൺമെൻറിൻെറ ഇച്ഛാനുസരണം ഒരു വക്കീലിനെ–അത് ഒരു ബ്രിട്ടീഷുകാരനായിരിക്കയില്ല–ഗവൺമെൻറ് പക്ഷത്തിൽനിന്ന് കാബൂളിലും, കബൂറം ഗവൺമെൻറിൻെറ ഒരാളെ പെഷപവാറിലും നിയമിക്കുന്നതായിരിക്കും."

1863-ൽ ഡോസ്തമഹമ്മദ് മരിച്ചു. അദ്ദേഹത്തിൻെറ മകൻ ഷർആലിഖാൻ അനന്തരാവകാശിയായി അവരോധിക്കപ്പെട്ടു. 1867-ൽ ഒരു മഹമ്മദൻ സ്ഥാനാപതിയെ–ഒരു നിലയും വിലയുമുള്ള ഒരു മഹമ്മദീയനെ–കാബൂളിലേക്ക അയച്ച്, ബ്രിട്ടീഷുപ്രാതിനിധ്യം സാധൂകരിപ്പാൻ പുതിയ അമീർ അനുവദിച്ചു.

1875വരെ കാബൂറം രാജധാനിയിൽ ഇൻഡ്യാഗവമ്മെൻറിൻെറ പ്രതിനിധിയായി ഇരുന്നിരുന്ന മഹമ്മദീയനെ മാററുന്നതിനുള്ള യാതൊരു ശ്രമവും ചെയ്തിരുന്നില്ല. ആ കൊല്ലത്തിൽ ഇൻഡ്യാസ്റ്റേററുസെക്രട്ടറി മഹമ്മദീയ ഏജൻറിനെ മാററി ഒരു ഇംഗ്ലീഷ് ഓഫീസറെ നിയമിക്കുന്നതിന് ഇൻഡ്യാഗവൺമെൻറിനോടാജ്ഞാപിച്ചു. അക്കാലത്ത് കൺസർവററീവ് പാർട്ടിക്ക് ഇംഗ്ലണ്ടിൽ വിജയം സിദ്ധിച്ചു. അതിൻെറ നേതാവ് ഡിസറാലി ആയിരുന്നു. ഏഷ്യാപടത്തെ ചുവപ്പുചായംകൊണ്ടുതന്നെ അടയാളപ്പെടുത്തണമെന്നത്രെ അദ്ദേഹത്തിൻെറ ഇച്ഛ. ഈ സ്വാത്ഥിയായ മന്ത്രി അഫ്ഗാനിസ്ഥാൻെറ സ്വാതന്ത്ര്യലുഞ്ഛനം ലക്ഷീകരിച്ച് ദുരാലോചനചെയ്തു.

ഇൻഡ്യാസ്റ്റേററുസെക്രട്ടറിയായിരുന്ന സാലിസ്ബറിപ്രഭുവിൽ ഈ ആശാനിവൃത്തിക്കുള്ള രൂപം ഡിസറാലി ദശിച്ചു. ഈ സാലിസ്ബറി അടുത്തുതന്നെ ഇംഗ്ലണ്ടിലെ പ്രധാനമന്ത്രിയുമായിതീൻ. സാലിസ്ബറിയുടെ നാമത്തിൽ ആദരം വളരുവാൻ ഇൻഡ്യക്കാരുടെ മനസ്സിന്നു ഇടമുണ്ടായിരുന്നില്ല. ഹിന്ദുസ്ഥാനത്തിലുള്ള ജനങ്ങറംക്ക് പലവിധ ശല്യങ്ങളും ഉപദ്രവങ്ങളും ഇദ്ദേഹം ഉണ്ടാക്കിത്തീത്തു. അഫ്ഗാനിസ്ഥാനുമായി യുദ്ധം ഉണ്ടാക്കിത്തീത്തതു ഇദ്ദേഹമാണ്. സിവിൽസവീസ് എക്സാമിനേഷനു ചേരുന്നതിന് അഭ്യർത്ഥിക്കുന്നവരുടെ വയസ്സിനു നിയന്ത്രണമേപ്പെടുത്തി ഇൻഡ്യൻജനതയെ വഞ്ചിച്ചവനും ഇദ്ദേഹംതന്നെ. ഒരു ഇംഗ്ലീഷുകാൺസ്റ്റിററുവൻസിയും പാർലമെൻറിൽ പ്രതിനിധീകരിക്കുന്നതിന് 'ഒരു കറുത്ത മനുഷ്യനെ' തിരഞ്ഞെടുക്കരുതെന്ന് ഒരു പൊതുയോഗത്തിൽ പ്രസംഗിച്ചതും ഇദ്ദേഹംതന്നെ. അന്നു സൂചിപ്പിച്ച കറുത്തമനുഷ്യൻ സുപ്രസിദ്ധസ്വരാജ്യാഭിമാനിയായ ദാദാബായിനവറോജിതന്നെയാണ്. അത്രതന്നെയൊ, സാലിസ്ബറി പ്രധാന സചിവപദത്തിലേക്കുയന്ന കാലത്ത് ഇൻ

ഡ്യയിലെ നിയമനിൎമ്മാണവിഷയത്തിൽ നാട്ടുകാൎക്ക് ഒരു ന്യൂനപക്ഷപ്രാതിനിധ്യം കൊടുക്കണമെന്ന് ആലോചനയുണ്ടായി. പൌരസ്ത്യർ പ്രാതിനിധ്യഭരണത്തിൽ ഇടപഴകിയവരല്ലെന്നും അവൎക്ക് ഏകാധിപത്യഭരണമാണ് പരിചിതമെന്നും വാദിച്ച് ഈ അനുഗ്രഹത്തെ പ്രതിഷേധിച്ചു. ഇദ്ദേഹത്തിന്റെ പേരിനെ വെറുക്കത്തക്ക പല കാരണങ്ങളും ഏതു വേനമെങ്കിലുമുണ്ട്.

എങ്കിലും നമുക്കു കഥ തുടരുകതന്നെ. 1875-ാംവൎഷത്തിന്റെ ആരംഭഘട്ടത്തിൽ-ജാനുവരി 22-ാംതിയ്യതി ഇൻഡ്യാഗവൎണർജനറാലിന് ഒരു രഹസ്യസന്ദേശം അയപ്പാൻ സാലിസ്ബറി, തന്റെ സ്വാമിയാൽ നിയുക്തനായി. അന്നു നാൎത്ത്ബ്രൂക്ക് പ്രഭു ഇൻഡ്യഗവൎണർജനറാലായിരുന്നു. കാബൂൾ ഏജൻറായി ഒരു ഇൻഡ്യക്കാരനു പകരം ഒരു ഇംഗ്ലീഷുകാരനെ നിയമിപ്പാൻ ആഗ്രഹിക്കുന്നതായി നാൎത്ത്ബ്രൂക്കിനെ അറിയിച്ചു. അതു് ഇങ്ങിനെ ആയിരുന്നു:— നാട്ടുകാരനായ ഒരു ഏജൻറിനെയാണ് കാബൂളിലേക്കു അവിടുന്നു നിയമിച്ചിരിക്കുന്നതു്. അദ്ദേഹം മാന്യനും ബുദ്ധിമാനും ആണെന്നും എനിക്കറിയാം. പക്ഷെ നിങ്ങൾ ഗ്രഹിച്ചിരിക്കേണ്ട സംഗതികളിൽ അമീറിനു ഹിതമല്ലാത്ത ഒന്നുംതന്നെ നിങ്ങളെ അറിവിക്കാതിരിക്കത്തക്ക ഒരു നിലയാണ് ഏജൻറിനുണ്ടായിരിപ്പാൻ ഇടയുള്ളതു് എന്നു സംശയിക്കേണ്ടിയിരിക്കുന്നു. ഏജൻറിന്റെ വിജ്ഞാപനങ്ങൾ അത്യന്തശുദ്ധമെന്നു നിങ്ങൾ വിശ്വസിക്കുന്നപക്ഷത്തിലും ഒരു നാട്ടുകാരനായ ഏജൻറു് നിങ്ങൾ ആവശ്യപ്പെടുന്ന അറിവുകളെ ഒരു പാശ്ചാത്യവീക്ഷണകോണത്തിനു യോജിച്ചവണ്ണം തരുവാൻ ശക്തനായിരിക്കയില്ലെന്നു് സാമാന്യമായി വിശ്വസിച്ചിരിക്കുന്നു. മതപരവും സമുദായപരവുമായ വാദങ്ങളും പ്രശ്നങ്ങളും വരുമ്പോൾ അത്യന്തോദാസീനമായ ഒരു നില സ്വീകരിക്കുന്നതത്രെ ഇതിന്റെ വിശേഷയോഗ്യതകളിൽ പ്രഥമഗണനീയം. ഇതു് ഒരു യൂറോപ്യനെമാത്രം ആശ്രയിച്ചു നിൽക്കുന്ന ഒരു ഗുണമാണ്. കാബൂൾഡയറിയുടെ മതിപ്പിനെക്കുറിച്ചു ഭിന്നങ്ങളായ പല അഭിപ്രായങ്ങളുമുണ്ട്. അവ പലതും അതിശൂന്യമെന്നതു പരമാൎത്ഥംതന്നെ. അവയുടെ വിശ്വാസ്യതയിൽ സംശയം തോന്നിപ്പോകുന്നുണ്ട്.

ആധുനികസന്ധിയിൽ പരിതവീക്ഷണനയം പരിപാലിക്കുന്നതിനു സൂക്ഷ്മതരവും നിൎന്നിമേഷവുമായ വാൎത്താഗ്രഹണം അനുപേക്ഷണീയമെന്ന് തിരുമേനിയുടെ ഗവൺമെൻറു് അഭിപ്രായപ്പെടുന്നു. അഫ്ഗാനിസ്ഥാനിൽ പല ഇടങ്ങളിലുമുള്ള ജനങ്ങളുടെ സ്വഭാവം, അവിടത്തെ പ്രമാണികളുടെ ഗൂഢാലോചനകളും കൗശലങ്ങളും, അതിൎത്തിയിൽ സഞ്ചാരികളായ വൎത്തക്കാരുടെഗതികൾ വിദേശകോയിമ്മകൾ, അകത്തും അതിൎത്തിയിലും പ്രയോഗിക്കാവുന്ന ശക്തിയുടെ പരിമാണം എന്നീയാതൊന്നും

അവിടെ താമസിക്കുന്ന ഒരു ഇംഗ്ലീഷ് ഏജൻറിനല്ലാതെ പരിപൂർണ്ണമായി നിങ്ങൾക്കു നൽകുവാൻ സാധിക്കുന്നതല്ല. ഇവയ്ക്കു പുറമെ വേറെയും പല സംഗതികളുണ്ട്. സൈനികവകുപ്പുകാർ പ്രത്യേകം ശ്രദ്ധിക്കേണ്ട പല സംഗതികളും ഉണ്ട്. അവയുടെ സംഭരണത്തിന് നാട്ടുകാർ നിങ്ങളുടെ വിശ്വാസ്യമായ അറിവു നൽകുന്നതിനു ശക്തരോ, സംതൃപ്തരോ അല്ലെന്നുള്ളതു നിശ്ചയവുമാണ്.

സാലിസ്ബറി ഇത്ര ശ്രദ്ധയോടെ നീക്കംചെയ്യണമെന്നു പറയുന്ന ഏജൻറ് ഒരു മഹമ്മദീയനാണ്. ഇദ്ദേഹത്തിൻെറ പേർ അററാമഹമ്മദ് എന്നത്രെ. മാന്യനായ സാലിസ്ബറിക്ക് ഏജൻറിൻെറ ഏതെങ്കിലും ഒരു കർത്തവ്യഭ്രംശത്തെ ചൂണ്ടിക്കാണിപ്പാൻ സാധിച്ചിരുന്നില്ല. അററാമഹമ്മദ്, അഫ്ഗാനിസ്ഥാൻെറയും പരിസരങ്ങളുടേയും വിവരം അറിയിക്കാതിരുന്ന ഒരവസരംപോലും കണ്ടെത്തുവാൻ ആർക്കും സാധിക്കുന്നതല്ല.

അററാമഹമ്മദിനു പകരം ഒരു ക്രിസ്ത്യൻ ഏജൻറിനെത്തന്നെ നിയമിക്കണമെന്നു സാലിസ്ബറിക്ക് അഥവാ സിസറാലിക്കു തോന്നുവാൻ കാരണമെന്ത്?

ഹിന്ദുസ്ഥാനത്തിലുള്ള ചില രാജാക്കന്മാരോടു ബ്രിട്ടീഷുകാർ അനുഷ്ഠിച്ച ചില കൗടില്യമീമാംസയെ അടിസ്ഥാനപ്പെടുത്തി വ്യവഹരിച്ചാൽ മാത്രമെ ഈ പ്രശ്നത്തിനു തൃപ്തികരമായ ഒരു സമാധാനമുണ്ടാകയുള്ളു. ബ്രിട്ടീഷ്ഗവൺമെൻറ് ഒരു ഇൻഡ്യൻരാജധാനിയെ കബളീകരിക്കണമെന്നോ, ഒരു സ്വതന്ത്രരാജാവിനെ അധീനപ്പെടുത്തി സാമന്തനാക്കണമെന്നോ ഇച്ഛിക്കുമ്പോൾ എല്ലാം അവരുടെ ആദ്യശ്രമം അക്രൈസ്തവനായ രാജാവിനെ ഒരു ഇംഗ്ലീഷ് റസിഡൻറ് അല്ലെങ്കിൽ ഏജൻറിനോടു ദൃഢബന്ധം വരുത്തുകയത്രെ. ഇൻഡ്യൻരാജാക്കന്മാരുടെ രാജധാനികളിൽ ഈ റസിഡൻറന്മാർ ഒരു വിദഗ്ധൻെറ വേഷംകെട്ടി ആടിത്തുടങ്ങും. സംരോധിതമായ കാർട്ടൂംനഗരത്തിൽ കിടന്നു നിര്യാതനായ ജനറൽ ഗോർഡൻ ഇങ്ങിനെയുള്ള വിദഗ്ധന്മാരെക്കുറിച്ചു രസകരമായി പറഞ്ഞിട്ടുണ്ട്:— "നമ്മുടെ വിദഗ്ധന്മാർ വെറും പൊള്ളകളാണു. അവർ ഔദ്യോഗികമഹത്വമുള്ളവരല്ല. എൻെറ അഭിപ്രായം പറകയാണെങ്കിൽ ഞാൻ അവരെ വെറുക്കുന്നു. ഏതാനും ചിലരെ ഒഴിച്ചാൽ മററുള്ളവരെല്ലാം നിന്ദ്യന്മാരായ വഞ്ചകരല്ലാതെ ഇക്കൂട്ടരിലില്ല. അവർക്ക് ഈ പരമാർത്ഥം അറിവുള്ളതെന്നുംകൂടി ഞാൻവിശ്വസിക്കുന്നു."

(തുടരും)

# * സാഹിത്യത്തിൽ ശിശുക്കൾക്കുള്ള സ്ഥാനം.

(ആർ. പത്മനാഭപിള്ള ബി. എ., ബി. എൽ.)

"ശിശുക്കളെ ശരിയായി പഠിപ്പിയ്ക്കണമെങ്കിൽ, അവരിൽനിന്നും ധാരാളം പഠിയ്ക്കണം" കല്ലണ്ടർ.

സാഹിത്യത്തിൽ ശിശുക്കൾക്കുള്ള സ്ഥാനം ഇതരവിഷയങ്ങളേക്കാൾ അപ്രധാനമാണെന്നുള്ള സംഗതി ശിശുജീവിതത്തെപ്പററിയും അവരുടെ വളർച്ചയെപ്പററിയും ചിന്തിച്ചിട്ടുള്ളവക്ക് പ്രത്യക്ഷത്തിൽ കാണാൻ സാധിയ്ക്കുന്നതാണ്. മനുഷ്യന്റെ വിവിധജീവിതവൃത്തികളേയും ആ പ്രവൃത്തികൾ സാന്മാൎഗ്ഗികമോ, അസാന്മാൎഗ്ഗികമോ, ബുദ്ധിപൂൎവമോ, ബുദ്ധിശൂന്യമോ, യഥാൎത്ഥമോ, ആദൎശപരമോ, ശ്രേയസ്കരമോ, വിനാശകരമോ, ആവട്ടെ—അനുഭവങ്ങളേയും ആവരണംചെയ്യുന്ന സാഹിത്യം, 'ശൈശവം' എന്ന ഈ വിഷയത്തെ മനഃപൂൎവം ഉപേക്ഷിച്ചതുപോലെ നമുക്ക് തോന്നിപ്പോകുന്നു. എന്നാൽ ശിശുക്കളെ സാഹിത്യത്തിൽനിന്നും തീരെ വിട്ടുകളഞ്ഞുവെന്നും നമുക്ക് പ്രസ്താവിച്ചുകൂടാ. എന്തുകൊണ്ടെന്നാൽ, ജീവിതത്തിൽ സംഭവിച്ചിട്ടുള്ളതും, സംഭവിച്ചുകൊണ്ടിരിക്കുന്നതുമായ സംഗതികളുടെ ഒരു പ്രതിഫലനം മാത്രമായ സാഹിത്യത്തിന്. മനുഷ്യസമുദായത്തിന്റെ അതിപ്രധാനവും, അത്യാവശ്യകരവുമായ ഒരംശമായി പരിണമിച്ചിട്ടുള്ള ശിശുവിനെ വിസ്മരിക്കുന്നതിന് നിവൃത്തിയില്ല. പക്ഷെ ഗൗരവതരമോ, ആലോചനാപൂൎവകമോ ആയ ഒരു ചിന്താവിഷയമായി 'ശൈശവം' സുപ്രസിദ്ധ സാഹിത്യകാരന്മാരുടെ ശ്രദ്ധയെ ആകൎഷിച്ചില്ല.

യാതൊന്നിനുവേണ്ടി മനുഷ്യസമുദായം അതിന്റെ സൎവ്വശക്തികളും പ്രയത്നങ്ങളും വിനിയോഗിയ്ക്കുന്നുവോ, യാതൊന്നിന്റെ ഭാവിസൗഖ്യത്തിനുവേണ്ടി മാനവലോകം ആചല്ക്കരങ്ങളായ പ്രവൃത്തിപദ്ധതികളിൽ ഉപാലും ഏൎപ്പെട്ട് യത്നിയ്ക്കുന്നുവോ, അപ്രകാരമുള്ള ശിശുവിന് ജീവിതത്തിലുള്ള പ്രാധാന്യം മനസ്സിൽ വച്ചുകൊണ്ട്, സാഹിത്യസാമ്രാജ്യത്തിൽ ചിരപ്രതിഷ്ഠിതന്മാരും സുപ്രസിദ്ധന്മാരുമായ ഷേക്സ്പിയർ, മിൽട്ടൺ, ഡാന്റെ, വെർജിൽ, ഇലിയട്ട്, ഹാതാൺ, ഗായ്ഥ മുതലായ മാന്യന്മാരുടെ ഗ്രന്ഥങ്ങൾ നാം പാരായണംചെയ്യുന്നതായാൽ, സമുദായത്തിന്റെ ആധുനികജീവിതത്തിൽ അവനു ലഭിച്ചിട്ടുള്ളിടത്തോടം പ്രാധാന്യം സാഹിത്യത്തിൽ സിദ്ധിച്ചിട്ടില്ലെന്നുള്ള സംഗതി പ്രസ്പഷ്ടമാകുന്നതാണ്. ഈ

* ഇംഗ്ലീഷിൽനിന്നും

സംഗതിയിൽ സാഹിത്യം ജീവിതത്തിൽനിന്നും എത്രയോ ഭിന്നമായ ഒരു നിലയാണു് കൈക്കൊണ്ടിരിയ്ക്കുന്നതു്.

സ്വതസ്സിദ്ധവും നൈസർഗ്ഗികവുമായ മാഹാത്മ്യംകൊണ്ടു ശിശുക്കൾക്കു് സാഹിത്യത്തിൽ പ്രശോഭിക്കുന്നതിനു സാധിച്ചിട്ടില്ലെങ്കിലും, ഇതരന്മാർ അവരെ സാഹിത്യത്തിൽ പ്രവേശിപ്പിച്ചു് അഭിനയിപ്പിക്കുന്നതു നമ്മുടെ ശ്രദ്ധയെ ആകർഷിച്ചിരിക്കാം. സാഹിത്യത്തിൽ ഏററവും മഹനീയവും, ഹൃദയാകർഷകവുമായ ചില ഭാഗങ്ങൾ മനുഷ്യസമുദായത്തോടു വിളിച്ചുപറയുന്നതു് ശിശുക്കളുടെ അധരങ്ങളിൽക്കൂടിയാണെന്നു സാഹിത്യരസികന്മാർ സമ്മതിക്കുന്നതാണു്. ചില മൌലികതത്വങ്ങൾ പ്രഖ്യാപനം ചെയ്യുന്നതിലേയ്ക്കായി പ്രാചീനസാഹിത്യകാരന്മാരും ഇദാനീന്തനസാഹിത്യകാരന്മാരും ശിശുക്കളെ ഉപയോഗിച്ചിട്ടുണ്ടു്. 'സെമിററിക്കു്' എന്ന വംശക്കാർ ഈ വിധം സാന്മാർഗ്ഗികോപദേശം ചെയ്യുന്നതിനായി ശിശുക്കളെ സാധാരണ ഉപയോഗിച്ചുവരാറുണ്ടായിരുന്നു. ഈജിപ്റ്റിലെ ആദ്യസാഹിത്യകാരന്മാർക്കും ഗ്രീക്കുകാർക്കും ഈ പതിവുണ്ടായിരുന്നതായി അവരുടെ അക്കാലത്തെ ഗ്രന്ഥങ്ങൾ വ്യക്തമാക്കുന്നുണ്ടു്. സാന്മാർഗ്ഗികതത്വങ്ങൾ ലോകസമക്ഷം അവതരിപ്പിക്കുന്നതിനുള്ള ഒരു ഉപകരണമായിട്ടാണു് റോമൻസാഹിത്യകാരന്മാർ ശിശുവിനെ ഗണിച്ചിരുന്നതു്. ഇപ്രകാരം ചില സാന്മാർഗ്ഗികതത്വങ്ങൾ ലോകത്തോടുപദേശിക്കുന്നതിനു ശിശുക്കളെ ഉപയോഗിച്ചുവന്നെങ്കിലും, അവർ പ്രഖ്യാപനം ചെയ്ത തത്വത്തോടു് അവർക്കെന്തെങ്കിലും സാമീപ്യമുണ്ടെന്നു് അന്നുള്ളവർ മനസ്സിലാക്കിയിരുന്നില്ല. മനുഷ്യസമുദായത്തിൻെറ സകല പ്രവൃത്തികളിലും പ്രവേശിക്കത്തക്കവണ്ണം ഒരു മഹത്വം ശിശുക്കളിൽ നിക്ഷിപ്തമായിട്ടുണ്ടെന്നുള്ള സംഗതി പുരാതനസാഹിത്യകാരന്മാരുടേയൊ, ആധുനികസാഹിത്യകാരന്മാരുടേയൊ ദൃഷ്ടികൾക്കു് ലക്ഷീഭവിച്ചിട്ടില്ലെന്നു് വ്യസനസമേതം പ്രസ്താവിയ്ക്കേണ്ടിയിരിക്കുന്നു. ഏതു സന്ദർഭത്തിലും ഏററവും പ്രയോജനകരവും ഫലപ്രദവുമായ ഒരു രൂപമഹത്വം ശിശുക്കളിൽ സ്ഥിതിചെയ്യുന്നുണ്ടെന്നുള്ള വസ്തുത ശിശുജീവിതത്തെപ്പററി വിമർശിച്ചിട്ടുള്ള സാഹിത്യകാരന്മാരല്ലാതെ ഇതരഗ്രന്ഥകാരന്മാർ മനസ്സിലാക്കിയിട്ടുണ്ടോ എന്നുള്ളതു സംശയാസ്പദമാണു്. ഈ അവസരങ്ങളിലെല്ലാം അവരെ ഉപയോഗപ്രദമാക്കുന്നതു് അവർക്കു സിദ്ധിച്ചിട്ടുള്ള ലോകപരിചയത്തിൻെറയൊ പാകതയുടേയൊ ഫലമല്ല; എന്നാൽ തങ്ങൾക്കു പരിചയമില്ലാത്ത ഒരു ലോകവുമായി ഇടപെടുന്നതിനു് നൈസർഗ്ഗികമായിത്തന്നെ തങ്ങളിൽ നിക്ഷിപ്തമായിട്ടുള്ള ഒരു അന്തർലീനശക്തിയുടെ പ്രവൎത്തനത്തിൻെറ ഫലം മാത്രമാകുന്നു. ഈ തത്വം ആംഗ്ലേയമഹാകവിയായ വേഡ്സ് വൎത്തിൻെറ കവിതകളി

ലും, ഹാതാൺ രചിച്ചിട്ടുള്ള 'സ്കാർലററ്ലററർ' എന്ന ഗ്രന്ഥത്തിലും വിശദമാക്കിയിട്ടുണ്ടു്.

സംഗതികളുടെ അസാധാരണമായ ഈ നിലയ്ക്കുള്ള കാരണം എന്താണെന്നു് നമുക്കു പരിശോധിച്ചുനോക്കാം.

മനുഷ്യജീവിതാനുഭവങ്ങളുടെ—ആ അനുഭവങ്ങൾ എന്തായിരുന്നാലും ശരി—ഒരു പ്രതിഫലനം മാത്രമാണു് സാഹിത്യം എന്നു നാം സാധാരണ പറഞ്ഞുവരുന്നു. ഈ അനുഭവങ്ങളെ ഉദാഹരണസഹിതം സാഹിത്യത്തിലും ഉപയോഗിച്ചുവരുന്നു. സാഹിത്യത്തിൻെറ അടിസ്ഥാനം ജീവിതാനുഭവങ്ങൾ തന്നെയാകുന്നു. എന്നാൽ പ്രാചീനസാഹിത്യനിർമ്മാതാക്കളുടെ അഭിപ്രായത്തിൽ ഈ ജീവിതാനുഭവങ്ങളെ ശിശുക്കൾ പ്രതിനിധീകരിച്ചിരുന്നില്ല. ലോകത്തിൽ ആവിർഭവിച്ചിട്ടു് അല്പം നാളുകൾ മാത്രം പ്രായം ചെന്നിട്ടുള്ള ഇക്കൂട്ടർക്കു് ഇതു സാദ്ധ്യമല്ലെന്നു ഇവർ വാദിച്ചു. ജീവിതം എന്താണെന്നറിയാൻ പാടില്ലാത്ത ഈ ശിശുക്കൾ ചെറുപ്പമാണെന്നു മാത്രമല്ല, പഠിപ്പില്ലാത്തവരും, മനുഷ്യസമുദായത്തിൻെറ മഹനീയങ്ങളായ ആദർശങ്ങളെയൊ ആശയങ്ങളെയൊ മനസ്സിലാക്കുന്നതിനു തക്ക ത്രാണിയില്ലാത്തവരുമാണെന്നായിരുന്നു പുരാതനകാലത്തുള്ള സാഹിത്യകാരന്മാർ വിശ്വസിച്ചിരുന്നതു്. ജീവിതാദർശങ്ങളെ മനസ്സിലാക്കുന്നതിനു പാടവം ഇല്ലാത്ത ശിശു, സാഹിതീദേവിക്കു് ഒരു ഭൂഷണമായി പരിണമിക്കാൻ വഴിയുണ്ടെന്നു് അന്നത്തെ സാഹിത്യനിർമ്മാതാക്കൾ സ്വപ്നത്തിൽപോലും വിചാരിച്ചില്ല. ചുരുക്കി പറയുന്നതാണെങ്കിൽ, വർണ്ണനീയവും പ്രസ്താവയോഗ്യവുമായ അനുഭവങ്ങൾ ഭാവിയിലുണ്ടാകാവുന്ന ഒരു ജീവിയായിട്ടു മാത്രമേ ശിശു അവരുടെ മനോദർപ്പണത്തിൽ പ്രതിഫലിച്ചുള്ളു. ഈ ശിശു, ശാശ്വതഫലഭൂയിഷ്ഠവും, രസസമ്പന്നവും, ഉല്ലാസപ്രദവുമായ ഒരു അഗാധഖനിയായിരിക്കാമെന്നോ, ഈ ചെറിയ വിഗ്രഹത്തിൻെറ ഹൃദയാന്തർഭാഗത്തു മനുഷ്യസമുദായത്തെ സചേതനമാക്കുന്ന പ്രധാനപ്പെട്ട സകല ആശയങ്ങളും ആഗ്രഹങ്ങളും ബഹിർഭാഗത്തേയ്ക്കു പ്രവഹിക്കുന്നതിനായി തരംഗങ്ങളെപ്പോലെ തള്ളിത്തകർക്കുന്നുണ്ടായിരിക്കാമെന്നൊ, ഇവരുടെ പ്രവൃത്തി മനുഷ്യരുടെ പ്രതാപത്തേയും സമൃദ്ധിയേയും അധഃപതിപ്പിയ്ക്കുന്നതിനൊ, അഭിവൃദ്ധിപ്പെടുത്തുന്നതിനൊ പര്യാപ്തങ്ങളാണെന്നൊ പ്രാചീനകാലത്തെ സുപ്രസിദ്ധസാഹിത്യകാരന്മാർ മനസ്സിലാക്കിയിട്ടുണ്ടെന്നുള്ളതിനു ലക്ഷ്യങ്ങളില്ലെന്നു സധൈര്യം പ്രസ്താവിക്കാം. "ഈശ്വരസാമീപ്യം ലഭിക്കുവാൻ മനുഷ്യൻ ശിശുവിനെപ്പോലെ ഭവിക്കാതെ ഗത്യന്തരമില്ല" എന്നു് ക്രിസ്തുമതസ്ഥാപകനായ ജീസസ്സ് മനസ്സിലാക്കുകയും ലോകത്തോടുപദേശിക്കുകയും ചെയ്തു. ജീസസ് ക്രൈസ്റ്റിൻെറ തത്വോപദേശ

ങ്ങളിൽ വച്ച് ഏറ്റവും പ്രധാനമായ ഈ തത്വം സാഹിത്യകാരന്മാരുടെ ശ്രദ്ധയെ ആകർഷിക്കത്തക്കതായിരുന്നില്ലേ എന്ന് നമുക്കു തോന്നിയേക്കാം. എന്നാൽ അവരുടെ ശ്രദ്ധയെ അതാകർഷിച്ചില്ല. ഇതിന്റെ ഫലമോ? മറെറാരു ഭാഗത്തു ക്രിസ്തു പറയുന്നതുപോലെ "അഭ്യസ്തവിദ്യരും ബുദ്ധിമാന്മാരുമായവരിൽനിന്ന് താങ്കൾ ഈ സംഗതികൾ മറയ്ക്കുകയും, കേവലം ശിശുക്കൾക്ക് പ്രസ്പഷ്ടമാക്കുകയുമത്രെ ചെയ്യുന്നതു്." ലോകപരിചയവിഹീനത തന്നെയാണ് ശിശുക്കൾക്കു സാഹിത്യത്തിൽ ശരിയായ സ്ഥാനം ലഭിക്കാത്തതിനുള്ള കാരണം.

ശിശുക്കളെ അന്വേഷിച്ചു കണ്ടുപിടിക്കുന്ന കാൎയ്യത്തിൽ സാഹിത്യം ഏറ്റവും പിന്നണിയിലാണു നിന്നിരുന്നതെങ്കിലും, ശിശുക്കൾക്ക് സാഹിത്യം ഒരു അജ്ഞാതസാമ്രാജ്യമായിട്ടേ ഇന്നും സ്ഥിതിചെയ്യുന്നുള്ളു വെങ്കിലും, ഇവിടേയും ശിശുക്കൾ അവരുടെ സ്വതസ്സിദ്ധമായ ശക്തിയേയും വളർച്ചയേയും പ്രാപിച്ചുതുടങ്ങിയിട്ടുള്ളതായി നമുക്കു കാണ്മാൻ കഴിയും.

(തുടരും)

# താ ട ക.

(സീതാദേവി)

ഹീരേന്ദ്രൻ ഒരു വീടന്വേഷിച്ചു നടക്കയായിരുന്നു. കഴിഞ്ഞ മദ്ധ്യവേനൽ ഒഴിവിന് സകുടുംബം റംഗൂണിൽനിന്നു തിരിച്ചുപോന്നു. വെക്കേഷൻ കഴിഞ്ഞു തിരിയെ പോരുന്നതു ഒററയ്ക്കാകാമെന്ന് അന്നുദ്ദേശിച്ചിരുന്നു. പക്ഷെ ഭാൎയ്യയുടെ അഭിപ്രായം ഒന്നു മാറിയതുകൊണ്ട് കല്ക്കട്ടയിൽ താമസിക്കുന്നതിനു പകരം ആ സ്ത്രീ ഭൎത്താവിനെ അനുഗമിക്കയാണുണ്ടായതു്. മുമ്പേ വാടകയ്ക്കെടുത്തിരുന്ന വീട് അന്നുതന്നെ ഉപേക്ഷിച്ചതുകൊണ്ട് അവർ ഇപ്പോൾ ഒരു സ്നേഹിതന്റെ വീട്ടിലാണു താമസിക്കുന്നതു്. ഒരു നല്ല സ്ഥലമന്വേഷിച്ചു കിട്ടുന്നതുവരെ അങ്ങിനെയല്ലാതെ ഗത്യന്തരമില്ല.

ഇപ്പോഴത്തെ പൊറുതി പ്രോവായ്ക്കു് അശേഷവും ഹിതകരമായിരുന്നില്ല. അവരുടെ കുട്ടിയ്ക്കും അങ്ങിനെതന്നെയായിരുന്നു. മകൾ രമ

വും പകലും കരഞ്ഞുകൊണ്ടുതന്നെ കഴിച്ചുകൂട്ടി. അതിനാൽ മാതാപിതാക്കന്മാർ വളരെ വിഷമിച്ചു. ഹീരേന്ദ്രൻെറ ഈ പുറപ്പാട്ട് ഉദാസീനമായിട്ടല്ലെന്നുള്ളതു നിശ്ചയംതന്നെ.

ഉച്ച തിരിഞ്ഞതിനു ശേഷം അദ്ദേഹം ഒഴിഞ്ഞുകിടക്കുന്ന പല വീടുകളും കയറിയിറങ്ങി. സന്ധ്യയോടുകൂടി തിരിച്ചെത്തി. ഫലമറിവാനുള്ള മോഹംകൊണ്ടു് ഭാൎയ്യയുടെ അടുത്തുവന്നു.

ഹീരേന്ദ്രൻ:— ഞാൻ ഒരു വീടു കണ്ടെത്തി. അതു്........ ഒരു തെരുവിലാണു്. നിങ്ങൾക്കതു് ഇഷ്ടമാകുമോ, ആവോ. വേറെ ഒന്നും ഇതുപോലും നന്നായി കണ്ടില്ല.

പ്രോവ ഉത്സാഹത്തോടെ:— ഓഹോ എനിക്കിഷ്ടംതന്നെ; നിശ്ചയം. നാലു ഭിത്തിയും ഒരു മേല്പുരയുമുണ്ടെങ്കിൽ ഞാൻ സമ്മതിച്ചു.

ഭൎത്താവു്:— അങ്ങിനെ ഉറയ്ക്കണ്ട. നിങ്ങളുടെ ഉത്സാഹമൊക്കെ വന്നപോലെ പോകയും ചെയ്യും. ഒന്നും സ്ഥിരമായി നില്ക്കാറില്ല. പിന്നെയും ഞാൻ കിടന്നു ഓടിക്കൊള്ളണം. നല്ലപോലെ കാൎയ്യങ്ങൾ കേൾക്കു. സ്വല്പം ആലോചിച്ചു മറുപടി പറയു. അല്ലാതെ അങ്ങോട്ടു ചാടിയാൽ രണ്ടുദിവസം കഴിയുമ്പോൾ വേറെ ഒന്നു അന്വേഷിക്കേണ്ടിവരും. അടുത്ത ആഴ്ചയിൽ കാളേജു തുറക്കും. പിന്നെ വീടന്വേഷിക്കാൻ സമയവും കിട്ടുകയില്ല.

പ്രോവ അല്പം ശാന്തമായി:— ഇപ്പോൾ കണ്ട വീടിനു കുറവെന്താണു്.

ഹീരേന്ദ്രൻ:— കുറവൊന്നുമില്ല. വാസ്തവത്തിൽ അല്പം ഗുണവുമുണ്ടു്. വാടക കുറവാണു്. രണ്ടു വലിയ മുറികളുണ്ടു്. വെളിച്ചവും വായുവും നല്ലപോലെ കിട്ടും. കെട്ടിടം പുതിയതാകകൊണ്ടു് എലിയും മറ്റു ക്ഷുദ്രജന്തുക്കളും പാൎപ്പു തുടങ്ങിയിട്ടില്ല. പക്ഷെ അയൽ നന്നല്ല. പിൻപുറത്തു മഹമ്മദീയരും മദ്രാസികളും ഉണ്ടു്. ഒരു വശത്തു് ഒരു നാടൻ സാഹിബ് താമസമുണ്ടു്. അതാണു വിഷമകേന്ദ്രം. നാം ഇപ്പോൾ എടുക്കാമെന്നു വിചാരിക്കുന്ന സ്ഥലത്തു് ഒരു ബങ്കാളി താമസിച്ചിരുന്നു. അദ്ദേഹം ആ പ്രദേശം നന്നെ വെറുത്തിട്ടാണു അവിടം വിട്ടതു്. അതുകൊണ്ടു നല്ലപോലെ ആലോചിച്ചുവേണം ആ സ്ഥലമെടുക്കാൻ.

പ്രോവ രണ്ടടി പിന്നോട്ടു മാറി:— സാഹിബ് വലിയ കുടിയനാണോ?

ഹീരേന്ദ്രൻ ചിരിച്ചുകൊണ്ടു്:— വാസ്തവം പറകയാണെങ്കിൽ ആ ആൾ ഒരു സാഹിബ്ബുമല്ല, മദ്യപനുമല്ല.

ഫ്രോവ:— പിന്നെ എന്ത, ആരാ.

ഹിരേന്ദ്രൻ:— അതു് ഒരു കറുത്ത മദാമ്മസാഹിബ്ബാണ്. അവൾ ഒരു രാക്ഷസിയുടെ അവതാരമാണ്. ഒരു തുറന്ന പോരാട്ടത്തിൽ ഒരു പുരുഷനും അവളോടു നേരിടുവാൻ സാദ്ധ്യമല്ല.

ഫ്രോവ:— ഒ, ഒരു പെണ്ണല്ലെ. അവളെ ഇത്ര പേടിക്കുന്നോ? ആ വീടുതന്നെ ഏൎപ്പാടു ചെയ്തുകൊള്ളു. ഞാനെല്ലാം ശരിപ്പെടുത്തിക്കൊള്ളാം. യുദ്ധത്തിൽ ഞാനവളോടു തോല്ക്കുമെങ്കിൽ അവളെ ഞാൻ ചങ്ങാതിയാക്കും.

ഹിരേന്ദ്രൻ ചിരിച്ചുകൊണ്ടു്:— എന്നാൽ കാൎയ്യം ശരിയായി. നിങ്ങളെ അടിമകളെന്നു ലോകം പറയുന്നുണ്ടെങ്കിലും ഈ ഒരു സൂത്രം നിങ്ങൾക്കു സ്വാധീനമാകകൊണ്ടു് ലോകത്തെ നിങ്ങൾ അടിമയാക്കുന്നു. ആട്ടെ, എന്നാൽ നാളെ ഞാൻ വീടു് ഏൎപ്പാടുചെയ്യാം. സാമാനങ്ങളെല്ലാം ഒരുക്കി തയാറാക്കിക്കൊള്ളു.

അടുത്ത ദിവസം തന്നെ അവർ പുതിയ വീട്ടിലേക്കു തിരിച്ചു. "ആവു ദൈവമെ, ആ മാളത്തിൽ നിന്നു രക്ഷപെട്ടല്ലൊ" എന്നു ഫ്രോവ വണ്ടികയറിയ ഉടനെ പറഞ്ഞു.

ഭൎത്താവു്:— ചാടാൻ വരട്ടെ. പുതിയ വീട്ടിൽ ചെന്നു രണ്ടു ദിവസം കഴിയട്ടെ.

ആദ്യദിവസം അയൽക്കാരുടെ കഥകളൊന്നും അറിവാൻ ഫ്രോവയ്ക്കു് ഇടകിട്ടിയില്ല. സാമാനങ്ങളെല്ലാം ഉചിതസ്ഥാനങ്ങളിൽ സൂക്ഷിക്കുന്നതിന്നു് അവളുടെ ശ്രദ്ധ പതിച്ചിരുന്നു. അതു ചില്ലറ ജോലി ആയിരുന്നില്ല. പകൽ മുഴുവൻകൊണ്ടേ അതു സാധിച്ചുള്ളു. സന്ധ്യയായപ്പോഴയ്ക്കും വല്ല ദിക്കിലുമൊന്നു കിടന്നാൽ മതിയെന്നായി.

അടുത്ത പ്രഭാതത്തിൽ അവൾ ഉണൎന്നതുതന്നെ വളരെ പുലൎന്നിട്ടാണ്. കുറച്ചുകൂടി കിടക്കുമായിരുന്നു. പക്ഷെ ഒരു അലൎച്ച കേട്ടു് അവൾ ഞെട്ടിയുണൎന്നുപോയി. അതു് ഒരു സ്ത്രീയുടെ ശബ്ദമാണെങ്കിലും അതു ഭീകരമായിരുന്നു. "അതു എന്റെ പണമാണ്, നിന്റെ വകയല്ല; നിന്നെക്കൊണ്ടു് എന്തു സാധിക്കും." ഇത്രയും കഴിഞ്ഞിട്ടു് ഒരു പാത്രമുടയുന്ന ശബ്ദവും കേട്ടു.

ഫ്രോവ മെത്തയിൽനിന്നു ഞെട്ടി എഴുന്നേറ്റു; ജനൽ തുറന്നു. എതിർവീടിന്റെ ജനലും അതിനു നേരെ ആയിരുന്നു. വൃത്തിഹീനമായ ഒരു സ്ക്രീൻകൊണ്ടു് അതു മറച്ചിരുന്നു. ആ വീടനകത്തു് ഒരു ദ്വന്ദ്വയുദ്ധം

നടക്കുന്നുണ്ടെന്നു എളുപ്പം മനസ്സിലായി. പ്രോവ ജനൽ പെട്ടെന്നു അടച്ചതുകൊണ്ട് അല്പമൊരു ശബ്ദമുണ്ടായി.

ഈ ശബ്ദംകേട്ട് ഹീരേന്ദ്രനും ഉണൎന്നു.

ഹീരേന്ദ്രൻ:— എന്താണിങ്ങനെ ജനൽ അടയ്ക്കുന്നത്. മഴ പെയ്യുന്നുണ്ടോ.

പ്രോവ:— ഇല്ല; പക്ഷെ ഇടി വെട്ടുന്നുണ്ട്.

ഉണൎന്നിട്ടും മെത്തയിൽ നിന്നു എഴുന്നേല്ക്കുവാൻ ഹീരേന്ദ്രൻ അല്പം മടി കാണിച്ചു. അല്പമൊന്നു ചരിഞ്ഞുകിടന്ന് ഉറക്കക്കുടിശ്ശിക തീൎക്കാൻ അയാൾ ഉറച്ചു. "ഇത്ര നേരത്തെ ഉണരുന്നത് എന്തു പോരായ്കയാണ്."

ഭാൎയ്യ:— നേരത്തെ തന്നെ. മണി എട്ടു കഴിഞ്ഞിട്ടും നേരം കുറെ ആയി. ഇത്രയും പറഞ്ഞിട്ടു ചായ ഉണ്ടാക്കുന്നതിനും മററു ചില ജോലിക്കുമായി പ്രോവ അവിടം വിട്ടു.

ഇപ്പോൾ പാചകവൃത്തിക്കുള്ള ആൾ ഇവരുടെ കൂടെ കൂടിയിട്ടു കാലം കുറെ ആയി. അതിനാൽ പ്രോവയുടെ ശ്രമത്തിനു വളരെ ലഘുത്വമുണ്ട്. പ്രോവ ചായയും കഴിച്ചു പുറത്തുള്ള ബാൽക്കണിയിൽനിന്നു നാലുപാടും നോക്കി.

ഇവരുടെ വീടിൻെറ മുൻവശത്തായി റോഡിൻെറ മറുവശത്ത് ഒരു ബാലികാപാഠശാലയുണ്ട്. അതു വിസ്തീൎണ്ണം ധാരാളമുള്ള ഒരു പുരയിടമത്രെ. ഏതാനും ഭാഗം വൃക്ഷങ്ങളാൽ ആവൃതമാണ്. റോഡിൽകൂടി പോകുന്ന ഒരുവന് അതിനകത്തുള്ള വിശേഷങ്ങൾ ഒന്നും കാണ്മാൻ സാധിക്കുകയില്ല. പ്രോവ മാളികമുകളിൽ നില്ക്കുന്നതുകൊണ്ട് എല്ലാം നല്ല പോലെ കാണാം. അപ്പോൾ ക്ലാസുകളൊന്നും തുടങ്ങീട്ടില്ലായിരുന്നു. എങ്കിലും ചില കുട്ടികളെ കാണ്മാനുണ്ട്. അവർ അവിടത്തെ ബോർഡേഴ്സായിരിക്കാം. അവർ താമസിക്കുന്നതിനു താഴെ ഒരു മഹമ്മദൻ കച്ചവടം ചെയ്യുന്നു.

വലതുവശത്തു താഴത്തുള്ള മുറിയിൽ ഒരു മദ്രാസി താമസിക്കുന്നു. മുകളിൽ ഒരു അമ്മസാഹിബ് താമസിക്കുന്നുണ്ട്. അടുത്ത ബാൽക്കണിയിൽ ഒരുക്കൂട്ടം കറുത്ത കുട്ടികൾ കളിച്ചുകൊണ്ടിരിക്കുന്നു. രണ്ടാംനിലയിൽ താമസിക്കുന്ന ഇംഗ്ലീഷുകാരി അയൽക്കാരെ ഒന്നു നോക്കി; ഉടനെതന്നെ അകത്തോട്ടു പോകയും ചെയ്തു.

പ്രോവ അയൽക്കാരെ സശ്രദ്ധം നോക്കുന്നു. മററുചിലരും തന്നെ

അതുപോലെ ചെയ്യുന്നുണ്ടെന്ന കഥ അവൾ തല്ക്കാലത്തേയ്ക്കു മറന്നിരിക്കുന്നു. പെട്ടെന്ന് അവൾ തിരിഞ്ഞു നോക്കിയപ്പോൾ അടുത്ത ബാൽക്കണിയിൽ എളിക്കു കയ്യുംകൊടുത്ത് ഒരു സ്ത്രീ പ്രോവയുടെ കേശാദിപരിശോധന നടത്തുന്നതായി കണ്ടു. ഇവൾക്ക് ഏകദേശം നാല്പതുവയസ്സു പ്രായം തോന്നും. ഒരു അമ്മസാഹിബ്ബിന്റെ രീതിയിൽ വസ്ത്രധാരണം ചെയ്തിട്ടുണ്ട്. നിറം തനി കറുപ്പാണ്. ഏതു ജനവർഗ്ഗത്തിൽ പെട്ടവളെന്നു നിർണ്ണയിപ്പാൻ അസാദ്ധ്യമായിരുന്നു. അല്പം മങ്ഗോളിയൻവർഗ്ഗഛായ കാണുന്നുണ്ട്. അവളുടെ കണ്ണുകൾ ചെറുതെങ്കിലും തീക്ഷ്ണങ്ങളാണ്. ഭീമാകൃതിയിൽ ഒരു സ്ത്രീരൂപമെന്ന് ചുരുക്കിപറയാം. മുഖം സ്വഭാവത്തിന്റെ ദർപ്പണമെന്നതു ഇവരിൽ വ്യക്തമായി കാണപ്പെടുന്നുണ്ട്. ഈ സ്ത്രീയാണ് കുപ്രസിദ്ധയായ അയൽക്കാരി എന്നു പ്രോവയ്ക്കു മനസ്സിലായി. അവളുടെ പിന്നിൽ നിന്ന് ഒരു ചെറുപ്പക്കാരി പ്രോവയെ നോക്കുന്നു. അവൾ അനുജത്തി ആയിരിക്കാനുള്ള സകല ലക്ഷണവുമൊത്തവളത്രെ. പ്രോവ ഇവരെ സൂക്ഷിക്കുന്നുണ്ടെന്നറിഞ്ഞപ്പോൾ രണ്ടുപേരും ഇതരവ്യഗ്രത ഭാവിച്ച് അകത്തേക്കു പോയി.

പ്രോവ അകത്തു ചെന്നപ്പോൾ ഹീരേന്ദ്രൻ ചായ കുടിക്കാൻ ഭാവിക്കുന്നു. ഭാര്യയുടെ വരവു കണ്ടു ഉടനെ.

ഹീരേന്ദ്രൻ:— ആരെയാണ് ഇത്രനേരം കടാക്ഷിച്ചിരുന്നത്?

പ്രോവ:— നാം ഇവിടെ എത്തുന്നതിനു മുമ്പുതന്നെ കീർത്തിപ്രസരം അവിടെവന്നു തിരതല്ലിയില്ലെ; ആ ദേഹത്തെത്തന്നെ.

ഹീ:— എന്താ, കണ്ടാൽ കൊള്ളാമോ? പ്രഥമവീക്ഷണത്തിൽതന്നെ ആരെയും പ്രണയപാശംകൊണ്ടു ബന്ധിക്കുമോ.?

പ്രോ:— എനിയ്ക്ക് അതറിയാൻ തരമില്ലല്ലൊ. വേണമെങ്കിൽ ഒന്നു പരീക്ഷിച്ചു നോക്കരുതേ. അപ്പോൾ നിശ്ചയമായി അനുഭവപ്പെടുമല്ലൊ.

ചായകുടികഴിഞ്ഞു നടക്കാനായി ഹീരേന്ദ്രൻ പുറപ്പെട്ടു. കുഞ്ഞിനു പ്രാതൽ കൊടുത്തതിനു ശേഷം അടുക്കളയുടെ മേലന്വേഷണത്തിനു തിരിച്ചു. അടുക്കളയുടെ പിന്നിലായി ഒരു കോലായി ഉണ്ട്. പുറകുവശത്തുള്ള മുററത്തുനിന്ന് ഒരു ചെറിയ കോണിയും അതിലേക്കു വച്ചിരുന്നു. പ്രോവ ഇറയത്തെത്തി. റംഗ്രൂണിൽ വീടിനു പുറവശത്ത് സാധാരണ കാണാറുള്ള ഇടവഴികൾ ഈ വീടിനെ അനുഗ്രഹിച്ചിട്ടില്ലാത്തതുകൊണ്ട് അവൾ അത്യന്തം സന്തോഷിച്ചു. ആദ്യമായി റംഗ്രൂണിൽ എത്തിയ കാ

ലത്തു് ഈ ഇടവഴികളുടെ ദശ്നം അവളെ ഒട്ടധികം പീഡിപ്പിച്ചിരുന്നു. രണ്ടു വരി വീടുകളുടെ മദ്ധ്യേ ഇങ്ങനെ ഒരു വഴി അവിടെ സാധാരണമാണ്. എല്ലാ എടുപ്പുകളുടെ മുകളിൽനിന്നും പലതരം മലിനവസ്തുക്കളും ഈ വഴികളിലാണു നിക്ഷേപിക്കുന്നതു്. മുൻസിപ്പാലിററി തൂപ്പുകാരൻ ദിവസവും രാവിലെ വന്നു് അവൻെറ കമ്മവും കഴിച്ചു പോകും. പക്ഷേ അഞ്ചുമിനിട്ടിനകം വഴി പൂവ്രീതിയിൽ അടക്കച്ചവറു; പൊടി, മട്ടത്തൊണ്ടു്, ചീഞ്ഞഴുകിയ സാമാനങ്ങൾ എന്നിവകൊണ്ടു നിറയും. താഴത്തെ മുറികളെല്ലാം സാധാരണ ബമ്മാക്കാർ താമസിക്കുന്നവയാണ്. ബാല്യം മുതല്ക്കുള്ള പരിചയംകൊണ്ടു് ഈ വൃത്തിഹീനങ്ങളായ വഴികളെക്കുറിച്ചു അവക്കു് ഒരു വെറുപ്പുമില്ല. സ്റ്റൗ ഉപയോഗിക്കുന്ന ബമ്മാസ്ത്രീകൾ ഈ വഴിയിൽ തന്നെയിരുന്നു് ആഹാരസാധനം പാകംചെയ്യുന്നതു കണ്ടു പ്രോവ അത്ഭുതപ്പെട്ടിട്ടുണ്ടു്. ചിലപ്പോൾ മുകളിൽനിന്നു വീഴുന്ന ചവറു് അവരുടെ ആഹാരസാധനത്തിൽ ചെരുവാനിടയുണ്ടെങ്കിലും അവർ അതു നിസ്സാരമായിട്ടേ ഗണിക്കാറുള്ളു.

പിൻവശത്തു ഇടവഴിയില്ലെന്നു കണ്ടപ്പോൾതന്നെ പ്രോവയ്ക്കു വലിയ സന്തോഷമായി. പിൻവശത്തുള്ള മുററത്തു് പലമാതിരി വസ്ത്രങ്ങൾ അലക്കി ഉണങ്ങാനിട്ടിട്ടുണ്ടു്. മറുവശത്തായി അറയുംനിരയുമായി അനവധി വീടുകളുണ്ടു്. അവിടെ ജന്മികളുടെ ഭൃത്യന്മാരും കാര്യസ്ഥന്മാരും താമസിച്ചിരുന്നു. ചില പാവപ്പെട്ട കൃഷിക്കാരും അവിടെ അഭയം പ്രാപിച്ചിട്ടുണ്ടു്. പ്രോവയുടെ വരവു് എല്ലാവരുടേയും ശ്രദ്ധയെ ആകർഷിച്ചിരുന്നു.

പെട്ടെന്നുണ്ടായ ഒരു മുറവിളി പ്രോവായുടെ ശ്രദ്ധയെ ആകഷിച്ചു. ഒരു കറുത്ത കുട്ടി—നിലവിളി കൂട്ടിയവളാണ്—പുറത്തേയ്ക്കു ചാടുന്നതു കണ്ടു. അവൾ അത്യന്തം വേദനയോടെ കരകയാണെന്നു് ആരും സംശയിച്ചുപോകും.

അടുത്ത വറാൻഡയിൽ കറുത്ത അമ്മസാഹിബ് വന്നു. ഇങ്ങിനെ ഒരു കല്പന പുറപ്പെടുവിച്ചു. "വൃത്തികെട്ട ശവം. നിന്നെ പകൽമുഴുവനും ഒരകത്തിട്ടു പൂട്ടണം."

അവളുടെ ആജ്ഞാനുസരണം കുട്ടിയെ ശിക്ഷിച്ചു. ഒരു സ്ത്രീ--ആ കുട്ടിയുടെ അമ്മയെന്നു തോന്നുന്നു—പുറത്തുവന്നു് അവളെ വലിച്ചിഴച്ചു കൊണ്ടുപോയി. അമ്മസാഹിബ് പ്രോവയെ ഒന്നു സൂക്ഷിച്ചു നോക്കി. ഉടനെതന്നെ അകത്തേയ്ക്കു പോകയും ചെയ്തു. അല്പമൊരു മന്ദഹാസത്തോടെ പ്രോവ അമ്മസാഹിബ്ബിൻെറ കീത്തി മഹനീയംതന്നെ എന്നു വിചാരിച്ചു.

അന്ന് അതിനുശേഷം അമ്മസാഹിബ്ബിൻെറ ഒരു വത്തമാനവുമില്ല. അവർ കതകുകളെല്ലാം പൂട്ടി പുറത്ത് എവിടെയൊ പോയി തിരിച്ചുവന്നത് അധികമിരുട്ടിയതിനു ശേഷമായിരിക്കണം. പ്രോവ അതുതന്നെ അറിഞ്ഞില്ല.

അടുത്ത ദിവസവും ശാന്തമായി കഴിഞ്ഞുകൂടി. അന്നു വൈകാറായപ്പോഴേക്കും സംഗതികളുടെ വിധമെല്ലാം മാറിത്തുടങ്ങി. വലിയ ഒച്ച കേട്ടുകൊണ്ടു പ്രോവ ജാലകത്തിനടുത്തുചെന്ന് അതിനിടയിൽകൂടി നോക്കി. അമ്മസാഹിബ്ബിൻെറ മുറിയിൽ ഒരു മുഷ്ടിയുദ്ധം നടക്കുന്നതുപോലെ തോന്നി. ഒരു യുവസാഹിബ്ബിൻെറ കണ്ഠത്തിന് ഒററക്കൈകൊണ്ടു പിടിച്ച് മറെറ കൈ ചുരുട്ടി നല്ല പ്രഹരംകൊണ്ടു സല്ക്കരിക്കുന്നു. അയാൾ എന്തോ ചിലതു പിറുപിറുക്കുന്നു. പിടി വിടുവിക്കാൻ കഴിയുന്നതും ശ്രമിക്കുന്നുണ്ട്. അയാളും തനിക്കു കിട്ടുന്ന സമ്മാനങ്ങളിൽ ഒന്നോ രണ്ടോ മടക്കികൊടുത്തു. അത് അമ്മസാഹിബ്ബ് സ്വീകരിച്ചതായി ഭാവിക്കുന്നില്ല. സ്വകത്തവ്യത്തിൽ അല്പംപോലും വിഘ്നം വരുത്താതെ അനുഷ്ഠിക്കുന്നു. കഴിഞ്ഞ ദിവസം പ്രോവായുടെ ശ്രദ്ധയിൽ പതിഞ്ഞിരുന്ന ആ കറുത്ത പെൺകുട്ടി ഈ രംഗം സശ്രദ്ധം സൂക്ഷിച്ചു നില്ക്കുന്നുണ്ടായിരുന്നു.

പ്രോവ ഒരു ബങ്കാളിയുവതി ആയിരുന്നതുകൊണ്ട് ഈ കാഴ്ച അത്ര പരിചയപ്പെട്ടിട്ടില്ല. അവളുടെ നാട്ടിൽ അടിയൊ ഇടിയൊ വല്ലതും ഉണ്ടാകുന്നതു സാധാരണ പുരുഷകൃത്യവും, സ്ത്രീ അതിൻെറ അനുഭോക്താവുമായിട്ടു മാത്രമാണ്. ചെറിയ സാഹിബ്ബിൻെറ സ്ഥിതിയിൽ പ്രോവയ്ക്ക് അനുകമ്പ തോന്നി. ജനൽ അടച്ച് അവൾ അടുക്കളയിലേക്കു പോകയും ചെയ്തു.

കഴിഞ്ഞ ഒരു ദിവസം പ്രോവയുടെ ദൃഷ്ടിക്കു വിഷയീഭവിച്ചിരുന്ന ആ കറുത്ത പെൺകുട്ടി അടുക്കളവരാൻഡയിൽ ഇരിക്കുന്നു. അവളുടെ ഇരിപ്പു കണ്ടാൽ അവിടത്തെ ഒരംഗമെന്നെ തോന്നുകയുള്ളു. ഒരു വലിയ വസ്ത്രംകൊണ്ടു വലിച്ചുവാരി ചുററി ഉടുത്തിട്ടുണ്ട്. തലമുടി കോതിയൊതുക്കി പന്നിവാലിൻെറ ഛായയിൽ പിന്നോട്ടു കെട്ടിയിരിക്കുന്നു. കല്ലുവച്ച ഒരു സ്വർണ്ണാഭരണം അവളുടെ കർണ്ണങ്ങളെ അലങ്കരിച്ചിട്ടുണ്ട്. കറുത്ത കുപ്പിവള കൈത്തണ്ടിലും വെള്ളികൊണ്ടുള്ള ചിലമ്പു കാലിലും അണിഞ്ഞിരുന്നു. അവൾ പാദുകയും ധരിച്ചിട്ടുണ്ട്. ആകെ അവളുടെ വേഷം മനോഹരമെന്ന് അവൾ ധരിച്ചു.

ഈ വേഷമോടിയുടെ കാഴ്ച പ്രോവയെ ചിരിക്കാതിരിക്കാൻ വിഷമിപ്പിച്ചു. കുട്ടിയ്ക്ക് അങ്ങിനെ ഒരു ചിന്തയ്ക്കവകാശവുമില്ല.

കുട്ടി:— അമ്മേ, മുട്ട വേണമോ?

പ്രോ:— മുട്ടക്കച്ചവടം ചെയ്യുന്നുണ്ടോ?

കുട്ടി:— ഉണ്ട്; അമ്മയുടെ കയ്യിൽ ധാരാളം മുട്ടയുണ്ട്. ദിവസവും കാലത്തേ അമ്മയും അഛനും ഓരോന്നുപയോഗിക്കും. രണ്ടുപേരുംകൂടി പകുതി എനിക്കു തരും. അമ്മാവന്മാൎക്ക് ഒന്നും കൊടുക്കയില്ല.

ഇതിനു മറുപടിയായി പ്രൊവ എന്തോ പറവാൻ ഭാവിച്ചു. അതിനിടയിൽ കുട്ടിയുടെ അമ്മ അവിടെ എത്തി. ആകൃതിയിൽ ഈ സ്ത്രീ വളരെ മോശമല്ല. മഞ്ഞനിറത്തിൽ ഉള്ള ഒരു സാരികൊണ്ട് ദേഹം ആഛാദനം ചെയ്തിരുന്നു. കൺമ്പരണങ്ങൾക്കു പുറമെ അവളുടെ മൂക്കിലും രണ്ടുവിധ ആഭരണങ്ങൾ ധരിച്ചിട്ടുണ്ട്. അവൾ കുട്ടിയെ പിടിച്ചുവലിച്ചു് പ്രൊവയോടിങ്ങനെ പറഞ്ഞു:—

"അമ്മേ, ഇവൾ ഒരു അസത്തുപെണ്ണാണ്. കാണുന്നവരോടൊക്കെ വൎത്തമാനം പറഞ്ഞു കൂടും. ആരേയും പേടിയുമില്ല."

പ്രൊ:— അമ്മസാഹിബ്ബിനെ ഇവൾക്കു പേടിയുള്ളപോലെ തോന്നുന്നല്ലൊ.

മദ്രാസി:— ഒ. അവർ ഒരു പെണ്ണല്ല. ഇവിടെയെല്ലാവരും താടക എന്നാണു വിളിക്കാറ്. ചിലപ്പോൾ ആണുങ്ങളെ തല്ലും.

ചില ചെറിയ ചോദ്യങ്ങൾ മൂലം പ്രൊവ അമ്മസാഹിബ്ബിൻെറ ചരിത്രം പലതുമറിഞ്ഞു. യുവസാഹിബ്ബ് അമ്മസാഹിബ്ബിൻെറ ഭൎത്താവാണ്. അയാൾ ജീവിക്കുന്നതുതന്നെ ആ സ്ത്രീയുടെ ചിലവിന്മേലാണ്. അതാണ് ദിവസവും അടിയും ഇടിയും കൊള്ളേണ്ടിവരുന്നതു്. ഒരു ചെറുപ്പക്കാരിയെ അവിടെ കാണുന്നതു അനുജത്തിയാണ്. അവൾക്കും ചിലപ്പോഴൊക്കെ അമ്മസാഹിബ്ബിൻെറ കൈയിൻെറ ചൂടു കിട്ടാറുണ്ട്. ഒരു വാലിയക്കാരനും ജീവിതത്തിൽ ഉള്ള ആഗ്രഹംകൊണ്ട് ആ പടി ചവുട്ടാറില്ല. അതുകൊണ്ടു സകല ജോലിയും ആ വീട്ടുകാർതന്നെ ചെയ്യുന്നു. അമ്മസാഹിബ്ബ് നല്ല ഒരു തയ്യൽക്കാരിയാണ്, അനവധി പണവും കിട്ടുന്നുണ്ട്. അവരുടെ സാമൎത്ഥ്യംകൊണ്ടാണ് ആ വീട് പുലരുന്നതു്. ഭൎത്താവു ജീവിതം സുഖമായി കഴിക്കുന്നു. പക്ഷെ ഭാൎയ്യയുടെ ഉപദ്രവംകൊണ്ടു മാത്രം ചിലപ്പോൾ ക്ലേശം അനുഭവിക്കാറുണ്ട്. ഒന്നോ രണ്ടോ പ്രാവശ്യം അയാൾ സ്വപൌരുഷത്തിൻെറ മാഹാത്മ്യം പരീക്ഷിച്ചുനോക്കി. പക്ഷെ അതു് ലാഭമുള്ള ജോലി അല്ലെന്നു കണ്ട് ഉപേക്ഷിക്കേണ്ടിവന്നു.

(തുടരും)

# അഭ്യസനം എന്നാൽ എന്തു്.?

കഴിഞ്ഞ കാൽ ശതകത്തിനുള്ളിൽ വിദ്യാഭ്യാസവിഷയത്തിൽ ശാസ്ത്രീയഗവേഷണം അത്ഭുതപൂർവ്വമായി അഭിവൃദ്ധിയെ പ്രാപിച്ചിട്ടുണ്ടു്. അഭ്യസനരീതിയിൽ പ്രകാശിച്ചുകാണുന്ന ഈ തേജസ്സ് എന്താണെന്നന്വേഷിക്കുകതന്നെ. അഭ്യസനമെന്നാൽ എന്തു്? അതു് എങ്ങിനെ ഉണ്ടാകുന്നു? ഇവയ്ക്കുള്ള സമാധാനം ആദ്യമായി അറിയുക. ഇവ രണ്ടും മാനസികവളർച്ചയേയും സ്വഭാവത്തേയും കാണിക്കുന്നു. മനസ്സ് സർവ്വസാമാന്യമായ ഒരു തത്വത്തെ അവലംബിച്ച് സർവ്വജനസാമാന്യത്തിലും വളരുന്നതായി കാണപ്പെടുന്നു.

പഠിക്കുക എന്നാൽ എന്തു്? നാം ഒന്നു പഠിച്ചാൽ അനന്തരസംഭവമെന്തു്? നാം എല്ലാവരും മുണ്ടു ചുററുവാൻ പഠിച്ചപ്പോൾ എന്തെല്ലാം ചെയ്തു? നമുക്കതിനുള്ള പ്രവർത്തിയെ അനുക്രമമായി വർണ്ണിപ്പാൻ കഴിയുമോ? ഇല്ല; എന്നത്രെ ഉത്തരം. നമുക്കു് മുണ്ടു ചുററുവാൻ സാധിക്കും. പക്ഷെ അതിനുള്ള പ്രവൃത്തിയെ വർണ്ണിക്കുക സാദ്ധ്യമല്ല. എങ്കിലും അതു നാം പഠിച്ചു. നാം എല്ലാം മുണ്ടു ചുറേറണ്ട ആവശ്യക്കാരായിരിക്കുന്നു; ആ ആവശ്യത്തെ നിർവ്വഹിക്കുന്നതിനു നാം നിർബന്ധിതരാകകൊണ്ടു് ആ കർമ്മം നമ്മിൽ ദൃഢമായി പതിയുന്നു.

ഈ വിധത്തിലുള്ള ആവശ്യങ്ങൾ, അല്ലെങ്കിൽ സ്ഥിതിവിശേഷങ്ങൾ, വിവിധതോതിലും രീതിയിലും നമ്മെ ബാധിക്കുന്നു. പരിസരസ്ഥിതിയിൽ പെട്ട നാം ഓരോ ആവശ്യവും നിർവ്വഹിക്കുന്നു. വഴിയിൽക്കൂടി കടന്നുപോകുന്ന ഒരു സ്നേഹിതൻ എന്നെ വിളിക്കുന്നു. ആ പരിസരം എന്നെ ഒരു പുതിയ സ്ഥിതിയിൽ ആക്കിത്തീർക്കുന്നു. അപ്പോൾ എനിക്കുണ്ടായ ആവശ്യംനിമിത്തം അവിടേയ്ക്കു് നടന്നുചെല്ലുക എന്റെ നിർവ്വഹണവുമായി. ഞങ്ങൾ കണ്ടതിനുശേഷമുണ്ടാകുന്ന സംഭാഷണം ഈ സ്ഥിതിവിശേഷത്തേയും നിർവ്വഹണത്തേയും ആശ്രയിച്ചുതന്നെ ഇരിക്കുന്നു.

ഞാൻ സംസാരിക്കുന്ന ഓരോ വാക്കും അദ്ദേഹം അറിയുന്നതെങ്ങിനെയാണു്. മുമ്പേ ഒരിക്കൽ ആ വാക്കുകൾ നിർദ്ദേശിക്കുന്ന ആശയം എന്തെന്നു് അദ്ദേഹം പഠിച്ചിട്ടില്ലായിരുന്നു എങ്കിൽ അവയ്ക്കു് അദ്ദേഹത്തിനു് ഒരർത്ഥവുമില്ല അപ്പോൾ അവയ്ക്കുണ്ടാകുന്ന പ്രത്യുക്തി വ്യത്യാസപ്പെടുവാനും അവകാശമുണ്ടു്. ഭൂതകാലപരിചയത്താൽ ഏതാനും ശബ്ദങ്ങൾക്കും തന്നിഷ്ടമായ ആശയത്തിനും തമ്മിലുള്ള ബന്ധം അറിഞ്ഞിരിക്കുന്നു. ഇങ്ങനെയുള്ള സ്ഥിതിനിർവ്വഹണബന്ധത്തെയാണു് അഭ്യസനമെന്നു പറ

യുന്നു്. സകലവിധ അറിവും ഇങ്ങനെയുള്ള ബന്ധംകൊണ്ടു സൃഷ്ടിക്കന്നവയത്രെ. ആറുമൂന്നു എത്രയെന്നു് ഞാൻ നിങ്ങളോടു ചോദിച്ചാൽ നിങ്ങളെ ആ ചോദ്യം ഒരു പ്രത്യേകനിലയിൽ വരുത്തുന്നു. അപ്പോൾ നിങ്ങൾ ഒരുത്തരം പറയുന്നു. അതുതന്നെയാണു് നിങ്ങളുടെ നിർവ്വഹണം. ആറു പ്രാവശ്യം മൂന്നു് എന്ന സ്ഥിതിവിശേഷത്തിനും പതിനെട്ടെന്ന നിർവ്വഹണത്തിനും പരസ്പരമുള്ള ബന്ധം നിങ്ങളുടെ ബോധധാരകളിൽ സ്ഥിതിചെയ്യുന്നുണ്ടു്. കണക്കു പഠിക്കുന്നതുകൊണ്ടു് ഈ വിധം ബന്ധം നമ്മിൽ സ്ഥിരീകരിക്കുന്നു. ഈ പരസ്പരബന്ധമുണ്ടായിട്ടില്ലെങ്കിൽ ഒരു ശിശു കണക്കിൽ ആ ഭാഗം പഠിച്ചിട്ടില്ലെന്നു നാം പറയുന്നു.

ഒരു പ്രഭാഷകൻ തൻെറ മുമ്പിൽ ഇരിക്കുന്ന ശ്രോതാക്കളുടെ ഉൽബോധനത്തിനു് ഒരു പ്രസംഗം ചെയ്യുന്നു എന്നു വിചാരിക്കുക. പ്രസംഗവേദിയും അവിടത്തെ ഏർപ്പാടുകളും അവരെക്കുറിച്ചുള്ള അറിവും ഉത്തമരീതിയിൽ ചിന്തിക്കേണ്ട വസ്തുസ്വഭാവവും പ്രാസംഗികൻെറ സ്ഥിതിവിശേഷത്തെ രൂപീകരിക്കുന്ന അവയവങ്ങളത്രെ. ഇവയുടെ നിർവ്വഹണവും ഭിന്നരൂപത്തിൽ തന്നെ ആയിരിക്കുന്നതാണു്. ഏതെല്ലാം ആശയങ്ങളെയാണു് പ്രവർത്തനരൂപത്തിൽ വരുത്തേണ്ടതു്, അടുത്തു വിശദീകരിക്കേണ്ട സംഗതി എന്തു്? ശ്രോതാക്കളുടെ ഗ്രഹണമണ്ഡലത്തെ അവ പ്രാപിക്കുന്നുണ്ടോ? ഇപ്പോൾ പറഞ്ഞ കാര്യം ഒന്നുകൂടി വിശദീകരിക്കണമോ? എന്നിവയെല്ലാം അദ്ദേഹം നിർവ്വഹണത്തിൽ ആചരിക്കുന്ന കർമ്മങ്ങളാണു്. അതു കൂടാതെ അദ്ദേഹത്തിൻെറ സ്ഥിതിവിശേഷത്തെ സ്മരിച്ചു് ആനന്ദം അനുഭവിക്കുന്നതും നിർവ്വഹണം എന്നുതന്നെ പറയണം. സജാതീയമായ ഒരു സ്ഥിതിവിശേഷത്തിൽ പ്രാസംഗികൻ പണ്ടു പഠിച്ച സംഗതികളെ തന്നെ—സ്ഥിതിനിർവ്വഹണബന്ധത്തെതന്നെ—അവലംബിച്ചു് ഇപ്പോഴും പ്രസംഗം നടത്തി; അഥവാ നിർവ്വഹിച്ചു.

സിരാചക്രത്തിൽ ഒരു ബന്ധപരമ്പരയെ സൃഷ്ടിക്കുന്നതിനു് അഭ്യസനമെന്നു് ചുരുക്കിപ്പറയാം. സ്ഥിതിനിർവ്വഹണങ്ങൾ സ്വയംപ്രവർത്തകങ്ങളായിത്തീർന്നു ചിലപ്പോൾ കാര്യങ്ങൾ നടത്തിപ്പോരാറുണ്ടു്. സ്വയംപ്രവർത്തകമാംവണ്ണം ജ്ഞാനത്തെ സിരാചക്രത്തോടു ദൃഢബന്ധം ചെയ്തിട്ടുള്ള നടത്തയാണു് അഭ്യസനമെന്നു മറെറാരു പ്രകാരത്തിൽ പറയാം. നടത്ത എന്ന പദംകൊണ്ടു് ബാഹ്യപ്രവൃത്തികളെ മാത്രമല്ല, ചിന്താഗതിയെയും, വികാരപരിധിയേയും ഉള്ളടക്കിക്കൊണ്ടാണുപയോഗിച്ചിരിക്കുന്നതു്. നാം എന്തെല്ലാം ചെയ്യുമ്പോഴും അവയെ അവഗണിച്ചു് സ്വയംപ്രവർത്തനത്തിനു ശക്തമായ നടത്ത നമ്മിൽനിന്നു വേർപിരിയുന്നില്ല. അതത്രേ അഭ്യസനം. ചിലരു ചോദിക്കാം. നിങ്ങളുടെ മനസ്സിനെ ശൂന്യമാക്കി വയ്ക്കുക. എട്ടും അഞ്ചും എത്ര? മനസ്സിനെ ശൂന്യമാക്കാൻ സാധിച്ചില്ല.

നിങ്ങൾ പതിമൂന്നു എന്നത്രെ പറയുമെങ്കിലും ആദ്യത്തേതു് നിർവഹിപ്പാൻ സാധിച്ചില്ല.

സ്വയംപ്രവർത്തകമായ നടത്ത പൂർണ്ണവും ആശാസ്യവുമായിട്ടു ഇരിക്കുന്നുള്ളുവെങ്കിൽ അനന്തരമായ അഭ്യസനം അനാവശ്യമാണു്. നമ്മുടെ സ്ഥിതിനിർവഹണബന്ധങ്ങളിൽ ചിലവ ആശാസ്യവും മററു ചിലവ അനാശാസ്യവുമത്രെ. അതാണു് നാം സദാ വിദ്യാർത്ഥികളായിരിക്കണമെന്നു പറയുന്നതു്. ചില ബന്ധങ്ങളെ സൃഷ്ടിച്ചു സംരക്ഷിക്കുന്നതും ചിലവയെ മാററി ബലഹീനമാക്കുന്നതുമാണു് അഭ്യസനം എന്നതിൻെറ അർത്ഥം ഈ ബന്ധം ബലിഷ്ഠമെങ്കിൽ നിർവഹണം സ്ഥിതിയോടൊന്നിച്ചു സൂക്ഷ്മവും ശീഘ്രവുമായിരിക്കും. മറിച്ചെങ്കിൽ ഫലവും അതുപോലെതന്നെ. ഈ ബന്ധം പ്രവൃത്തിപരമായതുകൊണ്ടു് അഭ്യസനം പൂർണ്ണമെന്നു വിചാരിക്കരുതു്. പക്ഷേ ഇതു കർമ്മാധീനമാകുമ്പോൾ അതു സ്ഥിതിക്കനുയോജ്യവും കൃത്യമാകണം.

ശീലത്തിൻെറ അസ്ഥിവാരം അഭ്യസനമാണു്. നിങ്ങൾ നിർവഹണത്തിൽനിന്നും അഭ്യസിച്ച നടത്തയിൽ നിന്നത്രെ ശീലം സ്ഥാപിക്കപ്പെടുന്നതു്. നിർവഹണസംഖ്യയുടെ ആകത്തുക ശുഭമെങ്കിൽ നിങ്ങളുടെ സന്മാർഗ്ഗചര്യയും ശുഭം തന്നെയാണു്. മറിച്ചെങ്കിൽ ശീലവുമങ്ങിനെയിരിയ്ക്കും. സന്മാർഗ്ഗനിഷ്ഠയും ശീലമഹത്വവുംകൊണ്ടു് അഭ്യസനം പരിവേഷ്ടിതമായിരിക്കണം. ഉരുക്കഴിച്ചു് സംഗതികളെ ഓർമ്മയിൽ വരുത്തുന്നതു് എന്ന അർത്ഥംകൊണ്ടു് അഭ്യസനത്തെ ഒരിക്കലും സങ്കുചിതമാക്കരുതു്. ചുരുക്കി പറയുന്നതായാൽ ഒരു സ്ഥിതിവിശേഷത്തിൽ നാം പെടുമ്പോൾ ചില നിർവഹണചിന്ത പ്രസ്ഫുരിക്കുന്നു. നമ്മുടെ നിർവഹണം പ്രായേണ അഭ്യസനത്തെ ആശ്രയിച്ചിരിക്കുന്നു. ഒരു നിർദ്ദിഷ്ടമാർഗ്ഗത്തെ അനുഗമിച്ചു കർമ്മം ചെയ്യുന്നതിനു് നമ്മെ പ്രേരിപ്പിക്കുന്ന നടത്ത അഭ്യസനംകൊണ്ടു സമ്പാദിക്കുന്നു. ഓരോ സ്ഥിതിവിശേഷത്തിനുചിതമായ നിർവഹണം നടത്തുവാൻ നാം എങ്ങിനെ പഠിക്കുന്നു.? അഭ്യസനം എങ്ങിനെ സംഭവിക്കുന്നു? ആദ്യമായി പരിചയംകൊണ്ടു തന്നെ. ഒൻപതും മൂന്നും എത്ര? അതു് ഒരു സ്ഥിതിയിൽ വിദ്യാർത്ഥിയെ വരുത്തുകയാണു്. അവർ പന്ത്രണ്ടു് എന്നു പറഞ്ഞുവെങ്കിൽ അവരുടെ നിർവഹണം ശരിയായി. ആവർത്തിച്ചുള്ള പരിശീലനംകൊണ്ടു് ഒൻപതും മൂന്നും എന്ന സ്ഥിതിയ്ക്കും പന്ത്രണ്ടു് എന്ന നിർവഹണത്തിനും പരസ്പരം ഒരു ബന്ധം സൃഷ്ടിക്കുന്നു. ഈ ബന്ധത്തെ ആവർത്തനംകൊണ്ടു ദൃഢപ്പെടുത്തുന്നതായാൽ ഭാവിയിൽ ഇങ്ങിനെ ഒരു സ്ഥിതി വരുമ്പോൾ നിർവഹണം നിഷ്പ്ര

യാസവും നിസ്സന്ദേഹവും ആയിരിക്കുന്നതാണ്. നാം പരിശീലിക്കുന്നതു മാത്രമെ പഠിക്കുന്നുള്ളു.

ഈ മാൎഗ്ഗം പണ്ടുപണ്ടേ ധരിച്ചിട്ടുള്ള ഒന്നാണെന്നു പലൎക്കും തോന്നിയേക്കാം. അഭ്യസനത്തിൽ പരിശീലനത്തിനുള്ള സ്ഥാനം പുരാതനമായിത്തന്നെ സുസ്ഥിതിയെ പ്രാപിച്ചിട്ടുണ്ട്. പക്ഷെ അതിൻെറ പരിപൂൎണ്ണതത്വമോ അഭ്യസനത്തിൽ അതിൻെറ സഹായമൊ വേണ്ടപോലെ പ്രവൎത്തിച്ചിട്ടില്ലെന്നു തോന്നുന്നു. അദ്ധ്യേതാക്കൾക്ക് ആവശ്യമില്ലാത്തതു പലതും പരിശീലിപ്പിക്കുകയും ആവശ്യമുള്ളവയെ ഉപേക്ഷിക്കയും ചെയ്യുകാണുന്നു. സാരോപദേശങ്ങൾ എന്നു പേരുപറഞ്ഞു് ചില സദാചാരപ്രമാണങ്ങളെ ഉരുവിട്ടുവിക്കാറുണ്ട്. ആവൎത്തനത്തിനു ദൃഢത വരുത്തുവാൻ പകൎത്തി എഴുതിക്കാറുമുണ്ട്. സദാചാരാനുഷ്ഠാനത്തിൽ വേണ്ട പരിശീലനം അവൎക്കുണ്ടാക്കി കൊടുക്കുന്നതിൽ ശ്രദ്ധിക്കാറുമില്ല.

സദാചാരപ്രമാണങ്ങളെ ആവൎത്തിക്കുന്നതുകൊണ്ട് വിദ്യാൎത്ഥികളുടെ നടത്ത സദാചാരപരമാകുന്നുണ്ടോ? ഒരിക്കലുമില്ല. അവരുടെ ജിഹ്വയെ പ്രത്യേകമായ ചില രീതിയിൽ വളയ്ക്കാൻ പഠിച്ചുവെന്നല്ലാതെ അവരിൽ സന്മാൎഗ്ഗചൎയ്യ ഉളവാകുന്നില്ല. അവരിൽ സ്വരൂപിതമായ സ്ഥിതിനിർവഹണബന്ധം എന്തു്? അദ്ധ്യാപകൻ ചില പ്രമാണങ്ങൾ കാണാതെ പറവാൻ കുട്ടികളിൽ ഒരു സ്ഥിതിനിൎമ്മാണം ചെയ്യുകയും അവർ യാന്ത്രികമായി അതിനെ പ്രതിധ്വനിപ്പിക്കയും ചെയ്യുന്നു. സന്മാൎഗ്ഗചൎയ്യ ഇതിവൈത്രയോ ഉപരിയായ ഒരു സ്ഥാനത്തിൽ സ്ഥിതിചെയ്യുന്നു. ജീവിതത്തിൽ നമുക്കുണ്ടാകുന്ന പല സ്ഥിതിവിശേഷങ്ങളേയും ഉചിതനിർവഹണംകൊണ്ടും സദാചാരചൎയ്യ കൊണ്ടും സഫലീകരിക്കുന്നതത്രെ ഉത്തമജീവിതലക്ഷണം. ഒരു ഉദാഹരണംകൊണ്ട് ഈ പ്രമാണത്തെ ഒന്നുകൂടി വിശദപ്പെടുത്തി നോക്കാം.

പകൽമുഴുവനും കൃത്യാന്തരങ്ങളാൽ ഗൃഹംവിട്ടു ജോലിചെയ്യേണ്ട ഒരു പിതാവുണ്ട്. അദ്ദേഹം സന്ധ്യയായതോടുകൂടി ഗൃഹത്തിൽ എത്തി, സന്ധ്യാവന്ദവും കഴിഞ്ഞു് അല്പസമയം ഈശ്വരധ്യാനത്തിന് ഇരുന്നു എന്നു വിചാരിക്കുക. അദ്ദേഹത്തിൻെറ കുട്ടികൾ അവരുടെ സ്വഭാവമനുസരിച്ചു് കളിച്ചും ചിരിച്ചും ശാന്തതയ്ക്കു ഭംഗം ചെയ്തു. ഇതുകേട്ടു മാതാവു് അവരോടിങ്ങനെ പറഞ്ഞു. "മക്കളേ, എന്തു ലഹളയാണിതു്. അച്ഛൻെറ സൈ്വരസ്ഥിതിക്ക് ഇതു ഭംഗം ചെയ്യുമല്ലോ." ഇതുകേട്ട് അവർ സ്വല്പനേരത്തേയ്ക്കു ശാന്തമായിരുന്നു. പിന്നെയും ലഹള ആരംഭിത്തി

ച്ചു. അമ്മയുടെ ഉപദേശം പിന്നെയും ഉണ്ടായി. അപ്പോഴും കുട്ടികൾ ശാന്തരായി. ബാലചാപല്യംകൊണ്ടു് ഉപദേശം തിരസ്കൃതമായി. അപ്പോൾ അച്ഛൻതന്നെ ഇങ്ങനെ അവരെ ശാസിച്ചു. "ഇതെന്തു ലഹളയാണു്. കളിക്കുന്നു എങ്കിൽ അതുശാന്തമായിട്ടാകരുതേ? ഇനി ഒരു ശബ്ദം കേട്ടുപോയാൽ നിങ്ങൾ എല്ലാവരും കളി നിറുത്തി ഉറങ്ങുവാൻ പോകണം".

കുട്ടികളുടെ പ്രവൃത്തിയെക്കുറിച്ചു് നമുക്കല്പം ആലോചിക്കുക തന്നെ. അമ്മയുടെ ഉപദേശമനുസരിച്ചു രണ്ടുപ്രാവശ്യവും ശാന്തമായതു് അവരിൽ അനുഭാവചിന്തയുടെ ആവിർഭാവം കൊണ്ടാണു്. പക്ഷെ അതിനു സ്ഥായിഭാവമുണ്ടായില്ല. മൂന്നാമതു് പിതാവിൻെറ ആജ്ഞയാണുണ്ടായതു്. ഈ അവസരത്തിൽ അവക്കു് അനുഭാവചിന്തയേക്കാൾ വിവേകം വികസിച്ചു. ശബ്ദമുണ്ടാക്കിയാൽ കളി മുടക്കുമെന്നു് അവക്കു നിശ്ചയം വന്നു.

കുട്ടികളെ ശാന്തമായിരുത്താൻ നിർബന്ധപൂർവം ആജ്ഞാപിക്കരുതെ എന്നൊരു ചോദ്യമുണ്ടു്; ശരി. നമ്മുടെ പെരുമാററം നമ്മുടെ സുഖത്തിനൊ അവരുടെ ശ്രേയസ്സിനൊ എന്നാലോചിക്കണം. ഇങ്ങനെയുള്ള സന്ദർഭങ്ങളിൽ മൂന്നുപായങ്ങളാണു് സാധാരണ കണ്ടുവരുന്നതു്. അവർ ശബ്ദമുണ്ടാക്കിക്കൊള്ളട്ടെ എന്നു വയ്ക്കുക. അവരുടെ വൃത്തി അച്ഛനെ അസഹ്യപ്പെടുത്തുന്നുണ്ടെന്നു് അവർ അറികയും അതിനെ തുടരുകയും ചെയ്യുന്നു എങ്കിൽ അവർ അച്ഛനോടു കാണിക്കുന്നതു് അനാസ്ഥയത്രെ. അപ്പോൾ അവരിൽ ആ ദോഷം വളരും. രണ്ടാമത്തേതു് അവരിൽ വിവേകം ഉദിപ്പിക്കയാണു്. സാധാരണ നാം എല്ലാം അതുതന്നെയാണു ചെയ്യുന്നതു്. മൂന്നാമതു് ഒരുപായോഗവുംകൂടി ഉണ്ടു്. ഇതു് അനുഭാവചിന്തയെ ഉദിപ്പിച്ചു് അവരെ ശാന്തരാക്കുക തന്നെയാണു്. ഈ ഗുണമത്രേ ഇവരിൽ ഉണ്ടാക്കി വളർത്തേണ്ടതു്. പക്ഷേ വിവേകത്തിനു ശേഷമല്ലാതെ അനുഭാവം ദുഷ്പ്രാപമായി വന്നേക്കാം. വിവേകവും അനുഭാവവും ഒന്നിച്ചിണക്കി പോഷിപ്പിക്കാവുന്നതുമാണു്. ഓരോ ഘട്ടത്തിലും അനുഭാവത്തിനു ശക്തി വർദ്ധിക്കേണ്ടതും അന്ത്യമായി അതിൻെറ പ്രാമാണ്യത്തെ സ്ഥിരീകരിക്കേണ്ടതും ആണു്.

ആവർത്തിച്ചു പരിശീലിക്കുന്ന ഒരു ബന്ധമല്ലാതെ മറെറാന്നും ദൃഢമായി നമ്മളിൽ പതിയുന്നതല്ല. ആഹാര്യമോടിയുള്ള ചില ഗുണങ്ങളായി പരിവർത്തനം ചെയ്യാതെ അഭ്യാസത്തെ സംരക്ഷിക്കേണ്ടതാണു്. വിദ്യാർത്ഥികളിൽ ഒരു സ്വഭാവവിശേഷം ഉണ്ടാക്കണമെന്നു നാം ഇച്ഛിക്കുന്നു എങ്കിൽ അങ്ങിനെയുള്ള ഗുണത്തെ തന്നെ പരിശീലിപ്പിക്കണം.

സാദൃശ്യമുള്ള മററു ചിലതുകൊണ്ടു് ഒരിക്കലും അവ അങ്കുരിക്കുന്നതല്ല.

ഒരു മാതാവു തന്റെ ശിശുവിന് ഔദാര്യമെന്ന ഗുണമുണ്ടാകുവാൻ ശ്രമിക്കുന്നു. ഒരു കഷണം മധുരപ്പലഹാരമെടുത്തു പകുതി സഹോദരിക്കുകൂടി കൊടുക്കണമെന്നു പറഞ്ഞു് മകനെ ഏല്പിക്കുന്നു. അമ്മയുടെ ആജ്ഞയെ അവൻ അനുസരിച്ചില്ലെങ്കിൽ ശിക്ഷിക്കുമെന്നതു് നിശ്ചയവുമായിരുന്നു. അമ്മ അടുത്തുണ്ടെങ്കിൽ അവൻ നിശ്ചയമായി കുറച്ചു പലഹാരം സഹോദരിക്കു കൊടുക്കുമായിരുന്നു. ഇല്ലെങ്കിൽ മുഴുവനും അവൻതന്നെ തിന്നുകളയും. ആ കുട്ടി ഔദാര്യമാണോ പരിചയിക്കുന്നതു്? അല്ല; ഒരിക്കലുമല്ല. ഔദാര്യം ബാഹ്യവൃത്തികൊണ്ടു മാത്രമുണ്ടാകുന്നതല്ല. അതു് ഹൃദയത്തെ കൂടി സ്പർശിക്കണം. അവൻ വിവേകമാണു പരിശീലിക്കുന്നതു്. ഔദാര്യം ഒരു വികാരമായി വന്നില്ലെങ്കിൽ അതു പരിചയിപ്പാൻ സാദ്ധ്യമല്ല. മനുഷ്യരുടെ ഹൃദയസ്ഫുരണത്തെ എങ്ങിനെ ഉണ്ടാക്കിത്തീർക്കും. അവർ പരിശീലിക്കേണ്ട വികാരത്തിലേയ്ക്കു് അവരെ നാം എങ്ങിനെ നയിക്കും. ഇതൊന്നത്രെ അഭ്യസനസരണിയിൽ പ്രാമാണ്യമേറിയ പ്രശ്നം.

നമ്മുടെ പാഠശാലകളിൽ നിന്നും മഹാപാഠശാലകളിൽ നിന്നും പുറത്തിറങ്ങുന്ന വിദ്യാർത്ഥികളുടെ നിലയെന്തു്.? അവർക്കു ഭാവിജീവിതത്തിന് അവശ്യസാധനമായ 'പ്രവർത്തകസമ്പത്തില്ല.' എന്തെങ്കിലും ഒന്നു തുടങ്ങുന്നതിനുള്ള ജ്ഞാനമൊ മനസ്ഥിതിയൊ അവർക്കില്ലെന്നു സാരം. ഏതെങ്കിലും ഒന്നിനെക്കുറിച്ചു് സ്വാഭിപ്രായം അവർ സ്വരൂപിച്ചിട്ടില്ല. അവർ അങ്ങിനെ ഒന്നു പരിശീലിച്ചിട്ടില്ല. ചിന്തയെ അങ്കുരിപ്പിക്കുന്ന പ്രയാസങ്ങളോടിടപെട്ടു പരിചയിച്ചിട്ടുള്ളവർ മാത്രമെ പരമാർത്ഥചിന്തകന്മാരായിട്ടുള്ളു. മററുള്ളവരുടെ ആശയങ്ങളേയും ചിന്താഫലങ്ങളേയും ഉരുവിടുന്നവർക്കു് ഒരിക്കലും ചിന്താസമ്പത്തു് സ്വാധീനമാവുകയില്ല. ഉത്തരവാദിത്വമുള്ള ചില കർമ്മങ്ങളെ ഏല്പിക്കുക, തന്നാത്താൻ ചില വിഷയങ്ങളെ ചിന്തിപ്പിക്കുക, ജീവിതസമുദ്യമത്തിൽ പ്രാരംഭമായി സജ്ജീകരിക്കേണ്ട ഉപകരണങ്ങൾ നിർമ്മിപ്പിക്കുക, സാമുദായികജീവിതത്തിനു വിശ്വാസ്യതയുണ്ടാക്കുന്ന രീതിയെ സ്വീകരിപ്പിക്കുക എന്നിവ പാഠശാലകളിൽ പാഠ്യവിഷയമാക്കി വിദ്യാർത്ഥികളെ 'പരിശീലിപ്പിക്കണം.'

നമ്മുടെ നാട്ടിലുള്ള അദ്ധ്യാപകന്മാരോടു് ഈ സംഗതി പറയുമ്പോൾ ഉണ്ടാകുന്ന മറുപടിയാണു പരിതാപകരം. 'പരീക്ഷയ്ക്കാണു നാം വിദ്യാർത്ഥികളെ ഒരുക്കുന്നതു്. സിലബസ് അക്ഷരംപ്രതി അനുവർത്തി

ച്ചില്ലെങ്കിൽ അവർ പരീക്ഷയിൽ വിജയികളാവുകയില്ല; നാം പരിഹാസ്യ തമാകും. വിദ്യാൎത്ഥികൾ അദ്ധ്യാപകന്മാരേയും, അദ്ധ്യാപകന്മാർ കുട്ടികളേയും കററപ്പെടുത്തി സിലബസ്സിൽ വീണു ജീവിതവും കഴിക്കുന്നു. ബഹുമുഖങ്ങളായ ജീവിതാവശ്യങ്ങളെ നിർവഹിക്കുന്നതിന് ഈ പരീക്ഷ പൎയ്യാപ്തമാണോ.? നിശ്ചയമായി അല്ല. വിദ്യാഭ്യാസത്തിൻെറ ജീവരക്തം പാനംചെയ്യുന്ന ഒരു രാക്ഷസനാണു പരീക്ഷ. പരീക്ഷയെന്ന ഒരു കൗശലം കൊണ്ട് പരിചയത്തിനുള്ള വിസ്തൃതി സങ്കുചിതമാകുന്നു. ജീവിതരംഗം വിസ്തൃതമാകകൊണ്ട് അതിലിറങ്ങുവാൻ ഇവർ ധൈൎയ്യപ്പെടുന്നുമില്ല. പരീക്ഷയ്ക്കു വരുന്ന ചില ചോദ്യങ്ങളും അവയുടെ ഉത്തരവും ഉരുവിട്ടുവിച്ച് സാമ്രാട്ടായി വാഴുന്ന പലരും ഇന്നുണ്ട്. ജീവിതപ്രശ്നങ്ങളിൽ ഒന്നെങ്കിലും ഇവരുടെ ചോദ്യത്തിലുണ്ടോ? അതിനുത്തരം അറിയാവുന്നവരാണോ ഈ സാമ്രാട്ടുകൾ.?

നാം പഠിക്കണമെന്നിച്ഛിക്കുന്ന ഒന്ന് അഭ്യസിച്ചെങ്കിൽ മാത്രമെ ജ്ഞാനം ഉണ്ടാവുകയുള്ളൂ. നാം പരിശീലിക്കുന്നതു മാത്രം പഠിക്കയും അങ്ങിനെ അല്ലാത്തവ പഠിക്കാതിരിക്കയും ചെയ്യുന്നു. അദ്ധ്യാപകന്മാരുടെ ഏററവും പ്രധാനമായ കൎമ്മം ശീലസ്ഥാപനമാകകൊണ്ട് അവരിൽ ഏതു മാതിരി ശീലമാണോ സ്ഥാപിക്കേണ്ടതു് അതുതന്നെ പരിശീലിപ്പിക്കുന്നതിനു അവർ കടപ്പെട്ടവരാണ്. ശരീരംകൊണ്ടും മനസ്സുകൊണ്ടും ആത്മാവുകൊണ്ടും പരിശീലിക്കുന്ന ഒന്നുമാത്രം വിദ്യാൎത്ഥികൾ അഭ്യസിക്കും. *

## പഞ്ചാബ് അദ്ധ്യാപകസമ്മേളനത്തിലെ

## അദ്ധ്യക്ഷപ്രസംഗം.

### III.

(പ്രൊഫസർ പി. ശേഷാദ്രി എം. എ.)

ഞാൻ യൂറോപ്പിലും അമേരിക്കയിലും സഞ്ചരിച്ചപ്പോൾ ഹാജരായിരുന്ന ചില വിദ്യാഭ്യാസസമ്മേളനങ്ങളെപ്പററി എനിക്കു തോന്നിയിട്ടുള്ള

* ഡാക്ടർ എച്ച്. കിൽപാട്രിക്കിൻെറ പ്രസംഗങ്ങളിൽ നിന്ന്.

അഭിപ്രായങ്ങൾ പ്രസ്താവിക്കണമെന്ന് ഈ സമ്മേളനഭാരവാഹികൾ എന്നോടാവശ്യപ്പെട്ടിട്ടുണ്ട്. അതു പുറമെയുള്ള രാജ്യങ്ങളിലെ വിദ്യാഭ്യാസസ്ഥിതികൾ മനസ്സിലാക്കുന്നതിനുപകരിക്കുന്നതാണ്. അമേരിക്കയിലെ ഐക്യരാജ്യങ്ങളിലുള്ള കൊളറാഡൊവിലെ ഡെൻവർ എന്ന സ്ഥലത്തുവച്ചു കൂടിയ അഖിലലോകവിദ്യാഭ്യാസസമ്മേളനം പ്രാധാന്യമർഹിക്കുന്ന ഒന്നായിരുന്നു അതിൽ അൻപതിൽ കൂടുതൽ രാജ്യങ്ങളിലെ പ്രതിനിധികൾ സംബന്ധിച്ചിരുന്നു. അതിന്റെ ഉദ്ദേശ്യങ്ങളിൽ ഒന്ന് വിദ്യാഭ്യാസം മുഖേന സർവ്വലോകസാഹോദര്യം സ്ഥാപിക്കുകയാകകൊണ്ട് അതിനു പ്രത്യേകമായ പ്രാധാന്യമുണ്ടെന്നു മാത്രമല്ല, അത് ഉദ്ദേശസാധ്യത്തിലേക്കുള്ള സോപാനത്തിന്റെ ഒരു പടി കയറി എന്നുകൂടി വിചാരിക്കാവുന്നതുമാണ്. വിവിധദേശീയരായ പ്രാസംഗികന്മാർ പ്രസംഗവേദിയിൽ കയറി സമാധാനത്തേയും സന്മനസ്സിനേയും പററി കുട്ടികളെ പഠിപ്പിച്ച് ലോകത്തിലുള്ള ജനങ്ങളുടെ ഇടയിൽ അവ പ്രചരിപ്പിക്കണമെന്നു പറയുന്നതു് ആവേശജനകം തന്നെ ആയിരുന്നു.

ഇന്നത്തെ ചില വിദ്യാഭ്യാസവിഷയങ്ങളിലും സമ്മേളനം ശ്രദ്ധ പതിപ്പിച്ചു എന്നുള്ളതുകൊണ്ടും അതു പ്രത്യേകം സ്മരണീയമാണ്. പല ഉപസഭകളായി വിഭജിച്ചിരുന്നവരുടെ കൂട്ടത്തിൽ വിദ്യാഭ്യാസകാര്യങ്ങളിൽ പ്രത്യേകവൈദഗ്ദ്ധ്യമുള്ളവർ ഉണ്ടായിരുന്നു. അവരുടെ പ്രത്യേകജ്ഞാനവും അനുഭവവും വാദപ്രതിവാദത്തിന് വിഷയീഭവിച്ചിരുന്നു. സമ്മേളനത്തിൽ ഇൻഡ്യയുടെ പ്രതിനിധിയായി ഞാൻ മാത്രമെ ഉണ്ടായിരുന്നുള്ളു എങ്കിലും, ഇൻഡ്യ പലരുടേയും ജിജ്ഞാസയെ ഉദ്ദീപിപ്പിച്ചിട്ടുണ്ടെന്നറിയുവാൻ നിങ്ങൾ സന്തോഷമുള്ളവരായിരിക്കുമല്ലോ. ഇൻഡ്യയെപ്പററി അറിവു സമ്പാദിക്കുവാൻ കൂടക്കൂടെ അവർ ആവശ്യപ്പെട്ടിരുന്നു. ഇവിടത്തെ ഇന്നത്തെ രാഷ്ട്രീയസ്ഥിതിയും ബ്രിട്ടീഷുസാമ്രാജ്യത്തിൽ സമാവകാശം ലഭിക്കുന്നതിനുള്ള സാധ്യതകളും അവരിൽ പ്രത്യേകം താല്പര്യം ജനിപ്പിച്ചിരുന്നു. ഇൻഡ്യയുടെ ഒരു മൂലയിൽ കൂടിയിരിക്കുന്ന നമുക്ക്, പരിഷ്കൃതലോകത്തിലുള്ള സമുദായങ്ങളിലെ അംഗങ്ങളാണ് നാം എന്നും അഖിലലോകവിദ്യാഭ്യാസസമ്മേളനം മുഖേന ലോകരുടെ സഹായമുണ്ടെന്നും അറിയുന്നതു് എത്രയും ഉത്തേജജനകമായിരിക്കുമല്ലോ.

ലോകചരിത്രാരംഭം മുതല്ക്കുതന്നെ പ്രവാചകന്മാരും തത്വചിന്തകന്മാരും ആശിച്ചുകൊണ്ടിരിക്കുന്ന ലോകസമാധാനവും സർവ്വസാഹോദര്യവും അഖിലലോകസഖ്യസഭമൂലം സാധിതപ്രായമാകണമെങ്കിൽ, ജിനീവയിൽ കൂടുന്ന രാജ്യഭരണതന്ത്രജ്ഞന്മാരെക്കാൾ ഭാവിയിലെ കുട്ടികളുടെ അടുക്കലേയ്ക്കു് ഈ സന്ദേശം കൊണ്ടുപോകേണ്ടിയിരിക്കുന്നു. ഈ വിശാ

നാമാണ് സഭയുടെ ഉദ്ദേശങ്ങളെ യുവജനങ്ങളെ പഠിപ്പിക്കുന്നതിനു വേണ്ട പദ്ധതികൾ രൂപവൽക്കരിക്കേണ്ട ചുമതലയോടുകൂടി ഒരു പ്രത്യേകവിദ്യാഭ്യാസവിദഗ്ദ്ധസംഘത്തെ രൂപീകരിക്കുവാൻ അഖിലലോകസഭയെ പ്രേരിപ്പിച്ചിട്ടുള്ളതു്. ലോകത്തിൻെറ വിവിധവിഭാഗങ്ങളെ പ്രതിനിധീകരിക്കുന്ന പന്ത്രണ്ടുപേരടങ്ങിയ ഞങ്ങൾ ജിനീവയിൽ, ആക്സ്ഫോർഡിലെ ഗ്രീക്കുഭാഷാപണ്ഡിതനായ പ്രൊഫസർ മുറെയുടെ അദ്ധ്യക്ഷതയിൽ കൂടി, അഖിലദേശീയമായ സന്മനസ്സുള്ള ഒരു അന്തരീക്ഷത്തിൽ നമ്മുടെ കുട്ടികളെ എങ്കിലും വളൎത്തിക്കൊണ്ടു വരും എന്ന ഉറപ്പു വരുന്ന ചില നിൎദ്ദേശങ്ങൾ ചെയ്തു. പ്രായമായവൎക്ക് അവരുടെ പ്രതികൂലമനോഭാവത്തെ വെടിയുവാൻ ഇക്കാൎയ്യത്തിൽ ഒരു പക്ഷെ പ്രയാസമായിരിക്കും.

ചരിത്രപഠനത്തിൽ ദേശീയവും വൎഗ്ഗീയവുമായ വിദ്വേഷത്തെ വളൎത്തുന്നു എന്ന വലിയ ഒരു ന്യൂനതയുണ്ടു്. നാം കുട്ടികളായിരുന്നപ്പോൾ പഠിച്ചിട്ടുള്ള ചരിത്രപാഠപുസ്തകങ്ങൾ ചിലതെല്ലാം ഓൎമ്മിക്കുന്നുണ്ടായിരിക്കും. അവയിൽ നന്മയും ധൈൎയ്യവും ഒരു ഭാഗക്കാൎക്ക് നൽകിയിരിക്കുന്നു. പ്രതിപക്ഷക്കാൎക്ക് കൂടക്കൂടെ പരാജയമെ ഉണ്ടായിട്ടുള്ളു. അതിനു കാരണം അവർ എല്ലാ തിന്മകളുടേയും മൂൎത്തീകരണമായിരുന്നതുകൊണ്ടത്രെ. ചരിത്രം പഠിപ്പിക്കേണ്ടതു് ദേശീയവിദ്വേഷത്തെ വളൎത്തത്തക്കവണ്ണമല്ലെന്നും അഖിലലോകവാസികളോടുമുള്ള സത്യം, നീതി, മൎയ്യാദ എന്നിവയെ അടിസ്ഥാനപ്പെടുത്തി വേണമെന്നും ഈ സഭ ശക്തിപൂൎവ്വം വാദിച്ചു. ചരിത്രം പഠിപ്പിക്കേണ്ടതു് യുദ്ധങ്ങളേയൊ നഗരനശീകരണത്തേയൊ പററിയുള്ള വിവരണങ്ങൾ കൊണ്ടു മാത്രമല്ല, അതു് പരിഷ്ക്കാരാഭിരുചിയുടേയും, മനുഷ്യസമുദായത്തിനു നന്മ ചെയ്തിട്ടുള്ള മഹാനുഭാവന്മാരുടെ വിജയങ്ങളുടേയും ഒരു വിവരണംകൂടിയായിരിക്കണം. വൎഗ്ഗീയമായ വിദ്വേഷത്തെ ഉന്മൂലനം ചെയ്യത്തക്കവണ്ണം പാഠപുസ്തകങ്ങളെ രചിക്കുന്നതിന് ഒരു അഖിലലോകപ്രക്ഷോഭണം തുടങ്ങണമെന്നും നിശ്ചയിച്ചിട്ടുണ്ടു്. മനുഷ്യസമുദായത്തിൻെറ ഭാവിയിലെ അഭിവൃദ്ധിയ്ക്കു് എത്രയും ഗുണകരമായ ഈ പരിശ്രമത്തിൽ നിങ്ങളുടെ സഹകരണം ലഭിക്കുമെന്നു വിശ്വസിക്കുവാൻ ഞങ്ങൾക്കവകാശമുണ്ടു്.

എഡിൻബറോയിൽ വെച്ചു കൂടിയ ബ്രിട്ടീഷുസൎവ്വകലാശാലകളുടെ സമ്മേളനം എത്രയും പ്രാധാന്യമൎഹിക്കുന്ന ഒന്നായിരുന്നു. അതിൽ ബ്രിട്ടീഷുസാമ്രാജ്യത്തിലെ എല്ലാ സൎവ്വകലാശാലകളുടേയും പ്രാതിനിധ്യം ഉണ്ടായിരുന്നു. വിദ്യാഭ്യാസസംബന്ധമായ പല കാൎയ്യങ്ങളേയും പററി വാദപ്രതിവാദങ്ങൾ ഉണ്ടായിരുന്നു. നിശ്ചിതങ്ങളായ തീരുമാനങ്ങൾ ഉണ്ടാകണമെന്നുദ്ദേശ്യമുണ്ടായിരുന്നില്ലെങ്കിലും, ഓരോ വിഷയത്തിൽ തന്നെ പ്ര

വത്തിച്ചുകൊണ്ടിരിക്കുന്ന ലോകത്തിലെ പല മഹാന്മാരുടേയും സാന്നിദ്ധ്യത്തിൽനിന്നും വളരെ പഠിച്ചു എന്ന ബോധത്തോടുകൂടിയാണ് ഞങ്ങളെല്ലാവരും തിരിച്ചു പോന്നതു്. സമ്മേളനം ആകർഷണീയമായ വൈദഗ്ദ്ധ്യത്തേയും വിദ്യാഭ്യാസാനുഭവത്തേയും പ്രകടിപ്പിച്ചു. അതു് സന്ദർശകന്മാരെ ആകർഷിച്ചിട്ടുമുണ്ട്.

ലണ്ടൻ കൌണ്ടികൌൺസിലിൻെറയും ഗ്രേററ് ബ്രിട്ടനിലെ വിദ്യാഭ്യാസബോർഡിൻെറയും കാരുണ്യംകൊണ്ടു പല വിദ്യാഭ്യാസസ്ഥാപനങ്ങളും എനിക്കു സന്ദർശിക്കുവാൻ അവകാശം ലഭിച്ചു. ഇംഗ്ലണ്ടിലെ ഭരണാധികാരികൾ എത്ര ഔദാര്യത്തോടുകൂടിയാണ് വിദ്യാലയങ്ങളെ രക്ഷിച്ചുവരുന്നതെന്ന് ആലോചിക്കുമ്പോൾ അവരെ അഭിനന്ദിക്കേണ്ടിയിരിക്കുന്നു. വിദ്യാലയങ്ങൾ ഉണ്ടാക്കുന്നതിനും ഉപകരണങ്ങൾ സംഭരിക്കുന്നതിനും മററുമായി ധനം ധാരാളം ചിലവാക്കിയിട്ടുണ്ട്. ലോകത്തിലുള്ള മഹത്തായ ഭരണസഭകളിൽ ഒന്നായ ലണ്ടൻ കൌണ്ടികൌൺസിലിൻെറ വിദ്യാഭ്യാസഭരണത്തേക്കാൾ ശ്രേഷ്ഠമായ ഒരു മാതൃക സ്വീകരിക്കുന്നതിന് ഇൻഡ്യയിലെ നഗരസഭകൾക്കും ജില്ലകൾക്കും ഇല്ല.

പാശ്ചാത്യദേശത്തിൽ എവിടെ സഞ്ചരിച്ചാലും അവിടത്തെ സമുദായങ്ങൾ വിദ്യാഭ്യാസത്തിൽ പ്രദർശിപ്പിക്കുന്ന താല്പര്യം ആരേയും ആശ്ചര്യപ്പെടുത്തുന്നതാണ്. ആ താല്പര്യം ഇൻഡ്യയിലെപ്പോലെ വ്യക്തിയുടെ സ്വാർത്ഥോദ്ദേശ്യലാഭത്തിനൊ പൊതുജീവിതത്തിൽ പ്രവേശിക്കുന്നതിനൊ ഉള്ള ഒരു മാർഗ്ഗമല്ല, യഥാർത്ഥമായിട്ടുള്ളതാണ്. വിദ്യാഭ്യാസഭരണത്തിൽ കാണുന്ന വേറൊരു വിശേഷത മാനേജുമെൻറിൽനിന്നും, കൂടക്കൂടെ ഉണ്ടാകുന്ന നിസ്സാരമായ ഇടപെടലിൽ നിന്നും ഒരദ്ധ്യാപകൻ അനുഭവിക്കുന്ന സ്വാതന്ത്ര്യമാണ്. ഇൻഡ്യയിൽ നേരെ മറിച്ചാകുന്നു. വിദ്യാഭ്യാസവിദഗ്ദ്ധന് അർഹമായ ശ്രദ്ധയും ബഹുമാനവും ലഭിക്കുന്നു. മററു കാര്യങ്ങൾക്കായി കാര്യക്ഷമതയെ ബലികഴിക്കാറില്ല.

വിദ്യാഭ്യാസത്തിൻെറ എല്ലാ ശാഖകളിലും പുരുഷന്മാരോടൊപ്പം സ്ത്രീകൾക്കും സമത്വം നൽകിയിരിക്കുന്നതാണ് വേറൊരു വിശേഷത. ഉൽകൃഷ്ടവിദ്യാഭ്യാസം പുരുഷന്മാരുടെ അവകാശമാണെന്നു് പണ്ടു വച്ചിരുന്നതു് ഇപ്പോഴില്ല. അനവധി സ്ത്രീകൾ സർവ്വകലാശാലകളിൽ പ്രവേശിച്ചിട്ടുണ്ട്. അതു് യൂറോപ്പിലേക്കാൾ കൂടുതലായി അമേരിക്കയിലാണു കാണുന്നതു്. ബുദ്ധിപരമായ ഡിഗ്രി എല്ലാവരുടേയും ജന്മാവകാശമാകുന്നു. വിദ്യാഭ്യാസം സാമ്പത്തികസ്വാതന്ത്ര്യത്തെ നൽകുന്നതുകൊണ്ടു സ്ത്രീകൾക്കു അതിൻെറ ആവശ്യം സ്പഷ്ടമാകുന്നുണ്ട്. എന്നാൽ മാത്രമെ

രണ്ടു വർഗ്ഗക്കാൎക്കും സമത്വം വേണമെന്നുള്ള വാദങ്ങൾ ഫലപ്രദങ്ങളാകയുള്ളു.

പരിശോധനാസമ്പ്രദായങ്ങളിലും ഗ്രേററ്ബ്രിട്ടൻഇൻഡ്യയേക്കാൾ മുന്നണിയിലാണെന്നു പറയുവാൻ എനിക്കു സന്തോഷമുണ്ടു്. അവിടത്തെ ഇൻസ്പെക്ടർമാർ വെറും കുററം കണ്ടുപിടുത്തക്കാരല്ല. അവരുടെ സന്ദൎശനങ്ങൾ ഹൃദ്യമല്ലാത്ത സന്ദർഭങ്ങളായി വിചാരിക്കാറുമില്ല. അവരെ സഹായികളും നായകന്മാരുമായിട്ടാണു ഗണിച്ചുവരുന്നതു്. അവരുടെ സാന്നിദ്ധ്യം അദ്ധ്യാപകന്മാരുടെ ജോലിക്കു ആശ്വാസം നൽകുന്നതാണ്. "ഒരു സ്കൂളിൽനിന്നും വേറൊന്നിലേയ്ക്കു ഉപയോഗകരമായ ജ്ഞാനവും അനുഭവവും കൊണ്ടുപോകുന്നവരാണ് ഞങ്ങൾ" എന്നാണ് പ്രധാനഇൻസ്പെക്ടറായ സർ ഹെൻറിറിച്ചാർഡ്സ് സംഭാഷണമദ്ധ്യേ വൈററ്ഹാളിൽവച്ചു് എന്നോടു പറഞ്ഞതു്. ഈ ഭാവം ഇൻഡ്യയിലെ ഇൻസ്പെക്ടർമാരിൽ ഉണ്ടോ എന്നു ഞാൻ അത്ഭുതപ്പെടുന്നു.

# പുസ്തകാഭിപ്രായം.

## 1 ചിത്രാഭരണം.

ഗ്രന്ഥകൎത്താവു്:- ഇടപ്പള്ളി പി. കെ. ഗോവിന്ദപ്പിള്ള.

മുദ്രണശാല:- ഐ. എസ്സ്. പ്രസ്സ്, എറണാകുളം.

വില നാലണ

സുകുമാരകലയായ കവിത, കൃഷി കച്ചവടം കൈത്തൊഴിലെന്നീ രൂപത്തിൽ പരിണമിച്ചപ്പോൾ കാലദേശങ്ങളും ആളുംതരവും നോക്കി അതിൽ ജനങ്ങൾ പ്രവൎത്തിച്ചുതുടങ്ങി. അവയിൽനിന്നുണ്ടാകുന്ന ജയാപജയങ്ങളെ ദൈവത്തിൻെറ തലയിൽ താങ്ങിക്കൊടുപ്പാനും എളുപ്പമുണ്ടു്. കാലൻെറ കലവറയിൽ നിക്ഷേപമായി സൂക്ഷിക്കേണ്ട ഈ വക ഉല്പന്നങ്ങൾ യുവഹൃദയങ്ങളിൽ വിതച്ചു് ശ്രമഫലം സമ്പാദിക്കാമെന്നു വിചാരിക്കുന്നെങ്കിൽ അതു സാഹസമാണ്.

നാലു സർഗ്ഗങ്ങളിലായി 131 ശ്ലോകങ്ങളുള്ള ഈ കാവ്യം ഒന്നാം സർഗ്ഗത്തിന്റെ അവസാനത്തിൽ കാണുന്ന 'മാർത്താണ്ഡ, കാർത്ത, സ്വര പ്രാഭവ, ഉൾത്തിറഭൂജംഗജ, വിശാഖ'ങ്ങളേക്കൂടി ഓരോ സർഗ്ഗമായി ചേർത്തു ഒരു മഹാകാവ്യമാക്കിയിരുന്നു എങ്കിൽ മലയാളത്തിൽ ജനിച്ച ജ്യേഷ്ഠസഹോദരങ്ങളോടു ചേർന്നു സൈ്വരസ്വാപം അനുഭവിക്കുമായിരുന്നു.

ഇപ്പോഴുള്ള കവികളിൽ ചിലർ മിസ്റ്റിസിസം എന്നൊന്നു പറഞ്ഞു, "കാവ്യം വായിച്ചിട്ടൊന്നും മനസ്സിലാകുന്നില്ല" എന്ന ദോഷം പരിഹരിക്കാറുണ്ടു്. പ്രകൃതഗ്രന്ഥത്തിൽ മിസ്റ്റിസിസം ഉദ്ധരണികൊണ്ടു പല ദിക്കിലും സാധിച്ചിട്ടുണ്ടു്

'ചന്ദ്രാനന്വയാഭരണമാംശമനാത്മജന്നു്' എന്നുതുടങ്ങിയ ഒരു കവിതയുടെ ഛായയും ഏകപദവും സ്വീകരിച്ചു തുടങ്ങുന്ന 'മിത്രാനന്വയാഭരണമായ ഭരണൈകകർമ്മ'മെന്ന പ്രാരംഭം സാഹസമല്ലെന്നു് ഒരു വിമർശകൻ വിധിച്ചിട്ടുണ്ടു്.

ഒന്നാംസർഗ്ഗം കേരളചരിത്രമാണു്. എല്ലാ പദ്യങ്ങളേയും ഉദ്ധരണികൊണ്ടു വിശേഷിപ്പിച്ചിട്ടില്ലെങ്കിലും ആകെ മുപ്പത്തിഒന്നിലധികം ചിഹ്നങ്ങൾ പ്രയോഗിച്ചിട്ടുണ്ടു്. 26-ാംശ്ലോകത്തിൽ 'താപത്തിലാണ്ടശരണീയജനങ്ങൾക്കു ദീപം തെളിയിക്കുന്ന' ഭാഗം ശരണീയർക്കോ അശരണീയർക്കോ എന്നു മനസ്സിലാകുന്നില്ല. അതുതന്നെയല്ല, താപമുള്ളവനു ദീപത്തേക്കാൾ തണുപ്പു് വല്ലതും കൊടുക്കയല്ലെ നല്ലതു്. അടുത്ത പദ്യത്തിൽ പെരിയോർമഹത്വത്തിനു് ഉദ്ധരണി ഇല്ലാത്തതെന്തെന്നു സംശയിക്കുന്നു. ഒരു പുള്ളിയല്ലെ ഇതിലധികം കിടന്നു കളിക്കുന്നതു്.

"ഏകംസഹസ്രത്തൊടുരമകന്നറി
ന്നേകംകരഞ്ഞ്വപരിഷെകളിരേ"

തൊണ്ണൂററൊൻപതു കർക്കടകമെന്നു പറയാൻ ശിരോവേഷ്ടപ്രണായാമം ചെയ്യുന്നതു നോക്കുക. 'പരിഷെകളിരേ' ഈ വിഭക്തിപ്പൊരുത്തം തൊകലകവിയെ സ്മരിപ്പിക്കുന്നു.

കാവ്യജീവൻ തികഞ്ഞ പദ്യങ്ങൾ കണ്ടെത്തുവാൻ വിഷമിക്കുന്ന ഈ ഗ്രന്ഥത്തിൽനിന്നു് ഓരോന്നെടുത്തു ചിന്തിക്കുന്നതുതന്നെ അനുചിതമെന്നു സംശയിക്കുന്നു. എങ്കിലും ഈ ഗ്രന്ഥത്തിനു് ഒരു നല്ല വശമുണ്ടു്. വൃദ്ധന്മാരോടു് ഒതുങ്ങിയിരിക്കാൻ പറഞ്ഞു യുവാക്കന്മാർ സംഗ്രാമാങ്കണത്തിൽ ഇറങ്ങിയിരിക്കുന്ന കാലമാണിതു്. അന്നു നമുക്കു് ഒരു യുവകേസരിയുടെ ഭരണത്തിൽ പെടുവാനുള്ള ഭാഗ്യം സിദ്ധിച്ചപ്പോൾ നമ്മുടെ ചേ

തോവികാരം പല കൈവഴികളായി് പ്രസരിക്കുന്നു. അവയിൽ ഒന്നാണ് ഈ കാവ്യം എന്നുള്ളതു സ്തുത്യർഹം തന്നെ. ആ തിരുമേനിയുടെ അനുനയനത്തിൽ അനുസരണബുദ്ധി ജനങ്ങൾക്കുണ്ടാകുവാൻ ഈ ഗ്രന്ഥം മാർഗ്ഗദർശകമാകണമെ എന്നു ഞങ്ങൾ അഭ്യർത്ഥിക്കുന്നു.

## 2. 'ഭവാനി' അഥവാ 'അന്നപൂർണ്ണേശ്വരി'

ഗ്രന്ഥകർത്താവു്:- വെൺമണി്യയസ്സ് ലക്ഷ്മണൻ നമ്പൂരിപ്പാട്ട്.

മുദ്രണശാല;- കേരളവിലാസം അച്ചുക്കൂടം, തൃശ്ശിവപേരൂർ.

വില നാലണ.

വെളുപ്പൊ കറുപ്പൊ സൌന്ദര്യത്തിനു നിദാനം എന്ന ചോദ്യം പലപ്പോഴും ഉത്തരം പറവാൻ വിഷമിപ്പിക്കുന്നു. കാവ്യത്തിനു സംസ്കൃതവൃത്തമൊ ദ്രാവിഡവൃത്തമൊ നല്ലതു് എന്നുള്ളതു ഇതുപോലുള്ള ഒരു പ്രശ്നമാണ്. പ്രകൃതിയിൽ കാണുന്ന സത്യസൌന്ദര്യത്തെ കലാകുശലികൾ അങ്ങിനെതന്നെ പകൎത്തുന്നുണ്ടെങ്കിലും അവയുടെ ജീവസ്ഫുരണശക്തിയുടെ ന്യൂനാധികഭാവത്തെ ആശ്രയിച്ചു മാത്രമെ അനുമോദനാർഹങ്ങളാകുന്നുള്ളു.

പ്രകൃതഗ്രന്ഥം 150 പദ്യങ്ങളടങ്ങിയ ഒരു ചെറുകഥയാണ്: അതിനു കഥാബന്ധംകൊണ്ടു് ഒരു വൈചിത്ര്യവും വരുത്തിക്കാണിക്കുന്നില്ല കഥാവസ്തു പ്രതിപാദനരീതികൊണ്ടു സങ്കല്പിതമല്ലെന്നു തെളിയിക്കുന്നുണ്ടു്. എന്നാൽ ചരിത്രത്തോടു സംഘടിപ്പിച്ച രീതി സജീവമായോ എന്നു സംശയിക്കുന്നു. ഉപദേശരൂപത്തിൽ ആദരണീയമായ ഒരു സ്ഥാനം ഗ്രന്ഥം അർഹിക്കുന്നു. വാഗ്ഗുംഭനങ്ങൾ ശ്രവണകടുവല്ലാതേയും ശബ്ദങ്ങൾ തേടിപ്പിടിച്ചവയല്ലാതേയും ഇരിക്കുന്നതുകൊണ്ടു് ഒഴുക്കുണ്ടെന്നു ആരും സമ്മതിക്കും. ദ്വിതീയാക്ഷരപ്രാസത്തിനു വേണ്ടി ചിലപ്പോൾ കവി മൎക്കടമുഷ്ടി പിടിക്കാറുണ്ടു്. 'ബതത്യജിക്കുന്നതു് യുക്തമാകുമോ' 'ബതത്യജിക്കൽ' പരിത്യജിക്കുന്നതു് നന്നായിരിക്കുമെന്നു തോന്നുന്നു. 'സന്മതിന്നേരാനനയെ' ഇവിടെ പദം വലിച്ചുനീട്ടുന്ന ഛായ തോന്നിപ്പോകുന്നു. ശുഭഭാവിയെ ദീർഘദർശനം ചെയ്യുന്ന ഈ കവിത ഗ്രന്ഥകർത്താവിൻെറ സ്ഥിരശ്രമത്തിനു നിദാനമായി ഭവിക്കട്ടെ.

## 3. സാഹിത്യതാരാവലി.

(ഒന്നാംഭാഗം)

ഗ്രന്ഥകർത്താവ്:- വിദ്വാൻ കെ. വേലുപ്പിള്ള.

മുദ്രണശാല:- എൻ. പി. ഹൗസ്, തിരുവല്ല.

വില ആറണ.

എട്ടു ചെറുകൃതികളടങ്ങിയ ഈ ഗ്രന്ഥം കാവ്യത്തിനു വേണ്ട ഗുണങ്ങളെ സമഗ്രമായി പ്രദർശിപ്പിച്ചിട്ടുണ്ട്. ഹൃദയത്തെ സ്പർശിക്കാൻ ശക്തിയില്ലാത്ത ചില വേഷധാരികൾ കവിത എന്ന പേരുമെടുത്ത് മനോമണ്ഡലത്തിൽ കളിയാടേണ്ടി വരുമ്പോൾ വായനക്കാർക്ക് അരോചകം പററുന്നതിൽ അത്ഭുതപ്പെടുവാനൊന്നുമില്ല. പ്രകൃതഗ്രന്ഥത്തിലെ ഓരോ കാവ്യവും വായനക്കാരുടെ സദ്വികാരത്തെ ഉണർത്തുന്നുണ്ട്. പ്രതിപാദിതവിഷയങ്ങളിൽ ഓരോന്നും കവിയുടെ ഹൃദയത്തെ വികാരസ്പുരണംകൊണ്ട് സദാ പരിപൂതമാക്കുന്നതായി സാക്ഷ്യം വഹിക്കുന്നു. ഒരു വികാരവും ദീർഘനേരത്തേയ്ക്കു് ഒരുവനിൽ സ്ഥായിയായിരിപ്പാനിടയില്ല. അതുതന്നെയാണ് ഖണ്ഡകൃതികൾക്കുള്ള ജീവൻ.

പരിചിതങ്ങളായ വസ്തുക്കളെ പ്രതിപാദിച്ച് വായനക്കാർക്കു പുതിയ വീക്ഷണകോണം ഉണ്ടാക്കുന്നതു് കാവ്യത്തിന്റെ കല്പനാശക്തിയെ തെളിയിക്കുന്നു. എന്നാൽ രസത്തിനു് ഒരിക്കലും ഭംഗം വരാതിരിക്കയും ചെയ്യുന്നുണ്ട്. അക്ലിഷ്ടവും ധാരാവാഹിയുമായ പദപ്രയോഗം അർത്ഥചിന്ത കൂടാതെതന്നെ ഒരുവനെ പാരായണകുതുകിയാക്കിത്തീർക്കുന്നു. ഈ ചെറുകൃതിയ്ക്കു് സഹൃദയാദരബഹുമാനം സുലഭമെന്നുള്ളതു നിശ്ചയംതന്നെ. ഈ ഗ്രന്ഥത്തിനു സകലവിധ ശ്രേയസ്സും ഞങ്ങൾ പ്രാർത്ഥിച്ചുകൊള്ളുന്നു.

4 റിപ്പോട്ട്.

സമസ്തകേരളസാഹിത്യപരിഷത്ത്, ദ്വിതീയസമ്മേളനം,
തൃശ്ശിവപേരൂർ.

—:*:—

കൊച്ചി മലയാളഭാഷാപരിഷ്കരണകമ്മിററിയിൽ നിന്നു
പ്രസിദ്ധപ്പെടുത്തുന്നത്.

——:*:——

പ്രസാധകൻ:- രാമവർമ്മഅപ്പൻതമ്പുരാൻ തിരുമനസ്സുകൊണ്ട്, തൃശ്ശിവപേരൂർ.

വില 2 രു. 8 ണ.

കേരളത്തിലെ പണ്ഡിതകേസരികളും കവിസാർവ്വഭൌമരും ഒന്നിച്ചുചേൎന്നു സമ്മേളിച്ച ഒരു പരിഷത്തിൽ നടന്ന സംഭവങ്ങളെ അങ്ങിനെ തന്നെ പ്രദൎശിപ്പിക്കുന്ന ഒരു ഗ്രന്ഥമാണ് പ്രസ്തുതറിപ്പോർട്ട്. മുൻപും പിൻപും നടന്ന സമ്മേളനത്തെ അപേക്ഷിച്ച് ദ്വിതീയസമ്മേളനം അദ്വിതീയമെന്നതു സർവ്വവിദിതമാണ്. അതിൻെറ ഭരണം കയ്യേററിരുന്ന പ്രതിഭയുടേയും നിസ്വാൎത്ഥതയുടേയും ശക്തി പോരാ എങ്കിൽ കൈരളിയോടുള്ള അകളങ്കിതപ്രേമത്തിൻെറയും അപ്രതിരോധിതമായ പ്രവാഹം അതിനെ ഗുണവിശിഷ്ടമാക്കിത്തീൎത്തു. അക്കാലത്തു തന്നെ അതിൻെറ പല വിഭാഗങ്ങളും പത്രപംക്തികളിൽ കാണ്മാനിടവന്നിട്ടുണ്ട്. എന്നാൽ ആരുടെ ശ്രമംകൊണ്ടു പരിഷത്ത് ശുഭപരിണതിയെ പ്രാപിച്ചോ ആ തിരുമേനിയുടെ ശ്രദ്ധാനതയോടെ ചെയ്ത പ്രസാധനം ആലങ്കാരികഭാഷയിൽ 'തങ്കത്തിനു സുഗന്ധം ഉളവാക്കി' എന്നോമററോ പറയേണ്ടിയിരിക്കുന്നു. മാസികകളിലും പത്രങ്ങളിലുമുള്ള ലേഖനങ്ങൾ ജനതാമദ്ധ്യത്തിൽ സ്ഥിരപ്രതിഷ്ഠയ്ക്കു സംഗതിയാകാറില്ലാത്തതുകൊണ്ടും റിപ്പോർട്ടിൻെറ വില ദുർവ്വഹമെന്നു തോന്നുവാനിടയുള്ളതുകൊണ്ടും ചെറിയ പുസ്തകരൂപത്തിൽ പ്രസിദ്ധീകരിക്കുന്നത് ഒരു അനുഗ്രഹമായിരിക്കുമെന്നു ഞങ്ങൾക്കഭിപ്രായമുണ്ട്.

റിപ്പോർട്ടിൽ കാണുന്ന എല്ലാ വിഷയങ്ങളും അന്നവിടെ പ്രദൎശിപ്പിച്ചവയല്ലെങ്കിലും അതിനായി അവിടത്തോളം എത്തിയിരുന്നവയാണ്. പദ്യപ്രബന്ധങ്ങൾ അന്നു വായിച്ചു കേട്ടപ്പോൾ ഉണ്ടായ സുഖം ഇന്നു വായിക്കുമ്പോൾ ഇല്ലാത്തവയെന്നും നേരെ മറിച്ചുള്ളവയെന്നും രണ്ടിനമാക്കി വിഭജിക്കാം. ഒന്നാംദിവസത്തെ അന്ത്യമായ 'കൈരളീസ്തോത്രം' ഒ

നാമിനത്തിൽ പെട്ടതാണ്. 'സുഖം, സുഖം' രണ്ടാമിനത്തിനും ഉദാഹരണമാണ്. കേട്ടപ്പോഴും കണ്ടപ്പോഴും ഒരേ ഭാവംതന്നെ ഉളവാക്കുന്ന പദ്യഗദ്യപ്രബന്ധങ്ങൾ രസശൂന്യങ്ങളെന്നും രസനിഷ്യന്ദികളെന്നും തരംതിരിക്കാം. 'പ്രസ്ഥാനസുധാലഹരി' വളരെ ശ്രദ്ധിച്ചു വായിച്ചിട്ടും 'ലഹരി' യുണ്ടാകുന്നില്ലെന്നു തന്നെയല്ല 'സുധയുടെ' മധുരവും അനുഭവിക്കുന്നില്ല. 'പ്രസ്ഥാനം' മനസ്സിലാകാത്തതുമായി. 'ഗ്രന്ഥനിർമ്മാണം' എന്ന ഉപന്യാസം നടന്ന വഴിക്ക് ഒരു അളവു കാണുന്നില്ല. അതുതന്നെയല്ല, അതിൽ രമണീയമായ ഒരു പദാൎത്ഥവും കണ്ടെത്തുവാനും വിഷമമാണ്.

"പ്രസാധനം, മുദ്രണം, പ്രചാരണം;" "കേരളചരിത്രസാമഗ്രികൾ;" "വിമർശനങ്ങൾ;" എന്നിവ ഫലിതഗൗരവസാരങ്ങളെക്കൊണ്ടു അഗ്ര്യസ്ഥാനത്തെ അലങ്കരിക്കുന്നുണ്ട്. "ചെറുകഥകൾ" ഗദ്യകാവ്യമെന്നു പേരിട്ടില്ലെങ്കിലും സഹൃദയന്മാർ അതിനെ അങ്ങിനെ പേർ പറഞ്ഞുകൊള്ളും. അദ്ധ്യക്ഷപ്രസംഗങ്ങളും ഭക്ത്യാദരങ്ങൾക്കു വിഷയീഭൂതങ്ങളത്രെ. "പിന്നത്തെ വസന്തം" "സുഖം സുഖം" "ആസ്ധ്യമകന്ന തയ്യലാൾ" "ഒരു സന്ധ്യയുടെ രണ്ടു ചിത്രങ്ങൾ" ഇവ പദ്യപ്രബന്ധങ്ങളിൽ ഉത്തമസ്ഥാനത്തെ അർഹിക്കുന്നുണ്ട്. പ്രബന്ധങ്ങളെല്ലാം ഒരു വിദഗ്ദ്ധബോർഡിൻെറ പരിശോധനയ്ക്കു ശേഷം പ്രദർശനയോഗ്യങ്ങളാക്കാമായിരുന്നെങ്കിലും അതിഥികൾ ഭിന്നമര്യാദയുള്ളവരായിരുന്നാൽ തന്നെ അവരെ ഇണക്കിക്കൊള്ളേണ്ട ഭാരം വീട്ടുകാരനുണ്ടെന്നു ഞങ്ങൾ വിസ്മരിക്കുന്നില്ല. കൊല്ലംതോറും ഇങ്ങനെ ഒരു സമ്പാദ്യം ഭാഷാകുടുംബത്തിൽ അഭിലഷണീയവും പ്രാർത്ഥനീയവുമെന്നതിന് സംശയമില്ല.

# കുറിപ്പ്.

## അദ്ധ്യാപകന്മാരും പരസ്പരസഹായസംഘങ്ങളും.

ഭാവിപൗരന്മാരായി അനിശ്ചിതജീവിതതരണം ചെയ്യേണ്ടവരായ ശിശുശിക്ഷണം കയ്യേററിരിക്കുന്നവരാണ് അദ്ധ്യാപകന്മാർ. മുതലാളിമാരുടെ ധനതൃഷ്ണയ്ക്കു് അടിമപ്പെടാതെ ചെറിയ മൂലധനംകൊണ്ടു വലിയ കാൎയ്യങ്ങൾ സാധിക്കുന്നതിനും പരസ്പരവിശ്വാസത്തെയും സഹകരണത്തെയും വൎദ്ധിപ്പിക്കുന്നതിനും അവധാനതയോടെ സ്ഥാപിതമായ ഒരു ഏൎപ്പാടാണ് സഹകരണസംഘങ്ങൾ. എന്നാൽ മുൻപറഞ്ഞ രണ്ടും കൂടി ഒന്നിച്ചുചേൎന്ന് ഇന്നു കാട്ടിക്കൂട്ടുന്ന പൈശാചികനടനം അത്യന്തം ഭീകരമായ പ്രശ്നമായിത്തീൎന്നിട്ടുണ്ടു്.

എവിടെയെല്ലാം സഹകരണസംഘങ്ങളുണ്ടോ അവിടെയെല്ലാം അദ്ധ്യാപകന്മാർ സെക്രട്ടറിമാരായും പ്രസിഡൻറന്മാരായും കാണപ്പെടുന്നു. സജാതീയാധിപത്യം കൊണ്ടോ, മുമ്പിൽ ഇരിക്കുന്ന പണക്കിഴി കണ്ടോ അനവധി അദ്ധ്യാപകന്മാർ അവയിൽ അംഗങ്ങളുമായിട്ടുണ്ടു്. അല്പശമ്പളക്കാരായി അൎദ്ധപട്ടിണികളായി കഴിഞ്ഞുകൂടിയിരുന്ന അദ്ധ്യാപകന്മാർ ഓഹരിയ്ക്കും കടംവായ്പയ്ക്കും ഒന്നിച്ചു് അപേക്ഷകൊടുക്കും. വായ്പ അനുവദിപ്പിച്ചു് ഓഹരിത്തുക തട്ടിക്കഴിച്ചു ബാക്കിയുള്ളതു തന്നാൽ മതിയെന്നു് പ്രസിഡണ്ടിനോടൊ സെക്രട്ടറിയോടൊ സ്വകാൎയ്യമായി ഏൎപ്പാടും ചെയ്തിരിക്കും. അവർ സജാതീയരുമാണല്ലോ. കടപ്പത്രം എഴുതിക്കൊടുക്കുമ്പോൾ ഭാവി എന്തെന്നുപോലും ചിന്തിക്കാതെ, "തവണ അടയ്ക്കാതെ മുടക്കം വരുത്തിയാൽ ശമ്പളം മുഴുവനും പിടിച്ചു് ഈടാക്കുവാൻ" വ്യവസ്ഥയും ചെയ്യും. കടം എടുത്തവനും മററു രണ്ടു ജാമ്യക്കാരും ഋണബാധിതർ തന്നെ. ആദായംകൊണ്ടു ചിലവിനു മതിയാകാതിരിക്കുന്നവൻ ചിലവഴിക്കാനായി തന്നെ—അതുതന്നെ ഒട്ടുമുക്കാലും അനാവശ്യങ്ങൾക്കു—കടംവാങ്ങുന്നതായാൽ അതു വീട്ടാത്തതിൽ അത്ഭുതപ്പെടുവാനില്ല. കടത്തിൻെറ കണക്കു നോക്കുന്ന അവസരത്തിൽ സഹകരണസംഘത്തിൽ കൊടുക്കുവാനുള്ളതു്, കടമായി ഗണിക്കാത്തതു അത്ഭുതാവഹവുമാണ്. അൻപതു രൂപയോളം പലൎക്കായി കൊടുക്കാനുള്ളതിനെല്ലാം ശമ്പളം കിട്ടുമ്പോൾ തരാമെന്നു വാക്കുപറയുന്ന പതിനഞ്ചു രൂപാക്കാരൻ ശമ്പളം വാങ്ങുന്ന അന്നു് വല്ലവിധവും ഒളിച്ചുകളിച്ചു് പിറേറന്നു ഉത്തമൎണ്ണനോടു് അതു ചിട്ടിക്കാരനു കൊ

ടുത്തുപോയി എന്നൊരു വ്യാജം പറയുന്നതു് അതിശയോക്തിപ്രസംഗമെന്നാരും തെററിദ്ധരിക്കരുതു്.

ഇങ്ങിനെയുള്ളവർ പണപ്പുമതലയുള്ള ഉദ്യോഗം വഹിച്ചു് സഹകരണസംഘം നാമാവശേഷമാക്കിയതിനും റേണ്ട തെളിവുകളുണ്ടു്. ഒട്ടുവളരെപേർ അത്ര്യാവശ്യമില്ലാത്ത കാര്യത്തിനു കടംവാങ്ങി അധഃപതിച്ചിട്ടുണ്ടു്. ശമ്പളത്തുക മുഴുവനും ജപ്തിയിൽ പെട്ടു കിടക്കുന്ന അദ്ധ്യാപകന്മാരും കുറവല്ല. അവയിൽ അധികവും സഹകരണസംഘം വക കടത്തിനാണുതാനും.

പാഠശാലകളിലെ അദ്ധ്യയനസമ്പ്രദായത്തിനുതന്നെ മാന്ദ്യം ഭവിച്ചിരിക്കുന്നു. അതിനു പല കാരണങ്ങളുമുണ്ടു്. ഋണബാധകൊണ്ടുള്ള തലതിരിച്ചിലിനു പുറമെ ശമ്പളം മുഴുവനും ജപ്തിചെയ്തു പോകുന്നതിനാൽ പട്ടിണികൊണ്ടുള്ള തലതിരിച്ചിലും അസംഭാവ്യമല്ല. അദ്ധ്യാപകവൃത്തിയെ മലിനപ്പെടുത്തുന്ന ദൂഷകതാബീജങ്ങളിൽ ഇതിന്നു് അശേഷവും ബലക്കുറവില്ല.

മി: അയ്യങ്കാർ വിദ്യാഭ്യാസഡയറക്ടർ ആയിരുന്ന കാലത്തു് അദ്ധ്യാപകന്മാരുടെ കോപ്പറേറീവ് ഉദ്യോഗങ്ങളോടു പോരാടുവാൻ ആലോചിച്ചിരുന്നു. സായ്യവർകളുടെ പ്രതിഭയിൽ ആ കാര്യം നിഴലിച്ചിട്ടുണ്ടെന്നുതന്നെ തോന്നുന്നില്ല. ശേഷംപേർ നമ്പൂരിയുടെ വളയത്തിൽ ചാട്ടംപോലെ ഒന്നുമൊന്നും കൂടാതെ കാലംകഴിപ്പാൻ ഇഛിക്കുന്നപോലെയും തോന്നുന്നു.

അദ്ധ്യാപകന്മാർ എന്നു പൊതുവെ പറഞ്ഞതുകൊണ്ടു് ഈ ദോഷം ബാധിക്കാത്തവരെ കൂടി ഇതിൽ ഉൾപ്പെടുത്തുന്നതായി ആരും സംശയിക്കരുതു്. മാന്യരും, സന്മാർഗ്ഗികളും, കർത്തവ്യനിരതരുമായ അദ്ധ്യാപകന്മാർ ധാരാളമുണ്ടെങ്കിലും മേല്പറഞ്ഞ കൂട്ടരുടെ സംഖ്യ ദിനംപ്രതി വർദ്ധിച്ചുവരുന്നതുകൊണ്ടു് അദ്ധ്യാപകലോകംതന്നെ പരിഹാസ്യരാകുന്നതാണു്.

കോപ്പറേറീവ് റജിസ്ട്രാരും വിദ്യാഭ്യാസഡയറക്ടരും (ചീഫ് ഇൻസ്പെക്ടർ ആയാലുംമതി) കൂടി ആലോചിച്ചു് ഒരന്വേഷണം നടത്തി വേണ്ട പരിഹാരം ഉടനെ ചെയ്തില്ലെങ്കിൽ പരിപാവനമായ രണ്ടു സ്ഥാപനങ്ങളെയും മലിനപ്പെടുത്തിയ പാപം അവരേയും ബാധിക്കുന്നതാണു്.